34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 11, 2026 Vol. XXXIV No. 19



SUNNY FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



Tom Sunny, CFP®, CLU®, RICP®

Financial Planner & Wealth Advisor

Expert Guidance Through Life's Financial Transitions

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- 401(k) & IRA Investment Optimization
- Risk Management & Insurance
- Business & Employee Benefits
- Retirement Income Strategy
- Estate Planning & Trusts
- Tax Planning Strategies
- Social Security & Medicare

Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability

Let's Plan Your Brighter Financial Future

847-414-9116 tom@sunnyfinancial.com

SunnyFinancial.com

SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com

Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

Free Electronic Filling



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഇടതിന് രാജ്യസഭയിലേക്ക് എത്താനാകില്ല

6 ഇന്ത്യയിൽ സ്ത്രീകൾ സുരക്ഷിതരല്ലെന്ന് …

14 അഡ്വ. വി.എസ്. ജോയിയുടെ വിജയം

20 ഈ ടിപ്സ് അറിഞ്ഞാൽ തോല്പിക്കാനാവില്ല

25 ക്ലിഫ്ഹൗസ് എനിക്കു തരൂ പ്ലീസ്




ചെന്നൈയിൽ സെക്രട്ടേറിയറ്റിലെത്തി അധികാരമേറ്റ ശേഷം ജോസഫ് വിജയ് ആദ്യ ഉത്തരവിൽ ഒപ്പുവെക്കുന്നു.

## തമിഴ്നാട് മുഖ്യമന്ത്രിയായി വിജയ് അധികാരമേറ്റു

ചെന്നൈ: തമിഴ്നാട്ടിൽ സംശുദ്ധ ഭരണത്തിന്റെ പുതുയുഗപ്രതീക്ഷ നൽകി തമിഴക വെട്രി കഴകം (ടി.വി.കെ) നേതാവ് സി. ജോസഫ് വിജയ് മെയ് പത്തിന് ഞായറാഴ്ച നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയായി ചുമതലയേറ്റു. 'സി. ജോസഫ് വിജയ് എന്ന നാൻ' - ഉറച്ച ശബ്ദത്തിലുള്ള ആദ്യവരിക്കു തന്നെ സദസ്സിൽ ആരവം. പിന്നീടുള്ള ഓരോ വാക്കിനും നിർത്താതെ കയ്യടി. തമിഴ്നാട് മുഖ്യമന്ത്രിയായി അധികാരമേറ്റുള്ള സത്യപ്രതിജ്ഞ മനഃപാഠമാക്കി എവിടെയും നോക്കാതെ വികാരഭരിതമായി ടിവികെ നേതാവ് വിജയ് പൂർത്തിയാക്കിയപ്പോൾ ഒരു സൂപ്പർഹിറ്റ് സിനിമ കണ്ട പ്രതീതി. അതിവൈകാരികമായി അംഗവിക്ഷേപങ്ങളോടെ സത്യപ്രതിജ്ഞാ വാചകങ്ങൾ ചൊല്ലിയപ്പോൾ ഗവർണർ ഇടപെട്ടു നടപടിക്രമം പാലിക്കാൻ ആവശ്യപ്പെട്ടു. തുടർന്നു രണ്ടാമത്തെ സത്യവാചകം നോക്കി വായിച്ചാണ് ദൈവനാമത്തിലുള്ള പ്രതിജ്ഞ പൂർത്തിയാക്കിയത്.

സുതാര്യഭരണം വാഗ്ദാനം ചെയ്ത വിജയ്, സംസ്ഥാനത്തിന്റെ തകർന്ന സാമ്പത്തികസ്ഥിതിയെപ്പറ്റി ധവളപത്രം പുറപ്പെടുവിക്കുമെന്നും പ്രഖ്യാപിച്ചു. പൊതുധനത്തിൽനിന്ന് ഒരു പൈസപോലും താൻ എടുക്കില്ലെന്നും തനിക്ക് അതിന്റെ ആവശ്യമില്ലെന്നും വിജയ് പ്രഖ്യാപിച്ചു. "ഞാനൊരു ദൈവദൂതനല്ല. വ്യാജവാഗ്ദാനങ്ങൾ നൽകി ഞാൻ നിങ്ങളെ വഞ്ചിക്കില്ല. ഞാൻ നിങ്ങളെപ്പോലൊരു സാധാരണക്കാരനാണ്. ദാരിദ്ര്യത്തിന്റെയും വിശപ്പിന്റെയും വില എനിക്കുമറിയാം. ജനക്ഷേമം മാത്രമാണു ലക്ഷ്യം. ഞാനോ എന്റെ സർക്കാരിലുള്ളവരോ അബദ്ധങ്ങൾ കാട്ടില്ല. ആർക്കെങ്കിലും അത്തരം ചിന്തകളുണ്ടെങ്കിൽ മനസിൽനിന്നു മായ്ച്ച് കളഞ്ഞേക്കുക" - വിജയ് പറഞ്ഞു. ആരെയും രഹസ്യമായി കാണില്ല. അടച്ചിട്ട മുറിയിലായിരിക്കില്ല പ്രവർത്തനം. ഖജനാവ് ശൂന്യമാണെന്നും ഡിഎംകെ സർക്കാർ അവശേഷിപ്പിച്ചത് 10 ലക്ഷം കോടി രൂപയുടെ കടമാണെന്നും പുതിയ മുഖ്യമന്ത്രി ആരോപിച്ചു. (ശേഷം 34-ാം പേജിൽ)

## മുഖ്യമന്ത്രി പ്രഖ്യാപനത്തിൽ അനിശ്ചിതത്വം തുടരുന്നു

തിരുവനന്തപുരം/കോട്ടയം: കേരള മുഖ്യമന്ത്രിയെ കണ്ടെത്തുന്ന കാര്യത്തിൽ കോൺഗ്രസിൽ അനിശ്ചിതത്വം തുടരുന്നു. സംസ്ഥാന കോൺഗ്രസിലെ പോര് അടങ്ങിയശേഷം പ്രഖ്യാ



പനം മതിയെന്ന നിലപാടിലാണ് ഹൈക്കമാൻഡ്. അതേസമയം മത്സരത്തിൽ നിന്ന് പിന്മാറാൻ തയ്യാറല്ലെന്ന നിലപാടിലാണ് മൂന്നു നേതാക്കളും.

മുഖ്യമന്ത്രിയുടെ കാര്യത്തിൽ തീരുമാനം നീളുമ്പോഴും വലിയ പ്രതീക്ഷയിൽ തന്നെയാണ് മൂന്നു നേതാക്കളും. കെ.സി. വേണുഗോപാൽ തന്നെയാകും മുഖ്യമന്ത്രിയെന്നാണ് ആ ഗ്രൂപ്പിന്റെ കണക്കുകൂട്ടൽ. എഐസിസി കൂടുതൽ സമയമെടുക്കുന്നതിലാണ് സതീശൻ പക്ഷത്തിന്റെയും രമേശ് പക്ഷത്തിന്റെയും ആത്മവിശ്വാസം.

മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ ചർച്ചകൾ കഴിഞ്ഞെന്ന് രമേശ് ചെന്നിത്തല അറിയിച്ചു. ഹൈക്കമാൻഡുമായി എല്ലാം സംസാരിച്ചു. പാർട്ടി യുക്തമായ തീരുമാനമെടുക്കും. അത് എല്ലാവരും അംഗീകരിക്കും. ന്യൂഡൽഹിയിൽ നിന്നും തിരിച്ചെത്തിയശേഷം തിരുവനന്തപുരം വിമാനത്താവളത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ചെന്നിത്തല. ഒരാഴ്ചയായിട്ടും മുഖ്യമന്ത്രിയെ പ്രഖ്യാപിക്കാൻ കഴിയാത്ത (ശേഷം 34-ാം പേജിൽ)

## പശ്ചിമേഷ്യയിലെ സംഘർഷം; ഇന്ധനച്ചെലവ് കുറയ്ക്കണമെന്ന് മോദി



ഹൈദരാബാദ്: പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ ഇന്ധനച്ചെലവ് കുറയ്ക്കണമെന്ന നിർദേശവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനങ്ങൾ പെട്രോളും ഡീസലും വിവേകപൂർവം ഉപയോഗിക്കണം. ഇന്ധനച്ചെലവ് കുറയ്ക്കാൻ ഇതു സഹായിക്കും. ഇലക്ട്രിക് വാഹനങ്ങൾ ഉള്ളവർ പരമാവധി അത് ഉപയോഗിക്കണം. നമ്മുടെ വിദേശനാണ്യത്തെ സംരക്ഷിക്കാനായി ഒരു വർഷത്തേക്ക് സ്വർണം വാങ്ങരുതെന്നും സെക്കന്തരാബാദിൽ ബിജെപി റാലിയെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

ദേശീയതാത്പര്യം മുൻനിർത്തി വർക്ക് ഫ്രം ഹോം, ഓൺലൈൻ കോൺഫറൻസ്, വെർച്വൽ മീറ്റിംഗ് എന്നിവ വീണ്ടും തുടങ്ങണം. (ശേഷം 34-ാം പേജിൽ)

## കെപിസിസി: അവകാശവാദവുമായി കൊടിക്കുന്നിൽ സുരേഷ്

ന്യൂഡൽഹി: കേരളത്തിലെ പുതിയ സർക്കാർ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നതിനിടെ, കെപിസിസി അദ്ധ്യക്ഷ സ്ഥാനത്തിനായി അവകാശവാദമുന്നയിച്ച് കൊടിക്കുന്നിൽ സുരേഷ് എംപി രംഗത്തെത്തി. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായി ഡൽഹിയിൽ നിർണായക കൂടിക്കാഴ്ച നടത്തി.



മുതിർന്ന നേതാവായ തനിക്ക് അദ്ധ്യക്ഷസ്ഥാനത്തിന് അർഹതയുണ്ടെന്നും എന്നാൽ, പലതവണ മാറ്റിനിർത്തപ്പെട്ടതായും അദ്ദേഹം ഖാർഗെയെ അറിയിച്ചു. തന്റെ സീനിയോറിറ്റി പരിഗണിക്കണമെന്നും അർഹമായ പദവി നല്കണമെന്നുമാണ് അദ്ദേഹത്തിന്റെ ആവശ്യം.

നിയമസഭാ തെരഞ്ഞെടുപ്പിൽ സംവരണ മണ്ഡലങ്ങളിൽ കോൺഗ്രസ് നേടിയ മികച്ച വിജയം കൊടിക്കുന്നിൽ സുരേഷ് പാർട്ടി അദ്ധ്യക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തി. ഏകദേശം ഒരു മണിക്കൂറോളം നീണ്ട കൂടിക്കാഴ്ചയിൽ തന്റെ ഭാഗം അദ്ദേഹം ശക്തമായി വാദിച്ചു. കൊടിക്കുന്നിൽ സുരേഷിനെ കൂടാതെ ആന്റോ ആന്റണി, ബെന്നി ബെഹനാൻ തുടങ്ങിയവരുടെ പേരുകളും അദ്ധ്യക്ഷ സ്ഥാനത്തേക്ക് ഉയർന്നു കേൾക്കുന്നുണ്ട്. (ശേഷം 34-ാം പേജിൽ)

# വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കണമെന്ന ഹർജി കേന്ദ്രത്തിനു വിട്ട് സുപ്രീംകോടതി

ന്യൂഡൽഹി: 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മതപരമോ അല്ലാത്തതോ ആയ വിദ്യാഭ്യാസം നല്കുന്ന രാജ്യത്തെ എല്ലാ സ്ഥാപനങ്ങളെയും നിയന്ത്രിക്കണമെന്ന പൊതുതാല്പര്യ ഹർജിയിൽ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ സുപ്രീംകോടതി നിർദ്ദേശം. അഭിഭാഷ

കനായ അശ്വിനികുമാർ ഉപാധ്യായ സമർപ്പിച്ച ഹർജി പരിഗണിക്കവേയാണ് കോടതി നിലപാട് സ്വീകരിച്ചത്. ജസ്റ്റിസുമാരായ ദീപാങ്കർ ദത്ത, സതീഷ് ചന്ദ്ര ശർമ്മ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി തീർപ്പാക്കിയത്. ഹർജിക്കാരൻ ഫെബ്രുവരി 4-ന് നല്കിയ നിവേദനം കേന്ദ്രസർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്നും കോടതി ഉത്തരവിട്ടു.

ഹർജിയിൽ വാദം തുടരാൻ ഹർജിക്കാരൻ ശ്രമിച്ചപ്പോൾ തങ്ങൾ അല്പം പരമ്പരാഗതമായ രീതി പിന്തുടരുന്ന ജഡ്ജിമാരാണെന്നും എടുത്തുചാടി തീരുമാനങ്ങൾ എടുക്കില്ലെന്നും ബെഞ്ച് വ്യക്തമാക്കി. നീതി എന്നത് ഒരു ഏകപക്ഷീയമായ വഴിയല്ലെന്നും അതിൽ ഭരണകൂടത്തിനും വ്യക്തമായ പങ്കുണ്ട് എന്നും കോടതി നിരീക്ഷിച്ചു.

ഭരണഘടനയുടെ 21എ, 39(എഫ്), 45, 51എ എന്നീ അനുച്ഛേദങ്ങളുടെ അന്തസ്സത്ത ഉൾക്കൊണ്ട് 14 വയസ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുകയും നിരീക്ഷിക്കുകയും വേണം. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങൾ നല്കുന്ന ആർട്ടിക്കിൾ 30, പൗരന്മാരുടെ പൊതുവായ അവകാശങ്ങൾക്ക് (ആർട്ടിക്കിൾ 19(1)(ജി) അപ്പുറം അധികം ആനുകൂല്യങ്ങൾ നല്കുന്നില്ലെന്ന് പ്രഖ്യാപിക്കണം.

അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ വഴി കുട്ടികൾ തെറ്റായ രീതിയിൽ സ്വാധീനിക്കപ്പെടാൻ സാധ്യതയുണ്ടെന്നും ഇത് ദേശീയ സുരക്ഷയെ ബാധിക്കുമെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

## സജീഷ് ടോം ഹാംഷയർ കൗണ്ടി കൗൺസിലർ

കൊച്ചി: യുകെയിലെ മൂന്നാമത്തെ ഏറ്റവും വലിയ കൗണ്ടിയായ ഹാംഷെയർ കൗണ്ടി കൗൺസിലിലേക്ക് മലയാളിയായ സജീഷ് ടോം തെരഞ്ഞെടുക്കപ്പെട്ടു. ആകെയുള്ള 78 സീറ്റുകളിൽനിന്നു വിജയിച്ച ഏക ലേബർ പാർട്ടി കൗൺസിലറാണ് സജീഷ്. ബേസിംഗ് സ്റ്റോക്ക് നോർത്ത് ഡിവിഷനിൽനിന്നാണ് പത്തു ശതമാനത്തോളം വോട്ട് വ്യത്യാസത്തിൽ സജീഷ് ടോം വിജയിച്ചത്.

തെക്കൻപറവൂർ സ്വദേശിയായ സജീഷ് ടോം വൈക്കം ചെമ്പ് അയ്യനംപറമ്പിൽ കുടുംബാംഗമാണ്. ഭാര്യ ആൻസി ഹാംഷയർ ഹോസ്പിറ്റൽസ് എൻഎച്ച്എസ് ഫൗണ്ടേഷൻ ട്രസ്റ്റിൽ ഡെപ്യൂട്ടി നേഴ്സാണ്. ലണ്ടനിൽ ജോലി ചെയ്യുന്ന അലീനയാണ് മകൾ.

## ഇടതിന് ഇനി രാജ്യസഭയിലേക്ക് എത്താനാകില്ല

കോട്ടയം: കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിലെ കനത്ത പരാജയം ഇടതുപാർട്ടികളുടെ രാജ്യസഭാ പ്രാതിനിധ്യം ഇല്ലാതാക്കും. 35 പേരുടെ മാത്രം പിന്തുണയുള്ള ഇടതുപക്ഷത്തിന് ഇനി കേരളത്തിൽ നിന്നും ഒഴിവു വരുന്ന രാജ്യസഭാ സീറ്റുകളിലേക്ക് സ്ഥാനാർത്ഥിയെ വിജയിപ്പിക്കാനാകില്ല. മൂന്ന് ഒഴിവുകൾ വരുന്ന ഘട്ടത്തിൽ 36 പേരുടെ വോട്ടാണ് ഒരു സ്ഥാനാർത്ഥിക്ക് വേണ്ടിവരുന്നത്.

2027 ഏപ്രിലിൽ ലീഗിന്റെ അബ്ദുൾ വഹാബ്, സിപിഎമ്മിൽ നിന്നും ജോൺ ബ്രിട്ടാസ്, വി. ശിവദാസൻ എന്നിവരുടെ കാലാവധി തീരും. 35 പേരുള്ള എൽഡിഎഫ് സ്ഥാനാർത്ഥിയെ ജയിപ്പിക്കാൻ ഒരു വോട്ടിന്റെ കുറവുണ്ട്. 2028 ഏപ്രിലിലാണ് പിന്നീട് കേരളത്തിൽ രാജ്യസഭാ തെരഞ്ഞെടുപ്പ് നടക്കേണ്ടത്. സിപിഎമ്മിലെ എ.എ റഹീം സിപിഐയിലെ പി. സന്തോഷ്കുമാർ, കോൺഗ്രസ് അംഗം ജെബി മേത്തർ എന്നിവരുടെ കാലാവധി അവസാനിക്കും. ഇവിടെയും അംഗബലമില്ലാത്തതിനാൽ സിപിഎമ്മിന് സ്ഥാനാർത്ഥികളെ വിജയിപ്പിക്കാനാകില്ല. 2030-ൽ കാലാവധി തീരുന്ന വിപി സുനീറും ജോസ് കെ. മാണിയും മാത്രമാകും ഈ സമയത്ത് ഇടത്പക്ഷത്തുനിന്നുള്ള എംപിമാർ.

സിപിഎമ്മിന് 26 അംഗങ്ങളും സിപിഐക്ക് എട്ടും ആർജെഡിക്ക് ഒരു എംഎൽഎയുമാണുള്ളത്. ആകെ 35 പേർ. കേരളത്തിലെ രാജ്യസഭാ തെരഞ്ഞെടുപ്പിൽ ഒരാളെ ജയിപ്പിക്കാൻ 36 വോട്ട് വേണമെന്നുള്ളതാണ് സിപിഎമ്മിനുള്ള പ്രതിസന്ധി. 102 സീറ്റുള്ള യുഡിഎഫിന് രണ്ടുപേരെ വിജയിപ്പിച്ചാലും 30 പേരുടെ വോട്ട് ബാക്കിയുണ്ടാകും. മൂന്നു പേരാണ് ബിജെപിക്കുള്ളത്. എന്നാൽ, വിപ്പ് നല്കുന്നതിനാൽ കൂറുമാറ്റത്തിനുള്ള സാധ്യതയും കുറവാണ്. സ്വതന്ത്രന്മാരുടെ പിന്തുണ മാത്രമാണ് ഇവിടെ സിപിഎമ്മിന് ആശ്രയിക്കാനാകുക.

# അവയവക്കടത്ത്: മുഖ്യപ്രതിയടക്കം ആറുപേർ അറസ്റ്റിൽ

കിഴക്കമ്പലം: എറണാകുളം, കൊല്ലം ജില്ലകളിലായി അവയവക്കടത്ത് റാക്കറ്റിലെ മുഖ്യപ്രതി മുഹമ്മദ് നജീബ് കല്ലട്ര (53)യടക്കം ആറ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു. ഡൽഹി-ഉത്തർപ്രദേശ് അതിർത്തി ഗ്രാമമായ ഗാസിയാബാദിൽനിന്നാണ് നജീബിനെ പിടികൂടിയത്. എറണാകുളം ജില്ലാ പോലീസ് മേധാവി കെ.എസ്. സുദർശന്റെ നേതൃത്വത്തിൽ വ്യാപക റെയ്ഡിലാണ് പ്രതികൾ പിടിയിലായത്. കുന്നത്തുനാട് കുമാരപുരം, മോറക്കാല തടിയൻ വീട്ടിൽ സണ്ണി വർഗീസ് (56), ഭാര്യ സിനി വർഗീസ് (50), ചേലക്കുളം കവുങ്ങപ്പറമ്പ് കുഴിക്കാടൻ വീട്ടിൽ സനോജ് (32) എന്നിവരെ എറണാകുളം റൂറൽ ജില്ലയിലും ശ്രീജ, സുധീർ എന്നിവരെ കൊല്ലം കിളിക്കല്ലൂർ പോലീസ് സ്റ്റേഷനിലും അറസ്റ്റ് ചെയ്തു.

കുന്നത്തുനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിക്കര സൺ കമ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ അവയവ കച്ചവടത്തിന് ഉപയോഗിക്കുന്നതായി എംഎൽഎ, എംപി എന്നിവരുടെ വ്യാജ ബ്ലാങ്ക് ലെറ്റർ പാഡുകളടക്കമുള്ള വ്യാജരേഖകൾ പിടിച്ചെടുത്തു.

വിവിധ മെഡിക്കൽ ലാബുകളുടെ വ്യാജ രേഖകൾ, ജില്ലയിലെ പ്രധാന ആശുപത്രികളിലെ ബ്ലാങ്ക് വ്യാജ ലെറ്റർപാഡിൽ ഡോക്ടറുടെ പേരും സീലും ഒപ്പും വെച്ച് കൃത്രിമമായി തയാറാക്കി രോഗികളുടെ പേരും വിലാസവും, വൃക്ക ദാതാവിന്റെ പേരും വിലാസവും രേഖപ്പെടുത്തി പി.സി.സി ലഭി



മുഖ്യപ്രതി മുഹമ്മദ് നജീബ് കല്ലട്ര

ക്കുന്നതിനായി പോലീസിന്റേതെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള ലെറ്ററുകൾ തുടങ്ങിയവ കണ്ടെത്തി. ഈ കേസിലാണ് സണ്ണി വർഗീസ്, സിനി വർഗീസ് എന്നിവരെ അറസ്റ്റ് ചെയ്തത്.

ചിത്രപ്പുഴ പോഞ്ഞാശേരി റോഡ് സൈഡിൽ പ്രവർത്തിക്കുന്ന സൈൻ എച്ച്.ഡി ഡിജിറ്റൽ സ്റ്റുഡിയോയിൽ നടത്തിയ റെയ്ഡിൽ അവയവക്കച്ചവടം നടത്തുന്നതിനായി സൂക്ഷിച്ചുവരുന്ന വ്യാജ രേഖകൾ, ബ്ലാങ്ക് ലെറ്റർപാഡുകൾ, സീലുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ എന്നിവ കണ്ടെടുത്തു. ഈ കേസിലാണ് സനോജിനെ അറസ്റ്റ് ചെയ്തത്.

വടക്കേക്കരയിലെ ഒരു വീട്ടിൽ പോലീസ് നടത്തിയ പരിശോധനയിൽ എറണാകുളത്തെ പ്രധാന ഹോസ്പിറ്റലിൽനിന്നുള്ള വൃക്ക ദാതാവിന്റെ സമ്മതപത്രവും മറ്റു വ്യാജ രേഖകളും സ്മാർട്ട് ഫോണുകളും കണ്ടെത്തി. അമ്പലമേട് പോലീസ് സ്റ്റേഷൻ പരിധിയിൽ പെരിങ്ങാല ഭാഗത്തുള്ള അപ്പാർട്ട്മെന്റിൽ പരിശോധന നടത്തിയതിൽ വ്യാജ രേഖകളും വ്യാജ മുദ്രകളും ഹാർഡ് ഡിസ്കുകളും പോലീസ് പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ടതാണ് കൊല്ലം ജില്ലയിലെ കിളിക്കല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ശ്രീജ, സുധീർ എന്നിവരുടെ വീട്ടിൽ പരിശോധന നടത്തിയത്. ഇവിടെ നിന്ന് അവയവ കച്ചവടത്തിനായി ഉപയോഗിക്കുന്ന വ്യാജരേഖകൾ കണ്ടെത്തി. പെരുമ്പാവൂർ, ആലുവ, പുത്തൻകുരിശ്, മുനമ്പം സബ് ഡിവിഷനുകൾ കേന്ദ്രീകരിച്ച് ആറ് സംഘങ്ങളായാണ് പോലീസ് മിന്നൽ പരിശോധന നടത്തിയത്.

## മുൻ ഡിജിപി ഡോ. പി.ജെ. അലക്സാണ്ടർ അന്തരിച്ചു



തിരുവനന്തപുരം: മുൻ ഡിജിപി ഡോ. പി.ജെ. അലക്സാണ്ടർ (89) അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെത്തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മെയ് എട്ടിന് പുലർച്ചെയായിരുന്നു അന്ത്യം.

കൊട്ടാരക്കര പണ്ടകശാലയിൽ കുടുംബാംഗമായ പി.ജെ. അലക്സാണ്ടർ കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അധ്യാപകനായിരിക്കെ 1961-ലാണ് ഐപിഎസ് നേടുന്നത്. കോഴിക്കോട് എഎസ്പിയായി ഔദ്യോഗിക ജീവിതത്തിനു തുടക്കം. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പാലക്കാട്, കോഴിക്കോട്, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ എസ്പിയായി പ്രവർത്തിച്ചു. 1975-ൽ ഡിഐജിയായി. റവന്യൂ ബോർഡ് ജോയിന്റ് കമ്മീഷണർ, സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം തലവൻ, ക്രൈം ഇന്റലിജൻസ് ഡിഐജി, ട്രാവൻകൂർ ടൈറ്റാനിയം, ട്രാവൻകൂർ സിമന്റ്സ്, കെഎസ്ആർടിസി മാനേജിങ് ഡയറക്ടർ തസ്തികകളിലും പ്രവർത്തിച്ചു. 1983-ൽ ഐജിയായി. ക്രൈം ഐജി, ഐഎംജി ഡയറക്ടർ പദവികളും വഹിച്ചു. 1994-ൽ ഡിജിപിയായി വിരമിക്കുമ്പോൾ കെഎസ്ഐഡിസി ചെയർമാനും മാനേജിങ് ഡയറക്ടറുമായിരുന്നു.

സിബിഐ രജിസ്റ്റർ ചെയ്ത അനധികൃത സ്വത്തു സമ്പാദനക്കേസിൽ 30 വർഷത്തിലേറെ നീണ്ട നിയമപോരാട്ടത്തിനൊടുവിൽ ആറ് മാസം മുൻപാണ് അദ്ദേഹത്തെ കോടതി കുറ്റവിമുക്തനാക്കിയത്. ഭാര്യ: കോഴഞ്ചേരി മുളമൂട്ടിൽ കുടുംബാംഗം ഓമന ജേക്കബ് അലക്സാണ്ടർ. മക്കൾ: പ്രീതി അലക്സാണ്ടർ, ഡോ. നിതു മേനോൻ (കൺസൾട്ടന്റ് പബ്ലിക് ഹെൽത്ത്, യുഎസ്), പരേതനായ അലക്സാണ്ടർ പി.ജേക്കബ്. മരുമകൻ: രമേഷ് മേനോൻ (യുഎസ്).

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 19
May 11, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

പ്രോത്സാഹനമാണ് മനുഷ്യജീവിതത്തെ മുന്നോട്ട് നയിക്കുന്നത്.
**ബുക്കർ ടി. വാഷിങ്ടൺ**

നല്ലതും ചീത്തയുമായ നൂലുകളെ ചേർത്ത് നെയ്യുന്നതാണ് ജീവിതം.
**ഷേക്സ്പിയർ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ജനവിധിയെ പരിഹസിക്കരുത്; തുടർച്ചയ്ക്കല്ല, മാറ്റത്തിനാണ് വോട്ട്

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ടാണ് മെയ് 4-ന് തെരഞ്ഞെടുപ്പു ഫലം പുറത്തുവന്നത്. പത്തു വർഷത്തെ ഇടവേളയ്ക്കു ശേഷം ഐക്യജനാധിപത്യ മുന്നണിയെ 102 സീറ്റുകൾ നല്കി വൻ ഭൂരിപക്ഷത്തോടെ ജനങ്ങൾ അധികാരത്തിലേറ്റു. ഇതിൽ കോൺഗ്രസ് മാത്രം 63 സീറ്റുകൾ നേടി കരുത്തറിയിച്ചു. മാറ്റം ആഗ്രഹിച്ച ജനത നല്കിയ ഈ കനത്ത വിധി ഭരണകക്ഷിയായ എൽഡിഎഫിനുള്ള താക്കീത് മാത്രമല്ല, യുഡിഎഫിനുള്ള വലിയൊരു ഉത്തരവാദിത്തം കൂടിയായിരുന്നു. എന്നാൽ, ഫലം വന്ന് ഒരാഴ്ച പിന്നിടുമ്പോഴും കേരളത്തിൽ ഒരു സർക്കാർ രൂപീകരിക്കാൻ സാധിക്കാത്തവിധം കോൺഗ്രസിനുള്ളിൽ തുടരുന്ന തർക്കങ്ങൾ വോട്ടർമാരെ അവഹേളിക്കുന്നതിനു തുല്യമാണ്.

തെരഞ്ഞെടുപ്പു നടന്ന പശ്ചിമ ബംഗാൾ, തമിഴ്നാട്, അസം, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിലെ ചിത്രം നോക്കുക. ബംഗാളിൽ മമതാ ബാനർജിയുടെ തൃണമൂലിനെ അട്ടിമറിച്ച് ബിജെപി അവിശ്വസനീയ വിജയം നേടി ഭരണമുറപ്പിച്ചു. തമിഴ്നാട്ടിൽ നടൻ വിജയ്യുടെ നേതൃത്വത്തിലുള്ള ടിവികെ ദ്രാവിഡ രാഷ്ട്രീയത്തിന്റെ അതികായന്മാരെ വീഴ്ത്തി ഭരണത്തിലെത്തി. അസമിലും പുതുച്ചേരിയിലും ഭരണകക്ഷികൾ അധികാരം നിലനിർത്തി. അവിടെയെല്ലാം ഭരണകൂടങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. എന്നാൽ, വിപ്ലവകരമായ മാറ്റം വോട്ടിലൂടെ പ്രകടിപ്പിച്ച കേരളത്തിൽ മാത്രം ഭരണം ഡൽഹിയിലെ ഹൈക്കമാൻഡ് മുറിയിൽ കുരുങ്ങിക്കിടക്കുകയാണ്.

മുഖ്യമന്ത്രിക്കസേരയ്ക്കായി വി.ഡി. സതീശൻ, കെ.സി. വേണുഗോപാൽ, രമേശ് ചെന്നിത്തല എന്നിവർക്കിടയിൽ നടക്കുന്ന മൂപ്പിളമ തർക്കം ജനാധിപത്യത്തിന് ഒട്ടും ഭൂഷണമല്ല. മുന്നണിയെ വിജയത്തിലേക്ക് നയിച്ച പ്രതിപക്ഷ നേതാവെന്ന നിലയിൽ സതീശനും ദേശീയ രാഷ്ട്രീയത്തിലെ കരുത്തനെന്ന നിലയിൽ കെ.സി. വേണുഗോപാലും സീനിയർ നേതാവെന്ന നിലയിൽ രമേശ് ചെന്നിത്തലയും അവകാശവാദങ്ങൾ ഉന്നയിക്കുന്നത് സ്വാഭാവികം. പക്ഷേ, ആ അവകാശവാദങ്ങൾ ജനവിധിക്ക് മുകളിലാകരുത്. നേതാക്കളുടെ അനുയായികൾ തെരുവിലിറങ്ങി ഫ്ളെക്സ് ബോർഡുകൾ വെക്കുന്നതും പ്രതിഷേധ പ്രകടനങ്ങൾ നടത്തുന്നതും കാണുമ്പോൾ, ഇതിനാണോ ജനങ്ങൾ വോട്ട് ചെയ്തത് എന്ന് ചോദിച്ചുപോകുന്നു.

സംഘർഷം ഒഴിവാക്കാൻ കൂളിംഗ് പീരിഡ് വേണമെന്ന ഹൈക്കമാൻഡിന്റെ വാദം കേവലം ഒരു ഒഴിഞ്ഞുമാറലാണ്. ജനങ്ങൾ വോട്ട് ചെയ്തത് കൃത്യമായൊരു ഭരണസംവിധാനം ഉണ്ടാകാനാണ്. അല്ലാതെ കോൺഗ്രസിനുള്ളിലെ ഗ്രൂപ്പ് പോര് തീരുന്നതുവരെ കാത്തിരിക്കാനല്ല. വംഗനാടും തമിഴകവും മുന്നോട്ടു കുതിക്കുമ്പോൾ കേരളത്തെ മാത്രം ഇങ്ങനെ അനിശ്ചിതാവസ്ഥയിൽ തളച്ചിടുന്നത് തെരഞ്ഞെടുപ്പ് പ്രക്രിയയെത്തന്നെ അവഹേളിക്കുന്നതിനു തുല്യമാണ്. ഡൽഹിയിലെ ചർച്ചകൾ ഇനിയും നീട്ടിക്കൊണ്ടു പോകാതെ, ജനവിധി മാനിച്ചുകൊണ്ട് എത്രയുംവേഗം പുതിയ സർക്കാരിനെ വാഴിക്കാൻ കോൺഗ്രസ് നേതൃത്വം തയ്യാറാകണം. ഇല്ലെങ്കിൽ ഈ വൻവിജയം ഒരു ചരിത്രപരമായ വിഡ്ഢിത്തമായി മാറാൻ അധികകാലം വേണ്ടിവരില്ല.

ഘടകകക്ഷികൾക്കും പറയാനുണ്ട്. കോൺഗ്രസ് ഗ്രൂപ്പ്കളി നിർത്തണം. പത്തു വർഷത്തെ കാത്തിരിപ്പിനൊടുവിൽ യുഡിഎഫിനെ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലേറ്റിയ വോട്ടർമാരെ പരിഹസിക്കുന്ന രീതിയിലാണ് കോൺഗ്രസിലെ മുഖ്യമന്ത്രിത്തർക്കം നിൽക്കുന്നത്. മുസ്ലിം ലീഗും കേരള കോൺഗ്രസും ആർഎസ്പിയും അടക്കമുള്ള ഘടകകക്ഷികൾ തങ്ങളുടെ ആശങ്ക പരസ്യമായി പ്രകടിപ്പിച്ചുകഴിഞ്ഞു. വലിയ കക്ഷി എന്ന നിലയിൽ തീരുമാനം കോൺഗ്രസിന്റേതാണെന്ന് അവർ മാന്യമായി പറയുന്നു. എന്നാൽ, ആ മാന്യതയെ കോൺഗ്രസ് ഹൈക്കമാൻഡ് ദുർബലതയായി കാണരുത്. കോൺഗ്രസിനെ മൂന്നു പേരുകൾക്കിടയിൽ ഹൈക്കമാൻഡ് ഉഴലുമ്പോൾ തകരുന്നത് ജനങ്ങളുടെ പ്രതീക്ഷയാണ്. കേരളത്തിലെ വോട്ടർമാർ യുഡിഎഫിന് വോട്ട് ചെയ്തത് കൃത്യമായൊരു മാറ്റത്തിനു വേണ്ടിയാണ്.

ഒരു കൂട്ടുകക്ഷി മന്ത്രിസഭ കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ ഘടകകക്ഷികളുടെ പൂർണ്ണമായ സഹകരണവും വിശ്വാസവും അത്യാവശ്യമാണ്. ലീഗിനും കേരള കോൺഗ്രസിനും സ്വീകാര്യനായ ഒരു നേതാവ് മുഖ്യമന്ത്രി കസേരയിൽ ഇരിക്കുമ്പോഴേ ഭരണം സുഗമമാകൂ. എന്നാൽ, ഗ്രൂപ്പ് താല്പര്യങ്ങൾ സംരക്ഷിക്കാനും വ്യക്തിപരമായ അവകാശവാദങ്ങൾ തീർക്കാനും വേണ്ടി ഭരണഘടനാപരമായ ഒരു പ്രക്രിയയെ ബന്ദിയാക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. അനുയായികളുടെ ഫ്ളെക്സ് യുദ്ധങ്ങളും പ്രതിഷേധങ്ങളും അവസാനിപ്പിക്കാൻ ഹൈക്കമാൻഡ് നല്കിയ നിർദ്ദേശം നല്ലതുതന്നെ. പക്ഷേ, അതുകൊണ്ടു മാത്രം പ്രശ്നം തീരുന്നില്ല. അനിശ്ചിതത്വം നീളുന്തോറും വോട്ടർമാരുടെ മുന്നിൽ യുഡിഎഫ് വിഡ്ഢികളാകുകയാണ്. അധികാരത്തിനു വേണ്ടിയുള്ള ഈ വടംവലി ജനവിധിക്കു മേലുള്ള കരിനിഴലായി മാറാൻ അനുവദിക്കരുത്. ഘടകകക്ഷികൾ കോൺഗ്രസിനോട് കാണിക്കുന്ന ഈ മാന്യമായ കാത്തിരിപ്പ് ഒരു മുന്നറിയിപ്പ് കൂടിയാണെന്ന് ഹൈക്കമാൻഡ് തിരിച്ചറിയേണ്ടതുണ്ട്.

# ഇന്ത്യയിൽ സ്ത്രീകൾ സുരക്ഷിതരല്ലെന്ന് കണക്കുകൾ

ന്യൂഡൽഹി: ഇന്ത്യയിൽ ഓരോ 71 സെക്കൻഡിലും സ്ത്രീകൾക്കെതിരെ കുറ്റകൃത്യമുണ്ടാകുന്നുവെന്ന് റിപ്പോർട്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (എൻസിആർബി) പുറത്തിറക്കിയ ക്രൈം ഇൻ ഇന്ത്യ 2024 റിപ്പോർട്ടിലാണ് ഈ വിവരമുള്ളത്.

റിപ്പോർട്ടുപ്രകാരം 4,41,534 കേസുകളാണ് രാജ്യത്തുടനീളം 2024-ൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്. 2023-ലെ 4,48,213 കേസുകളിൽ നിന്ന് 1.4 ശതമാനം കുറവാണ് 2024-ൽ ഉണ്ടായിട്ടുള്ളതെങ്കിലും സ്ത്രീകൾക്കെതിരായുള്ള കുറ്റകൃത്യങ്ങളിൽ നിന്ന് പ്രതിദിനം 1210 കേസുകൾ രാജ്യത്തുണ്ടാകുന്നുണ്ടെന്നാണ് കേന്ദ്രത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 2024-ലെ കണക്കുകൾ പ്രകാരം ഉത്തർപ്രദേശിൽ 66,398, മഹാരാഷ്ട്രയിൽ 42,954, രാജസ്ഥാനിൽ 36,563 എന്നിങ്ങനെയാണ് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളായി അതത് സംസ്ഥാനങ്ങളിൽ ആ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ. തൃണമൂൽ ഭരിച്ചുകൊണ്ടിരുന്ന പശ്ചിമ ബംഗാളിൽ പ്രസ്തുത വർഷം 34,360 കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ മധ്യപ്രദേശിൽ 32,832 കേസുകളും ബിഹാറിൽ 27,359 കേസുകളും ഹരിയാനയിൽ 13,945 കേസുകളും ഡൽഹിയൽ 13,396 കേസുകളും രജിസ്റ്റർ ചെയ്തു.

റിപ്പോർട്ട് പ്രകാരം കേരളത്തിൽ സ്ത്രീകൾക്കെതിരേയുള്ള അതിക്രമം മുൻവർഷത്തേതിൽ നിന്ന് 2024-ൽ കുറഞ്ഞിട്ടുണ്ട്. 2023-ൽ സംസ്ഥാനത്ത് 16,025 കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ 2024-ൽ ഇത് 15,037 ആയി കുറഞ്ഞു. എന്നാൽ, ഒരു ലക്ഷം ജനസംഖ്യയിൽ ശരാശരി 80.5 സ്ത്രീകൾ 2024-ൽ കേരളത്തിൽ അതിക്രമങ്ങൾ നേരിട്ടതായി പരാതിപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ദേശീയ ശരാശരിയേക്കാൾ മുകളിലാണിത്.

മോദി സർക്കാർ അധികാരത്തിൽ വന്ന 2014 മുതലുള്ള പത്തു വർഷത്തിനിടെ സ്ത്രീകൾക്കെതിരായ 42,85,885 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കോൺഗ്രസ്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ മോദി സർക്കാർ പരാജയപ്പെട്ടുവെന്നും പത്ത് ദളിത് സ്ത്രീകൾ എല്ലാ ദിവസവും രാജ്യത്ത് ബലാൽസംഗം ചെയ്യപ്പെടുകയാണെന്നും മഹിളാ കോൺഗ്രസ് അദ്ധ്യക്ഷയും കോൺഗ്രസ് പ്രവർത്തക സമിതിയിലെ പ്രത്യേക ക്ഷണിതാവുമായ അൽക്ക ലാംബ ഡൽഹിയിലെ കോൺഗ്രസ് കാര്യാലയത്തിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ഉയർന്ന കുറ്റകൃത്യങ്ങൾ ചൂണ്ടിക്കാട്ടി ബിജെപിയുടെ 'ബേട്ടീ ബെച്ചാവോ' മുദ്രാവാക്യം വെറും പൊള്ളയാണെന്ന് അൽക്ക കുറ്റപ്പെടുത്തി. സ്ത്രീയെ വന്ദിക്കണം (നാരീ വന്ദൻ) എന്ന മുദ്രാവാക്യം വെറുമൊരു രാഷ്ട്രീയ മുദ്രാവാക്യമായി ബിജെപി ഉപയോഗിക്കുകയാണെന്നും അവരുടെ സ്വാധീനമുള്ള നേതാക്കളെ ശിക്ഷയിൽ നിന്ന് സംരക്ഷിക്കുകയാണെന്നും അൽക്ക ചൂണ്ടിക്കാട്ടി.

ഉത്തരാഖണ്ഡിൽ മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടി ഉൾപ്പെട്ട കൂട്ടബലാത്സംഗ കേസിൽ ബിജെപി നേതാവുൾപ്പെടെ മൂന്നുപേർ എഫ്ഐആറിലുണ്ടെന്നും എന്നാൽ, പോലീസ് അതിജീവിതയുടെ കുടുംബത്തിൽ സമ്മർദം ചെലുത്തി ഒത്തുതീർപ്പിനു ശ്രമിച്ചില്ലെന്നും മഹിളാ കോൺഗ്രസ് നേതാവ് ആരോപിച്ചു.

പ്രതിക്കെതിരെ നടപടി എടുക്കുന്നതിനു പകരം പോലീസ് അതിജീവിതയുടെ പിതാവിനെ കസ്റ്റഡിയിലെടുക്കുകയും ആരെയും കാണുന്നതിൽ നിന്ന് അതിജീവിതയെ തടയുകയുമായിരുന്നു.

ബിൽക്കിസ് ഭാനു കേസിൽ കണ്ട ഗുജറാത്ത് മോഡൽ രാജ്യമെമ്പാടും ഇപ്പോൾ വ്യാപിക്കുകയാണ്. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ എൻസിആർബി ഡാറ്റ ചർച്ച ചെയ്യണമെന്നും സർക്കാർ കുറ്റകൃത്യത്തെ സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ മാത്രമല്ല എത്ര അതിജീവിതർക്കു നീതി ലഭിച്ചുവെന്ന കണക്കുകൂടി പുറത്തുവിടണമെന്നും അൽക്ക ലാംബ ആവശ്യപ്പെട്ടു.

# അതിർത്തി കടന്നും തിരിച്ചടി: പാകിസ്ഥാന് മുന്നറിയിപ്പുമായി ഇന്ത്യ

ന്യൂഡൽഹി: നിയന്ത്രണരേഖയ്ക്ക് അപ്പുറമുള്ള ഒരു ഭീകരകേന്ദ്രവും സുരക്ഷിതമല്ലെന്നും നിശ്ചയിക്കുന്ന സമയത്ത് ഇവയെ നേരിടുമെന്നും പാകിസ്ഥാന് ഇന്ത്യയുടെ മുന്നറിയിപ്പ്. പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി ഇന്ത്യൻ സൈന്യം പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾക്കെതിരേ നടത്തിയ ഓപ്പറേഷൻ സിന്ദൂറിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ജയ്പൂരിൽ നടക്കുന്ന സംയുക്ത കമാൻഡർ സമ്മേളനത്തിനെത്തിയ സൈനിക ഉദ്യോഗസ്ഥരാണ് മുന്നറിയിപ്പു നൽകിയത്. ഓപ്പറേഷൻ സിന്ദൂറിൽ കര, നാവിക, വ്യോമ സേനകളുടെ മിലിറ്ററി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽമാരായി പ്രവർത്തിച്ചിരുന്ന സേനാ ഉദ്യോഗസ്ഥരാണ് ഇവർ. ഓപ്പറേഷൻ സിന്ദൂർ അവസാനമല്ല, ആരംഭം മാത്രമാണെന്ന് കരസേനാ ആസ്ഥാനത്തു ഉപമേധാവിയായി സേവനം ചെയ്യുന്ന ലഫ്. ജനറൽ രാജീവ് ഘായ് പറഞ്ഞു.

പാകിസ്ഥാന്റെ ഹൃദയഭാഗത്തുള്ള ഭീകരകേന്ദ്രങ്ങളെ ആക്രമിച്ചതിലൂടെ അവരുടെ ആണവഭീഷണിയേയും ഇന്ത്യ ഫലപ്രദമായി ചെറുത്തെന്ന് നേവൽ ഓപ്പറേഷൻസ് ഡിജി വൈസ് അഡ്മിൻ എ.എൻ. പ്രമോദ് വ്യക്തമാക്കി. അടുത്ത തവണത്തെ പ്രതികരണം അവരുടെ പ്രതീക്ഷയ്ക്കപ്പുറമായിരിക്കും - അദ്ദേഹം പറഞ്ഞു.


പാകിസ്ഥാൻ അഭ്യർത്ഥിച്ചപ്പോഴാണ് ഇന്ത്യ വെടിനിർത്താൻ തീരുമാനിച്ചതെന്നും ഉദ്യോഗസ്ഥർ വിശദീകരിച്ചു.

ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യയിലെ സൈന്യം സമാനതകളില്ലാത്ത ധൈര്യവും കൃത്യതയും ദൃഢനിശ്ചയവും കാട്ടിയെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാമിൽ നിരപരാധികളായ ഇന്ത്യക്കാരെ ആക്രമിക്കാൻ ധൈര്യപ്പെട്ടവർക്ക് ഉചിതമായ മറുപടി നൽകി. ഇന്ത്യ മുഴുവൻ നമ്മുടെ ധീരന്മാരായ സൈന്യത്തെ അഭിവാദ്യം ചെയ്യുന്നു - അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും ഉൾപ്പെടെയുള്ളവർ സമൂഹമാധ്യമ പ്രൊഫൈൽ ചിത്രങ്ങൾ മാറ്റി ഓപ്പറേഷൻ സിന്ദൂറിന്റെ പോസ്റ്റർ അപ്‌ലോഡ് ചെയ്തു. വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളും ഇത്തരത്തിൽ ചിത്രം മാറ്റി.



ഓപ്പറേഷൻ സിന്ദൂറിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചു ജമ്മുവിൽ നടന്ന പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ.


Sacred Heart Knanaya Catholic Forane Parish Church
145 E. Grand Ave., Bensenville, IL 60106
SACRED HEART
KNANAYA CATHOLIC
FORANE CHURCH
PALM SUNDAY SERVICE
Malayalam Mass
Time: 8:00am & 10:00am
145 E GRAND AVE
BENSENVILLE, ILLINOIS 60106
145 E. GRAND
Banquet Hall
For Rent
Ideal for Baptism
Engagement
Graduation
Wedding etc.
Capacity upto 400 people
Ample Parking with
a Great Ambiance
Sacred Heart Knanaya
Catholic Forane Parish Church
145 E. Grand Ave.,
Bensenville, IL 60106
Contact:
(847) 644-6305


WITH IMMENSE JOY AND PROFOUND GRATITUDE TO ALMIGHTY GOD,
ST. THOMAS SYRO-MALABAR CATHOLIC EPARCHY OF CHICAGO &
ST. GEORGE SYRO-MALABAR CATHOLIC CHURCH PATERSON, NJ
CORDIALLY INVITE YOU FOR THE PRIESTLY ORDINATION OF
Deacon Sam Kuttappassery
&
Deacon Michael James
TO BE CONFERRED BY HIS EXCELLENCY
MAR JOY ALAPPATT
Bishop of St. Thomas Syro-Malabar Catholic Eparchy of Chicago
AT ST. GEORGE SYRO-MALABAR CATHOLIC CHURCH PATERSON, NJ
SATURDAY, JUNE 13, 2026 AT 10AM
408 GETTY AVENUE, PATERSON, NJ
FOR MORE INFORMATION, VISIT
HTTPS://WWW.SGSMCCPATERSON.COM


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# വോട്ട് പിടിക്കാൻ പണമൊഴുക്ക്: പിടിച്ചെടുത്തത് 1445 കോടി

ന്യൂഡൽഹി: അഞ്ചു സംസ്ഥാനങ്ങളിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് വോട്ടർമാരെ സ്വാധീനിക്കാൻ എത്തിച്ച 1445 കോടി രൂപയുടെ അനധികൃത പണവും മറ്റ് വസ്തുക്കളും പിടിച്ചെടുത്തതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

കണക്കിൽപ്പെടാത്ത പണം, മദ്യം, മയക്കുമരുന്ന്, സ്വർണം തുടങ്ങിയവയാണ് പിടിച്ചെടുത്തതിലേറെയും. തെരഞ്ഞെടുപ്പ് കാലത്ത് ഏറ്റവുമധികം പണം പിടിച്ചെടുത്തത് തമിഴ്നാട്ടിൽനിന്നാണ്. മദ്യവും മയക്കുമരുന്നും ഏറ്റവും അധികം പിടിച്ചെടുത്തത് പശ്ചിമബംഗാളിൽ നിന്നും.

2021-ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്യുമ്പോൾ പിടിച്ചെടുത്ത പണത്തിന്റെ കണക്കിൽ 40 ശതമാനം വർധനയാണ് ഇത്തവണ ഉണ്ടായിരിക്കുന്നതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

കഴിഞ്ഞതവണ ഇത് 1029.93 കോടി രൂപയായിരുന്നു. പശ്ചിമബംഗാളിൽ ഇത്തവണ ഇത്തരം കുറ്റകൃത്യത്തിൽ 68.92 ശതമാനവും തമിഴ്നാട്ടിൽ 48.40 ശതമാനവും വർധനവുണ്ടായി.

തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം പശ്ചിമബംഗാൾ, ആസാം, തമിഴ്നാട്, കേരളം, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിൽനിന്നായി ഏകദേശം 155 കോടി രൂപയുടെ കണക്കിൽപ്പെടാത്ത പണം കണ്ടെടുത്തു. കൂടാതെ 183.33 കോടി രൂപ വിലമതിക്കുന്ന 70 ലക്ഷം ലിറ്റർ മദ്യവും അധികൃതർ പിടിച്ചെടുത്തു.

വോട്ടർമാർക്ക് നൽകുന്നതിനായി സ്വർണം, വെള്ളി, സാരികൾ, വസ്ത്രങ്ങൾ, പ്രഷർ കുക്കറുകൾ, പാത്രങ്ങൾ, ടെലിവിഷൻ സെറ്റുകൾ തുടങ്ങിയവയും വലിയതോതിൽ പിടിച്ചെടുത്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ഏകദേശം 184 കോടി രൂപയുടെ മയക്കുമരുന്നാണ് പിടിച്ചെടുത്തത്. ഇതിൽ 30.28 കോടി രൂപയുടെ മയക്കുമരുന്ന് പശ്ചിമബംഗാളിൽനിന്നാണ് പിടിച്ചെടുത്തത്.

തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ കർശന നിരീക്ഷണവും ഇലക്ഷൻ ഡീഷർ മാനേജ്മെന്റ് സിസ്റ്റം പോലുള്ള ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവുമാണ് ഇത്രയധികം അനധികൃത വസ്തുക്കൾ കണ്ടെത്താൻ സഹായിച്ചതെന്ന് കമ്മീഷൻ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു. ലഹരി മരുന്നിന്റെയും മദ്യത്തിന്റെയും ഒഴുക്ക് തടയുന്നതിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് വലിയ പുരോഗതി കൈവരിച്ചെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

# ഇരുചക്രവാഹനങ്ങളുടെ അനധികൃത രൂപമാറ്റം: കർശന നടപടിയുമായി ഉദ്യോഗസ്ഥർ

കോഴിക്കോട്: രൂപമാറ്റം വരുത്തിയ ബൈക്കുകൾ ഓടിക്കുന്നവരുടെപേരിൽ ശക്തമായ നിയമനടപടിയുമായി മോട്ടോർവാഹനവകുപ്പും പോലീസും. വാഹനനിർമാതാക്കൾ ഘടിപ്പിച്ച സൈലൻസറുകൾക്ക് പകരം പുതിയവ ഉപയോഗിച്ച് രൂപമാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെയാണു നിയമനടപടി. രാത്രികാലങ്ങളിൽ ഇത്തരം ബൈക്കുകൾ ഓടിക്കുന്നത് പലയിടത്തും പതിവായിട്ടുണ്ടെന്ന് ട്രാഫിക് അധികൃതർ വ്യക്തമാക്കി.

രണ്ടു മാസത്തിനിടെ ഇത്തരത്തിലുള്ള 165 കേസുകളെടുത്തു. ഇ-ചെല്ലാൻ വഴി 8,80,000 രൂപ പിഴയീടാക്കി. വിവരങ്ങൾ നൽകുന്ന വ്യക്തിയുടെ പേരും വിവരങ്ങളും രഹസ്യമായി സൂക്ഷിക്കുമെന്നു മോട്ടോർ വകുപ്പ് അധികൃതർ പറഞ്ഞു. സൈലൻസർ രൂപമാറ്റത്തിന് 5,000 രൂപയും ശബ്ദമലിനീകരണത്തിന് 2000 രൂപയും പിഴയൊടുക്കണം. രണ്ട് സൈലൻസർ രൂപമാറ്റിയാൽ 10,000 രൂപ പിഴ ഈടാക്കും.

കുറ്റകൃത്യത്തിന്റെ വ്യാപ്തി വർധിക്കുന്നതിനനുസരിച്ച് പിഴത്തുകയും കൂടും. കുറ്റകൃത്യങ്ങൾ ആവർത്തിച്ചാൽ ഏഴു ദിവസത്തിനകം പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഇത് കൂടാതെ ആർസിയും സസ്പെൻഡ് ചെയ്യും.

മോട്ടോർവാഹന നിയമത്തിലെ സെക്ഷൻ 52, സെക്ഷൻ 190 (2) എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ് വാഹനങ്ങളുടെ രൂപമാറ്റം വരുത്തൽ. നിലവിലെ നിയമപ്രകാരം വാഹന നിർമാതാക്കളുടെ അടിസ്ഥാന ഘടനയിലോ പ്രധാന ഘടകങ്ങളിലോ അനധികൃതമായി മാറ്റംവരുത്താൻ പാടില്ല. റോഡ് സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനവും ശബ്ദമലിനീകരണവും കൂടിയാണിത്. കേന്ദ്രസർക്കാരിന്റെ മോട്ടോർവാഹന നിയമം 1989-ലെ റൂൾ 120 പ്രകാരവും ശബ്ദപരിധി ലംഘിക്കാൻ പാടില്ല.

# ചലച്ചിത്ര നടൻ സന്തോഷ് കെ. നായർ കാറപകടത്തിൽ മരിച്ചു



തിരുവനന്തപുരം: ചലച്ചിത്ര താരം സന്തോഷ് കെ. നായർ (65) കാർ അപകടത്തിൽ മരിച്ചു. സന്തോഷ് ഓടിച്ചിരുന്ന കാറും എതിരെ വന്ന പാഴ്സൽ ലോറിയും എം.സി. റോഡിൽ അടൂരിനും ഏനാത്തിനുമിടയിൽ എം.ജി. ജംക്ഷനിൽ മെയ് അഞ്ചിന് രാവിലെ 6.15-നു കൂട്ടിയിടിക്കുകയായിരുന്നു. കാറിലുണ്ടായിരുന്ന സുഹൃത്തിനും ലോറി ഡ്രൈവർ പെരുമ്പാവൂർ സ്വദേശി സുധീഷിനും പരുക്കുണ്ട്.

നാട്ടുകാർ കാർ വെട്ടിപ്പൊളിച്ച് അടൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും സന്തോഷിന്റെ ജീവൻ രക്ഷിക്കാനായില്ല. ഇതിനിടയിൽ ഹൃദയാഘാതവുമുണ്ടായി. തിരുവനന്തപുരം പേട്ട പള്ളിമുക്ക് ആശാൻ ലെയ്നിൽ പരേതരായ കേശവൻ നായരുടെയും പി. രാജലക്ഷ്മിയുടെയും മകനാണ് സന്തോഷ്. നൂറോളം സിനിമകളിലും ഒട്ടേറെ ടെലിവിഷൻ സീരിയലുകളിലും ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തിട്ടുണ്ട്. 1982-ൽ 'ഇതു ഞങ്ങളുടെ കഥ' എന്ന ചിത്രത്തിലൂടെയാണ് തുടക്കം. അടുത്തിടെ റിലീസ് ചെയ്ത 'മോഹിനിയാട്ട'ത്തിലാണ് അവസാനമായി അഭിനയിച്ചത്. ആദ്യം വില്ലൻ വേഷങ്ങളായിരുന്നു കൂടുതലെങ്കിലും പിന്നീട് സ്വഭാവ, ഹാസ്യ നടനായും തിളങ്ങി.

തിരുവനന്തപുരം എം.ജി. കോളജിൽ നടൻ മോഹൻലാലിന്റെ സഹപാഠിയായിരുന്നു. മോഹൻലാൽ, മമ്മൂട്ടി, സുരേഷ്ഗോപി, രതീഷ്, ശങ്കർ, ജയറാം, റഹ്മാൻ, ബാലചന്ദ്രമേനോൻ എന്നിവർക്കൊപ്പം ഒട്ടേറെ ചിത്രങ്ങളിൽ അഭിനയിച്ചു. ഭാര്യ: വി. ശുഭശ്രീ (റിട്ട. അദ്ധ്യാപിക, ശ്രീകൃഷ്ണ എച്ച്.എസ്.എസ്, ഗുരുവായൂർ). മകൾ: ഡോ. രാജശ്രീ എസ്. നായർ (ഇഖ്റ ആശുപത്രി, കോഴിക്കോട്). മരുമകൻ: ഡോ. അക്ഷിത് മേനോൻ (എമർജൻസി മെഡിസിൻ വിഭാഗം, കോട്ടയം മെഡിക്കൽ കോളജ്).

# രണ്ടാം പിണറായി സർക്കാരിന്റെ പരസ്യച്ചെലവ് 203 കോടി

കൊച്ചി: കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പിണറായി സർക്കാർ പരസ്യങ്ങൾക്കായി ചെലവഴിച്ചത് 203.23 കോടി രൂപ. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ 2025-2026 സാമ്പത്തികവർഷത്തിലാണ് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വകുപ്പുകളുടെ നേട്ടങ്ങൾ അവതരിപ്പിക്കുന്ന പരസ്യങ്ങൾക്കായി ഏറ്റവുമധികം തുക ചെലവഴിച്ചതെന്നും കേരള സർക്കാരിന്റെ വിവര പൊതുജന സമ്പർക്ക വകുപ്പ് പുറത്തുവിട്ട രേഖകൾ വ്യക്തമാക്കുന്നു.

2021-ൽ സർക്കാർ അധികാരമേറ്റതുമുതൽ 2026 മാർച്ച് 31 വരെ 203,23,49,976 രൂപയാണു ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലുൾപ്പെടെ പരസ്യയിനത്തിൽ ചെലവിട്ടത്. ഇലക്ട്രോണിക് മാധ്യമങ്ങളിലെ പരസ്യങ്ങൾക്കു മാത്രം ചെലവിട്ടത് 41.70 കോടി രൂപ.

സർക്കാരിന്റെ ആദ്യവർഷം 39.21 കോടി രൂപയാണു പരസ്യത്തിനായി ചെലവഴിച്ചത്. ഇതിൽ കൂടുതലും ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലാണു നൽകിയത്. അവസാന വർഷമായപ്പോൾ ആകെ 87.07 കോടി രൂപയുടെ പരസ്യങ്ങൾ ചെയ്തതായി കാസർഗോഡ് സ്വദേശി എ.എ. മുഹമ്മദ് അഷ്റഫിനു വിവരാവകാശ നിയമപ്രകാരം സർക്കാർ നൽകിയ മറുപടികളിൽ വ്യക്തമാകുന്നു.

2022-23-ൽ 25.20 കോടിയും 2023-24-ൽ 24.34 കോടിയും 2024-25-ൽ 27.38 കോടിയുമാണ് പരസ്യങ്ങൾക്കായി നീക്കിവെച്ചത്. അഞ്ചുവർഷം ടെൻഡർ പരസ്യങ്ങൾക്കായി കേരള സർക്കാർ ചെലവഴിച്ചത് 54 കോടിയിലധികം രൂപയാണെന്നും രേഖകൾ വ്യക്തമാക്കുന്നു.

# ഐഎസ്ആർഒ പരാജയങ്ങൾക്ക് കാരണം അശ്രദ്ധയെന്ന് മുൻ ചെയർമാൻ

തിരുവനന്തപുരം: പെട്ടെന്നുള്ള മാറ്റങ്ങളല്ല, കാലക്രമേണ അടിഞ്ഞുകൂടുന്ന വിട്ടുവീഴ്ചകളാണു ബഹിരാകാശരംഗത്തെ പരാജയങ്ങൾക്കു കാരണമെന്ന് ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ്.


തുടർച്ചയായ വിവരങ്ങൾ പോലും പഠനപ്രക്രിയ മന്ദഗതിയിലാകുന്നതോടെ അപകടകരമായ ആത്മവിശ്വാസം സൃഷ്ടിക്കുമെന്ന് കൊളംബിയ ദുരന്തം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പരാജയം സംഭവിച്ച ശേഷം അതിനെക്കുറിച്ച് ആത്മപരിശോധന നടത്തുന്ന രീതി ശരിയല്ലെന്നും സോമനാഥ് പറഞ്ഞു.

സൊസൈറ്റി ഫോർ എയ്റോ സ്പേസ് ക്വാളിറ്റി ആൻഡ് റിലയബിലിറ്റിയും (എസ്എക്യുആർ) വിക്രം സാരാഭായ് സ്പേസ് സെന്ററും (വിഎസ്എസ്സി) ചേർന്നു സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വിഎസ്എസ്സി ഡയറക്ടർ എം. രാജരാജൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.






PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# പരാതി വൈകി നൽകിയാലും പോക്സോ കേസ് നിലനിൽക്കും: ഹൈക്കോടതി

കൊച്ചി: പ്രായപൂർത്തിയാകാത്തവർക്കെതിരെയുള്ള ലൈംഗികാതിക്രമക്കേസിൽ മതിയായ കാരണങ്ങളുണ്ടെങ്കിൽ പരാതി നൽകാൻ വൈകിയതു കേസ് റദ്ദാക്കാൻ കാരണമല്ലെന്നു ഹൈക്കോടതി വ്യക്തമാക്കി. പതിനൊന്നുവയസ്സുകാരിയെ പീഡിപ്പിച്ചെന്ന കേസിൽ പാലക്കാട് ഒറ്റപ്പാലം സ്വദേശിയായ യുവാവിനെ കുറ്റക്കാരനായി കണ്ടെത്തിയതു ശരിവെച്ച ഉത്തരവിലാണു ജസ്റ്റിസ് എ. ബദറുദ്ദീൻ ഇക്കാര്യം വ്യക്തമാക്കിയത്. 2010 ഡിസംബർ 12-നാണ് സംഭവം.

പെൺകുട്ടി മാത്രം വീട്ടിലുണ്ടായിരുന്നപ്പോൾ അതിക്രമിച്ച് കയറി പ്രകൃതി വിരുദ്ധ ലൈംഗികതയ്ക്ക് ഇരയാക്കുകയായിരുന്നു. ഇത് ആരോടെങ്കിലും പറഞ്ഞാൽ കൊല്ലുമെന്നടക്കം ഭീഷണിപ്പെടുത്തി. കുട്ടിയുടെ നഗ്നചിത്രങ്ങളും പ്രതി എടുത്തു. സംഭവത്തിന് ശേഷം ആശുപത്രിയിലും സ്കൂളിലുമൊക്കെയെത്തി ഭീഷണി തുടർന്നു.

ശാരീരിക ബുദ്ധിമുട്ട് അനുഭവിച്ച കുട്ടിയെ ആശുപത്രിയിൽ എത്തിച്ചപ്പോൾ ഡോക്ടറോടാണ് സംഭവങ്ങൾ പറഞ്ഞത്. തുടർന്നു സംഭവം നടന്നു 15 ദിവസങ്ങൾക്കുശേഷം അമ്മയോടൊപ്പം എത്തി പോലീസിൽ പരാതി നൽകി. കേസ് രജിസ്റ്റർ ചെയ്തത് 2011 ജനുവരി നാലിനാണ്. പരാതി നൽകുന്നതിലെ കാലതാമസമടക്കമുള്ള കാരണങ്ങളാൽ കേസ് റദ്ദാക്കണമെന്നായിരുന്നു ഹർജിക്കാരുടെ ആവശ്യം. എന്നാൽ പ്രഥമ വിവര മൊഴി (എഫ്ഐഎസ്) നൽകാനും തുടർന്നു എഫ്ഐആർ രജിസ്റ്റർ ചെയ്യാനും വൈകിയതു സംബന്ധിച്ചു കൃത്യമായ വിശദീകരണമുണ്ടെന്നു കോടതി വിലയിരുത്തി.

ലൈംഗികാതിക്രമത്തിനു പുറമേ, സ്ത്രീത്വത്തെ അപമാനിക്കുകയെന്ന ലക്ഷ്യത്തോടെ ബലം പ്രയോഗിക്കുക, വീട്ടിൽ അതിക്രമിച്ച് കയറുക തുടങ്ങിയവ അടക്കമുള്ള കുറ്റങ്ങൾക്കായിരുന്നു പാലക്കാട് അഡീഷണൽ സെഷൻസ് കോടതി ഏഴുവർഷം തടവിനു ശിക്ഷിച്ചത്. ഇത് അപ്പീലിൽ അഞ്ച് വർഷം തടവായി ചുരുക്കി.

# പുതിയ നിശാശലഭത്തിന് മാർപാപ്പയുടെ പേര്

ഏഥൻസ്: ഗ്രീസിലെ ക്രീറ്റ് വൈറ്റ് മൗണ്ടൻസിൽ കണ്ടെത്തിയ പുതിയയിനം നിശാശലഭത്തിനു ലിയോ 14-ാമൻ മാർപാപ്പയുടെ പേര് നൽകി. ലിയോ മാർപാപ്പയുടെ പേരിൽനിന്ന് പാപാലിയോണി എന്ന പേരാണു നൽകിയത്. പാരിസ്ഥിതിക ശുഭപ്രതീക്ഷ നൽകുന്നതാണു പുതിയ നിശാശലഭമെന്നാണു ഗവേഷകരുടെ വാദം. യൂറോപ്പിൽനിന്ന് ഇനിയും നിശാശലഭങ്ങളെ കണ്ടെത്താനാകുമെന്നാണു ഗവേഷകർ പറയുന്നത്. ക്രീറ്റിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ള വൈറ്റ് മൗണ്ടൻസിൽ മാത്രമേ പാപാലിയോണിയുള്ളൂ. അത് ദ്വീപിന്റെ തനതായ ഒരു നിധിയായി കണക്കാക്കപ്പെടുന്നു.



പാപാലിയോണിക്ക് ഏകദേശം രണ്ട് സെന്റിമീറ്റർ നീളമുള്ള ചിറകുകളാണ് ഉള്ളത്. അത് നിശാശലഭങ്ങളുടെ വിഭാഗത്തിലെ ഇടത്തരം വലുപ്പമുള്ള ഒന്നാണ്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത മുൻചിറകുകളാണ്, അതിൽ ഓറഞ്ച്-സ്വർണ വർണങ്ങളും വെള്ളി നിറത്തിലുള്ള വരകളും കാണാം.

ഈ നിശാശലഭങ്ങൾ കൃത്രിമ പ്രകാശ സ്രോതസ്സുകളിൽ കാണപ്പെടുകയും ജൂൺ മാസത്തിൽ സജീവമാകുകയും ചെയ്യുന്നു. ഇതുവരെ, പുതിയ ഇനത്തിന്റെ ജീവശാസ്ത്രത്തെയും ജീവിതരീതിയെയും കുറിച്ച് വളരെ കുറച്ച് മാത്രമേ അറിയൂ. ചിറകിന്റെ പാറ്റേൺ, നിറം, ജനനേന്ദ്രിയ രൂപഘടന തുടങ്ങിയ ക്ലാസിക്കൽ രൂപഘടനപരമായ സവിശേഷതകളെയും ജനിതക വിരൽത്തുമ്പടയാളങ്ങളെയും അടിസ്ഥാനമാക്കിയാണ് ഇതിനെ ബന്ധപ്പെട്ട മറ്റ് ഇനങ്ങളിൽനിന്ന് വേർതിരിച്ചറിഞ്ഞത്. തന്മാത്രാപരമായ വിശകലനങ്ങൾ സൂചിപ്പിക്കുന്നത്, ഏറ്റവും അടുത്ത ബന്ധുവുമായി ഏകദേശം ആറ് ശതമാനം വ്യത്യാസമുണ്ടെന്നും ഇത് വ്യക്തമായും ഒരു പ്രത്യേക ഇനമാണെന്നും ആണ് പ്രമുഖ വ്യക്തികളെ ആദരിക്കാൻ അവരുടെ പേരുകൾ പൂമ്പാറ്റ-ചിത്രശലഭ വർഗങ്ങൾക്കു നൽകാറുണ്ട്. 1775-ൽ, ഓസ്ട്രിയൻ പ്രകൃതിശാസ്ത്രജ്ഞരായ മൈക്കിൾ ഡെന്നിസും ഇഗ്നാസ് ഷിഫർമുള്ളറും ഈ വിഭാഗത്തിലെ ആദ്യത്തെ ഇനത്തെ രാജകീയ എന്ന് വിശേഷിപ്പിച്ചു. വർണ്ണനകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഇത്.

# ശ്വാസത്തിൽനിന്ന് പ്രമേഹ സാധ്യത കണ്ടെത്തുന്ന ഉപകരണത്തിന് പേറ്റന്റ്

കളമശേരി: ഒറ്റ ശ്വാസത്തിൽനിന്നു പ്രമേഹ സാധ്യതകൾ കണ്ടെത്താൻ ബാറ്ററി ഇല്ലാതെ പ്രവർത്തിക്കുന്ന കുഞ്ഞൻ ശ്വാസ സെൻസർ വികസിപ്പിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ശാസ്ത്രജ്ഞർ. ചാർജറോ വൈദ്യുതിയോ ഉപയോഗിക്കാതെ 'മിനിയേച്ചറൈസ്ഡ് ട്രൈബ്രോ ഇലക്ട്രിക ബ്രീത്ത് അസറ്റോൺ സെൻസർ' എന്ന കണ്ടുപിടിത്തം ശ്വാസത്തിലെ അസറ്റോൺ അളക്കുമെന്ന് ഗവേഷകർ അവകാശപ്പെട്ടു. കണ്ടുപിടുത്തത്തിനു സർക്കാർ പേറ്റന്റ് അനുവദിച്ചു.



ഡോ. ഹണി ജോൺ, ഡോ. എൻ. മനോജ്, ഡോ. അൻഷിദ മായീൻ, ഡോ. ധനു ട്രീസ മാത്യു

പ്രമേഹ രോഗികളിൽ അസറ്റോൺ കൂടുതലായിരിക്കും. കീറ്റോഅസിഡോസിസ് സാധ്യതയും കായികതാരങ്ങളുടെ കാലറി എരിയുന്നതും ഇതിലൂടെ അറിയുവാൻ സാധിക്കും. മുറിയിലെ താപനിലയിൽ തന്നെ വേഗത്തിൽ ഫലം ലഭിക്കും. ഒരു നൈലോൺ ഫിലിമും കോപ്പർ ഷീറ്റും മാത്രം ഉപയോഗിച്ചാണ് ഇത് നിർമിച്ചിരിക്കുന്നത്. ശ്വാസത്തിൽ നിന്ന് തന്നെ വൈദ്യുതി ഉണ്ടാക്കി പ്രവർത്തിക്കുന്നതിനാൽ ബാറ്ററി ആവശ്യമില്ല. കുസാറ്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ മെറ്റീരിയൽസ് ആൻഡ് ഡിവൈസസ് ഡയറക്ടർ ഡോ. ഹണി ജോണിന്റെ നേതൃത്വത്തിൽ റിസർച് സ്കോളർ ഡോ. ധനു ട്രീസ മാത്യു, പോസ്റ്റ് ഡോക്ടറൽ ഫെലോ ഡോ. അൻഷിദ മായീൻ, അപ്ലൈഡ് കെമിസ്ട്രി വകുപ്പ് പ്രഫസർ ഡോ. എൻ. മനോജ് എന്നിവരാണു കണ്ടുപിടുത്തത്തിനു പിന്നിൽ. കുറഞ്ഞ ചെലവിൽ ഗ്രാമപ്രദേശങ്ങളിൽ പ്രമേഹ പരിശോധനയ്ക്കും ഫിറ്റ്നസ് ട്രാക്കിങ്ങിനും ഈ ഉപകരണം ഏറെ പ്രയോജനകരമായിരിക്കുമെന്നു ഗവേഷകർ പറയുന്നു.

# കുറ്റവാളികൾക്ക് പോലീസിൽ സ്ഥാനക്കയറ്റം വേണ്ടെന്ന് കമ്മീഷൻ

മലപ്പുറം: പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർക്കു സ്ഥാനക്കയറ്റം ലഭിക്കുന്നില്ലെന്ന് പൊതുതാത്പര്യമനുസരിച്ച് സർക്കാർ ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷൽ അംഗം കെ. ബൈജുനാഥ്. സേനയുടെ വിശ്വാസ്യതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിനായി ആധുനികവും ശാസ്ത്രീയവുമായ പരിശീലനമുറകൾ നടപ്പാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. പോലീസിലെ അഴിമതി, അശാസ്ത്രീയമായ സ്ഥാനക്കയറ്റം, പരിശീലനത്തിലെ പോരായ്മകൾ എന്നിവ പരിശോധിച്ച് ആവശ്യമായ നയപരമായ മാറ്റങ്ങൾ വരുത്തണമെന്നും കെ. ബൈജുനാഥ് ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകി.

ഫലപ്രദമായ പരിശീലനമില്ലാത്തതുകാരണം പോലീസ്, ജയിൽ സേനാംഗങ്ങളിൽ കൂടുതൽ പേരും സംശയാസ്പദവും സ്വാഭാവികമല്ലാത്തതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്ന പരാതിയിലാണ് നടപടി. എഎസ്ഐ പ്രൊമോഷൻ കാരണം സേനയിൽ അഴിമതിയും കുറ്റവാസനയും വർധിക്കുകയാണെന്നും ഡോ. സുരേഷ് കെ. ഗുപ്തൻ സമർപ്പിച്ച പരാതിയിൽ പറഞ്ഞു. മലപ്പുറം ഡിവൈഎസ്പി സമർപ്പിച്ച റിപ്പോർട്ടിൽ പൊതുജനങ്ങളോടുള്ള സമീപനത്തിൽ പുലർത്തേണ്ട മാന്യത സംബന്ധിച്ച് അവബോധം വർധിപ്പിക്കാൻ സബ് ഡിവിഷനിലെ പോലീസുദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞു.






# മതവിഷയത്തിൽ നിയമമുണ്ടാക്കിയാൽ ഭരണഘടനാ ലംഘനമാകുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മതത്തെതൊടുന്ന വിഷയത്തിൽ ഭരണകൂടം നിയമമുണ്ടാക്കിയാൽ അത് ഭരണഘടനാ ലംഘനമാകുമെന്ന് സുപ്രീംകോടതി. അങ്ങനെവന്നാൽ അത് കോടതിയിൽ ചോദ്യംചെയ്യാമെന്നും ശബരിമലവിഷയം പരിഗണിക്കുന്ന ഒമ്പതംഗ ബെഞ്ച് വാക്കാൽ നിരീക്ഷിച്ചു.

മതവുമായി ബന്ധപ്പെട്ട മതേതര പ്രവർത്തനങ്ങളിൽ സാമൂഹികക്ഷേമവും പരിഷ്കരണവും മുൻനിർത്തി നിയമനിർമാണം നടത്താൻ ഭരണഘടനയുടെ 25(2) വകുപ്പ് പ്രകാരം ഭരണകൂടത്തിന് അധികാരമുണ്ട്. എന്നാൽ, 26-ാം വകുപ്പ് പ്രകാരം വിശ്വാസി സമൂഹത്തിന് ഉറപ്പുനൽകുന്നതും മതത്തെ തൊടുന്നതുമായ വിഷയത്തിലാണ് നിയമനിർമാണമെങ്കിൽ അത് 25(1) വകുപ്പിന്റെ ലംഘനമാകുമെന്ന് ജസ്റ്റിസ് ബി.വി. നാഗരത്ന ചൂണ്ടിക്കാട്ടി. അത്തരം നിയമങ്ങൾ കോടതിയിൽ ചോദ്യംചെയ്യാമെന്നും അവർ പറഞ്ഞു.

മിശ്രവിവാഹംചെയ്ത പാഴ്സി സ്ത്രീയെ മതഭ്രഷ്ടരാക്കുന്നതിലെ വിവേചന വിഷയം പരിഗണിക്കവേയാണ് കോടതിയുടെ പരാമർശം. കഴിഞ്ഞ ദിവസങ്ങളിൽ ശബരിമല വിഷയത്തിൽ വാദം നടന്നപ്പോഴും സമാനമായ നിരീക്ഷണങ്ങൾ ഒമ്പതംഗബെഞ്ച് നടത്തിയിരുന്നു.

അന്യമതക്കാരെ വിവാഹംകഴിച്ച പാഴ്സി സ്ത്രീകൾക്ക് ഭ്രഷ്ട് കല്പിക്കണമെന്ന് മതത്തിൽ പറയുന്നുണ്ടോയെന്ന് കോടതി ആരാഞ്ഞു. എന്നാൽ, മതത്തിൽ അങ്ങനെ പറയുന്നില്ലെന്ന് മുതിർന്ന അഭിഭാഷകൻ ഡാരിയസ് ഖംബാത വ്യക്തമാക്കി. ഹൈക്കോടതിയും ഇത് വ്യക്തമാക്കിയതാണെന്ന് ഖംബാത പറഞ്ഞു.

ഒരു വിശ്വാസിസമൂഹത്തിന്റെ മതാചാരത്തെ അതിനകത്തുള്ള വ്യക്തിക്ക് ചോദ്യംചെയ്യാമോ എന്ന വിഷയം ഉദിക്കുന്നില്ലെന്ന് ജസ്റ്റിസ് നാഗരത്ന നിരീക്ഷിച്ചു. കാരണം, ഒരു വിശ്വാസി സമൂഹത്തിനകത്തുള്ള വ്യക്തി അതിന്റെ ആചാരങ്ങളെ പിന്തുടരുന്നവരായിരിക്കണം എന്നതിനാൽ തർക്കത്തിന്റെ വിഷയമുണ്ടാകില്ലെന്നും ജസ്റ്റിസ് നാഗരത്ന പറഞ്ഞു.

ജസ്റ്റിസ് അരവിന്ദ് കുമാർ അതിനോട് വിയോജിച്ചു. വിശ്വാസി സമൂഹത്തിനകത്തുള്ളയാൾക്ക് ഇരട്ട അവകാശമുണ്ടാകാമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിശ്വാസിസമൂഹത്തിന്റെ ഭാഗമായി നിൽക്കുമ്പോൾത്തന്നെ അതിലെ ആചാരങ്ങളെ ചോദ്യംചെയ്യാൻ സാധിക്കുമെന്ന സൂചനയാണ് ജസ്റ്റിസ് അരവിന്ദ് കുമാർ നൽകിയത്.

# ട്രെയിനിൽ രാത്രിയാത്ര ഇനി കർശനം: വൃത്തിക്കും പുതിയ ചട്ടം

പരവൂർ: റെയിൽവേ സ്റ്റേഷനുകളിലെ ശുചിത്വം കാത്തുസൂക്ഷിക്കുന്നതിനും യാത്രക്കാർക്കു സമാധാനപരമായ രാത്രിയാത്ര ഉറപ്പാക്കുന്നതിനുമായി ഇന്ത്യൻ റെയിൽവേ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കി. ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും മാലിന്യം തള്ളുന്നവർക്കെതിരെയും രാത്രികാലങ്ങളിൽ സഹയാത്രികർക്ക് ശല്യമുണ്ടാക്കുന്നവർക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിക്കാനാണ് റെയിൽവേയുടെ തീരുമാനം.

ശുചിത്വ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണു റെയിൽവേ സ്വീകരിക്കുന്നത്. വെസ്റ്റേൺ റെയിൽവേയിൽമാത്രം കഴിഞ്ഞ ഏപ്രിലിൽ ട്രെയിനിലും പരിസരത്തും തുപ്പിയതിനും മാലിന്യം തള്ളിയതിനും 2,657 പേരെയാണ് പിടികൂടിയത്. കഴിഞ്ഞ വർഷം ഇത് വെറും 227 ആയിരുന്നു. പിഴത്തുകയിലും 13 ഇരട്ടി വർധനയുണ്ടായി. 42,050 രൂപയിൽനിന്ന് 5.37 ലക്ഷമായാണ് പിഴത്തുക ഉയർന്നത്.

സിസിടിവി നിരീക്ഷണം ശക്തമാക്കിയതും കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിച്ചതുമാണു നിയമ ലംഘകരെ പിടികൂടാൻ സഹായിച്ചത്. റെയിൽവേ ആക്ട് സെക്ഷൻ 198 പ്രകാരം സീറോ ടോളറൻസ് നയമാണ് അധികൃതർ പിന്തുടരുന്നത്. മൺസൂൺ കാലത്ത് മാലിന്യങ്ങൾ ഡ്രെയിനേജ് സംവിധാനങ്ങളെ തടസപ്പെടുത്തുന്നത് ഒഴിവാക്കാൻ ഇത്തരം നടപടികൾ അത്യാവശ്യമാണെന്ന് റെയിൽവേ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ അറിയിച്ചു.

രാത്രി 10 മുതൽ രാവിലെ ആറ് വരെയുള്ള സമയത്ത് യാത്രക്കാർ പാലിക്കേണ്ട നിബന്ധനകൾ റെയിൽവേ വീണ്ടും ഓർമിപ്പിച്ചു. ഫോണിലൂടെ ഉച്ചത്തിലുള്ള സ്പീക്കറിൽ പാട്ട് കേൾക്കുന്നതും നിരോധിച്ചു. യാത്രക്കാർ നിർബന്ധമായും ഇയർഫോണുകൾ ഉപയോഗിക്കണം. രാത്രി 10-നുശേഷം മിഡിൽ ബർത്ത് റിസർവ് ചെയ്ത യാത്രക്കാർക്കായി വിട്ടുകൊടുക്കണം.

ഉറക്കത്തിന് തടസമാകുന്ന തരത്തിലുള്ള വെളിച്ചം ഒഴിവാക്കി നൈറ്റ് ലൈറ്റുകൾ മാത്രം ഉപയോഗിക്കണം. രാത്രി 10-നുശേഷം ട്രെയിനിൽ കയറുന്നവരൊഴികെ മറ്റുള്ളവരുടെ ടിക്കറ്റ് പരിശോധന ഒഴിവാക്കാൻ ടിടിഇമാർക്കു നിർദേശം നൽകിയിട്ടുണ്ട്.

രാത്രിയാത്രയിൽ ഭക്ഷണത്തിനായി ഇ - കാറ്ററിംഗ് വഴി മുൻകൂട്ടി ഓർഡർ ചെയ്യാൻ യാത്രക്കാർ ശ്രദ്ധിക്കണമെന്നും അധികൃതർ നിർദേശിച്ചു. ഈ നിർദേശങ്ങൾ അടങ്ങിയ പ്രത്യേക അടിയന്തര സർക്കുലർ റെയിൽ മന്ത്രാലയം എല്ലാ സോണൽ മേധാവികൾക്കും കൈമാറിയിട്ടുണ്ട്.

# വിവാഹമോചനത്തിന് കാരണം ബോധിപ്പിക്കേണ്ടതില്ല: ഹൈക്കോടതി

കൊച്ചി: വേർപിരിഞ്ഞു താമസിക്കാനുള്ള കാരണം ബോധിപ്പിച്ചില്ല എന്നതുകൊണ്ട് മാത്രം പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചനം കുടുംബക്കോടതിക്കു നിഷേധിക്കാൻ കഴയില്ലെന്ന് ഹൈക്കോടതി. പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചനത്തിന് കുടുംബക്കോടതിയെ സമീപിച്ച് ദമ്പതികൾക്കു വിവാഹമോചനം നിഷേധിച്ചതിനെതിരെയുള്ള ഹർജിയിലാണ് കോടതി ഉത്തരവ്. രണ്ടു വർഷത്തിലധികം വേർപിരിഞ്ഞു താമസിക്കുന്നുവെന്ന് സത്യവാങ്മൂലം നൽകി. എന്നാൽ എന്തുകൊണ്ട് വേർപിരിഞ്ഞു എന്ന കാരണം ഹർജിയിൽ പറഞ്ഞില്ല. കാരണം വ്യക്തമാക്കിയില്ലെന്നു ചൂണ്ടിക്കാട്ടി കുടുംബക്കോടതി വിവാഹമോചനം നിഷേധിച്ചു. തുടർന്നാണ് കുടുംബക്കോടതി ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയത്. നിയമപ്രകാരം ഒരു വർഷം വേർപിരിഞ്ഞു താമസിക്കുകയും ഒരുമിച്ച് ജീവിക്കാൻ പറ്റില്ലെന്ന് പരസ്പരസമ്മതത്തോടെ അറിയിക്കുകയും ചെയ്താൽ വിവാഹമോചനമാകാം. എന്തുകൊണ്ട് വിവാഹമോചനം എന്നതിനുള്ള കാരണം വ്യക്തമാക്കണമെന്നു നിയമത്തിലില്ല. സ്വകാര്യ കാര്യങ്ങൾ കോടതിയിൽ പറയാൻ നിർബന്ധിക്കരുത്. വൈവാഹിക ജീവിതം പരാജയപ്പെട്ടുവെന്ന് ബോധ്യപ്പെട്ടാൽ വിവാഹമോചനം അനുവദിക്കണം. ജീവിക്കാൻ പറ്റില്ലെന്ന് ഇരുകൂട്ടരും പറഞ്ഞാൽ, വിവാഹബന്ധം പൂർണമായും തകർന്നുവെന്ന് അനുമാനിക്കാമെന്നും ഡിവിഷൻബെഞ്ച് വ്യക്തമാക്കി.

# റൂബിയോ വത്തിക്കാനിൽ മാർപാപ്പയെ സന്ദർശിച്ചു


യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വത്തിക്കാനിൽ ലെയോ പതിനാലാമൻ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ.

വത്തിക്കാൻ സിറ്റി: യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വത്തിക്കാനിലെത്തി ലെയോ പതിനാലാമൻ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. മെയ് ഏഴിന് രാവിലെ പ്രാദേശിക സമയം 11.30-ന് അപ്പസ്തോലിക് കൊട്ടാരത്തിലായിരുന്നു 45 മിനിറ്റ് നീണ്ടുനിന്ന കൂടിക്കാഴ്ച. കൂടിക്കാഴ്ചയിൽ വത്തിക്കാനും യുഎസും തമ്മിൽ ഊഷ്മളമായ ഉഭയകക്ഷി ബന്ധം വളർത്തിയെടുക്കുന്നതിനുള്ള പ്രതിബദ്ധത പുതുക്കിയതായും യുദ്ധം, രാഷ്ട്രീയ സംഘർഷങ്ങൾ, ദുഷ്കരമായ മാനുഷിക സാഹചര്യങ്ങൾ എന്നിവ അനുഭവിക്കുന്ന രാജ്യങ്ങൾക്കു പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് സമാധാനത്തിനായി അക്ഷീണം പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്തതായും വത്തിക്കാൻ പ്രസ് ഓഫീസ് അറിയിച്ചു.

ഇരുവരും പശ്ചിമേഷ്യയിലെ സ്ഥിതിഗതികളും ലോകത്തിന്റെ ഇതരഭാഗങ്ങളിലെ പരസ്പരതാത്പര്യമുള്ള വിഷയങ്ങളും ചർച്ച ചെയ്തതായി യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് പത്രക്കുറിപ്പിൽ അറിയിച്ചു.

മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനുമായും വത്തിക്കാനിലെ മറ്റ് പ്രമുഖരുമായും റൂബിയോ കൂടിക്കാഴ്ച നടത്തി. അതേസമയം, ഇറാന് ആണവായുധങ്ങൾ ഉണ്ടാകാൻ പാടില്ല എന്ന സന്ദേശവും മാർക്കോ റൂബിയോ മാർപാപ്പയെ അറിയിക്കുമെന്ന് വാഷിംഗ്ടണിൽ കത്തോലിക്കാമാധ്യമമായ ഇഡബ്ല്യുടിഎന്നിനു നൽകിയ അഭിമുഖത്തിൽ യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് വ്യക്തമാക്കിയിരുന്നു.



# ജോസഫ് റോയിക്ക് ഹെൽത്ത് കെയർ അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ്

ജോസ് കണിയാലി

ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് മെഡിക്കൽ സെന്ററിലെ റെസ്പിറേറ്ററി, ഹൈപ്പർബാരിക് തെറാപ്പി വിഭാഗങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ജോസഫ് റോയി (റോയി ചേലമലയിൽ) ഡോക്ടറേറ്റ് നേടി. ഗ്രാൻഡ് കാനിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഹെൽത്ത്കെയർ അഡ്മിനിസ്ട്രേഷനിൽ ആണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചത്.

കോട്ടയം പുന്നത്തുറ സ്വദേശിയായിരുന്ന അദ്ദേഹം കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും കെമിസ്ട്രിയിൽ ബിരുദം, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽനിന്നും പോളിമർ ടെക്നോളജിയിൽ എൻജിനീയറിങ് ബിരുദം എന്നിവയ്ക്കു ശേഷം അമേരിക്കയിൽനിന്നും റെസ്പിറേറ്ററി തെറാപ്പിയിൽ അസോസിയേറ്റ് ഡിഗ്രിയും നാഷണൽ ലൂയിസ് യൂണിവേഴ്സിറ്റിയിൽ നിന്നും ഹെൽത്ത്കെയർ അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സ് ഡിഗ്രിയും നേടിയതിനു ശേഷമാണ് ഇപ്പോൾ ഈ ഡോക്ടറേറ്റ് നേടിയത്.

സെന്റ് അഗസ്റ്റിൻ കോളജിലെ റെസ്പിറേറ്ററി തെറാപ്പി അസോസിയേറ്റ് ഡിഗ്രി പ്രോഗ്രാമിന്റെ പ്രോഗ്രാം ഡയ




ഡോ. ജോസഫ് റോയി

റക്ടർ ആയും ഇല്ലിനോയി മസോണിക് ഹോസ്പിറ്റലിന്റെ റെസ്പിറേറ്ററി ഡിപ്പാർട്ടുമെന്റിന്റെ മാനേജർ ആയും പ്രവർത്തിച്ചതിനു ശേഷമാണ് യുഐസിയിൽ ഡയറക്ടർ ആയി ജോയിൻ ചെയ്തത്.

നിരവധി പ്രൊഫഷണൽ സംഘടനകളിലും സഭാ സാമുദായിക സംഘടനകളിലും സജീവസാന്നിദ്ധ്യമാണ് ഡോക്ടർ റോയി. മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ-മാർക്കിന്റെ മുൻ സെക്രട്ടറിയും നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും ആയ ഇദ്ദേഹം ഇല്ലിനോയി അമേരിക്കൻ റെസ്പിറേറ്ററി സംഘടനകളിലും അമേരിക്കൻ കോളജ് ഓഫ് ഹെൽത്ത്കെയർ എക്സിക്യൂട്ടീവ്സിലും അംഗമാണ്.

ചിക്കാഗോ ക്നാനായ കത്തോലിക്കാ സൊസൈറ്റിയുടെ മുൻ സെക്രട്ടറിയായ അദ്ദേഹം നിലവിൽ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ പബ്ലിക് റിലേഷൻ ഓഫീസർ ആയും നൈൽസ് റോട്ടറി ക്ലബിന്റെ ബോർഡ് അംഗവും ആയി പ്രവർത്തിക്കുന്നു. അരീക്കര കോഴംപ്ലാക്കിൽ ഷീനയാണ് ഭാര്യ. റെജീന, പീറ്റർ, ക്രിസ്റ്റീന എന്നിവർ മക്കൾ.



# ടിസാക് അന്താരാഷ്ട്ര വടംവലി മത്സരം കിക്കോഫ് സിനിമാതാരം ഹണിറോസ് നിർവഹിച്ചു

ജീമോൻ റാന്നി

ഹൂസ്റ്റൺ: ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബിന്റെ (ടിസാക്) ആഭിമുഖ്യത്തിൽ 2027 ജൂലൈ 25-ന് നടത്തപ്പെടുന്ന സീസൺ 5 അന്താരാഷ്ട്ര വടംവലിയുടെ കിക്കോഫ് ചടങ്ങുകൾ പ്രശസ്ത സിനിമാതാരം ഹണി റോസ് നിർവഹിച്ചു. മെയ് 3-ന് വൈകുന്നേരം മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (മാഗ്)-ന്റെ ആഭിമുഖ്യത്തിൽ സ്റ്റാഫ്ഫോർഡ് ഇമ്മാനുവേൽ സെന്ററിൽ നടത്തിയ സ്റ്റാർ ഡ്രീംസ് ഷോയോടനുബന്ധിച്ച് തിങ്ങിനിറഞ്ഞുനിന്ന കലാ-കായികാസ്വാദകരെ സാക്ഷി നിർത്തി നടത്തിയ കിക്കോഫ് ചടങ്ങുകൾ വർണാഭമായി മാറി. പ്രസിഡണ്ട് ഡാനി രാജുവിന്റെ നേതൃത്വത്തിൽ ടിസാക്ക് അംഗങ്ങൾ എല്ലാവരും പ്രത്യേക യൂണിഫോമിൽ വേദിയിൽ അണിനിരന്നു വടംപിടിച്ചു നിന്നപ്പോൾ അതൊരു മനോഹര കാഴ്ചയായി മാറി. മലയാള വെള്ളിത്തിരയിലെ സൗന്ദര്യ റാണിയായ ഹണി റോസ് വടംവലി മത്സരത്തിന് എല്ലാ ഭാവുകങ്ങളും നേർന്നു. മാഗ് പ്രസിഡണ്ട് റോയ് മാത്യുവും ആശംസകൾ നേർന്നു.



മുൻവർഷങ്ങളിലെപ്പോലെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിക്കത്തക്ക വിധത്തിൽ വടംവലി കെങ്കേമമാക്കാൻ ക്രമീകരണങ്ങൾ ആരംഭിച്ചുവെന്ന് സംഘാടകർ അറിയിച്ചു.

ആയിരക്കണക്കിന് ആളുകളെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഫോർട്ട് ബെൻഡ് കൗണ്ടി എപ്പിസെന്ററിലാണ് (Fort bend County Epicenter-Indoor ainconditioning) സീസൺ 5 മത്സരങ്ങൾ നടക്കുന്നത്. യുഎസ്എ, കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങളിൽ നിന്നും നിരവധി ടീമുകളാണ് വടംവലിച്ചു ജയം പരീക്ഷിക്കാൻ എത്തുന്നത്. വിജയികൾക്കും പങ്കെടുക്കുന്നവർക്കും ട്രോഫികളും ക്യാഷ് അവാർഡുകളും നല്കും.






# ക്രൈറ്റർ ഗ്രൂപ്പിന്റെ പ്രീമിയം റെസിഡൻഷ്യൽ പദ്ധതിയായ 'ദ സ്കൈ' നിർമ്മാണത്തിനൊരുങ്ങി



കോഴിക്കോട്: കോഴിക്കോട് കാശ്മീർ കുന്നിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ റിയൽ എസ്റ്റേറ്റ് റീട്ടെയിൽ മേഖലകളിലെ പ്രമുഖ നിക്ഷേപക സ്ഥാപനമായ ക്രൈറ്റർ ഗ്രൂപ്പിന്റെ 'ദ സ്കൈ' എന്ന അഭിമാന പദ്ധതി മാനേജിങ് ഡയറക്ടർ ഇഫ്‌ളു റഹ്മാൻ പ്രഖ്യാപിച്ചു. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്ത്യ ഓപ്പറേഷൻ മാനേജിങ് ഡയറക്ടർ ഒ. അഷർ പദ്ധതി പൊതുജനങ്ങൾക്കായി സമർപ്പിച്ചു.

ഭാവിയെക്കുറിച്ച് ദീർഘദർശനം നടത്തുന്ന ഓരോ വ്യക്തിയെയും സൃഷ്ടിക്കുന്നതിൽ ഒരു വീടിന് പങ്കുണ്ടെന്നും അനുയോജ്യമായ ചുറ്റുപാടുകൾക്ക് ചിന്തകളെ കൂടുതൽ തെളിച്ചമുള്ളതാക്കാനും കഴിവുകളെ പുറത്തെടുക്കാനും കഴിയുമെന്നും ഗ്രൂപ്പ് സ്ഥാപകൻ കൂടിയായ ഇഫ്‌ളു റഹ്മാൻ പറഞ്ഞു. അതുകൊണ്ടാണ് ആഗോള പ്രശസ്തരായ സ്റ്റീവ് ജോബ്സിനെയും ബിൽ ഗേറ്റ്സിനെയും പോലുള്ളവർ പ്രകൃതിയോട് ചേർന്നുള്ള ശാന്തമായ ഇടങ്ങൾ താമസിക്കാനായി തെരഞ്ഞെടുത്തത്. 'ഒന്നിച്ചു മുന്നേറുകയും വികസിക്കുകയും ശോഭിക്കുകയും ചെയ്യുക' (Going growing and glowing together) എന്ന തത്വമാണ് ക്രൈറ്റർ ഗ്രൂപ്പിന്റെ അടിസ്ഥാനമെന്നും കേവലം താമസസ്ഥലങ്ങൾ എന്നതിലുപരി വ്യക്തികളുടെ വളർച്ചയെയും ചിന്തകളെയും സ്വാധീനിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്നും അദ്ദേഹം പറഞ്ഞു.

പദ്ധതിക്കായി കണ്ടെത്തിയ അപൂർവവും പ്രകൃതിരമണീയവുമായ ഭൂപ്രദേശവും കാലാതീതമായ വാസ്തുവിദ്യയും ചേർന്ന് ഇതിനെ മികച്ചൊരു നിക്ഷേപ പദ്ധതിയാക്കി മാറ്റിയിട്ടുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡെറിൽ ജോൺ അഭിപ്രായപ്പെട്ടു. കാലമെത്ര കഴിഞ്ഞാലും മൂല്യവും ഭംഗിയും ചോർന്നു പോകാത്ത വിധത്തിലാണ് ഓരോ വീടും രൂപകല്പന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മുന്നൂറിലധികം പ്രമുഖ വ്യക്തികൾ പങ്കെടുത്ത ചടങ്ങിൽ ആഡംബര വാഹനമായ ലംബോർഗിനിയുടെ ഏറ്റവും പുതിയ മോഡലുകളായ ഉറൂസ് (Urus), ടെമറാരിയോ (Temerario) എന്നിവയുടെ പ്രദർശനവും നടന്നു. നഗരഹൃദയത്തിൽ നിന്ന് 12 മിനിറ്റ് മാത്രം ദൂരത്തിൽ പ്രകൃതിഭംഗി തുളുമ്പുന്ന കാശ്മീർ കുന്നിലെ ടേബിൾടോപ്പ് ഭൂപ്രകൃതിയിലാണ് പദ്ധതി ഒരുങ്ങുന്നത്. ഏകദേശം 250 കോടി ചെലവുവരുന്ന പദ്ധതിക്ക് കീഴിൽ 10 ഏക്കറിലായി 62 ആഡംബര വില്ലകളാണ് വിഭാവനം ചെയ്യുന്നത്. 7 മുതൽ 12 സെന്റ് വരെയുള്ള പ്ലോട്ടുകളിൽ 3,200 മുതൽ 5,700 ചതുരശ്രഅടി വരെ വിസ്തീർണ്ണമുള്ള വില്ലകളാണ് ഉയരുക.



പദ്ധതിയുടെ ഭാഗമായി 22,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ക്ലബ് ഹൗസ്, പെന്റ് ഹൗസ്, 20 മീറ്റർ സ്വിമ്മിംഗ് പൂൾ, 150 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാൾ, മിനി ഗോൾഫ് കോഴ്സ്, പിക്സൽ ബോൾ കോർട്ട്, 1.5 കിലോമീറ്റർ സൈക്ലിംഗ് ട്രാക്ക്, ഹെലിപാഡ് എന്നിവയും ഉണ്ടാകും.

പ്രശസ്ത തെന്നിന്ത്യൻ നടി ശ്രിയ ശരൺ ആണ് 'ദ സ്കൈ'യുടെ ബ്രാൻഡ് അംബാസഡർ. 'ലോകാ ചാപ്റ്റർ-1' എന്ന സിനിമയിലൂടെ പ്രശസ്തയായ ഗായിക സെബ ടോമി ആലപിച്ച 'ദ സ്കൈ ഗീത'വും ചടങ്ങിൽ പുറത്തിറക്കി. ക്രൈറ്റർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡാഡു ഇഫ്‌ളു, റെഷ്മി ഭട്ട്, മുനീസ് മുസ്തഫ, സി.വി. അജ്നാസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




# ചിക്കാഗോ സെന്റ് മേരീസിൽ മെൻസ് മിനിസ്ട്രിയുടെ പ്രവർത്തനോദ്ഘാടനം

റോയി ചേലമലയിൽ

ചിക്കാഗോ: ചിക്കാഗോ മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ മെൻസ് മിനിസ്ട്രിയുടെ 2026 -27 വർഷത്തെ പ്രവർത്തനോദ്ഘാടനം മെയ് 3-ന് ഞായറാഴ്ച നടത്തപ്പെട്ടു. രാവിലെ പത്തു മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന സമ്മേളനത്തിൽ വെച്ച് വികാരി ഫാ. സിജു മുടക്കോടിൽ, മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ്, കൂടാരയോഗം മെൻസ് മിനിസ്ട്രി ഭാരവാഹികൾ, പാരിഷ് ട്രസ്റ്റീസ്, വിമൻസ് മിനിസ്ട്രി പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിലവിളക്കു കൊളുത്തി പുതിയ വർഷത്തെ പ്രവർത്തനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫാ. സിജു മുടക്കോടിൽ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഇടവകയുടെ പ്രവർത്തനങ്ങളിൽ മെൻസ് മിനിസ്ട്രിയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുകയും പുതിയ വർഷത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുകയുമുണ്ടായി.

തുടർന്നു നടന്ന സെമിനാറിൽ റിട്ടയർമെന്റ്-ഒരു പുതിയ തുടക്കം എന്ന വിഷയത്തെ അധികരിച്ച് സാമൂഹിക പ്രവർത്തകനും കിഡ്നി ഫൗണ്ടേഷൻ സംഘാടകനും നൈൽസ് റോട്ടറി ക്ലബിന്റെ സ്ഥാപക പ്രസിഡണ്ടുമായ ഷിബു പീറ്റർ വെട്ടുകല്ലേൽ ക്ലാസെടുത്തു. മെൻസ് മിനിസ്ട്രിയുടെ പുതുവർഷത്തെ പ്രവർത്തനങ്ങൾ ഇടവകയെ ഉന്നതിയിലേക്ക് നയിക്കട്ടെ എന്ന് അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ തന്റെ സന്ദേശത്തിൽ ആശംസിച്ചു.



മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ ആയ ബിജു ജെയിംസ് പൂത്തറ സ്വാഗതവും അലക്സ് മുല്ലപ്പള്ളി നന്ദിയും രേഖപ്പെടുത്തി. ഫിലിപ്പ് പുത്തൻപുരയിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ലഘുഭക്ഷണത്തോടെ പരിപാടികൾ സമാപിച്ചു. ഈ പരിപാടികൾക്ക് കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സും നേതൃത്വം നല്കി.

# അനിവാര്യമായിരുന്ന അഡ്വ. വി.എസ്. ജോയിയുടെ വിജയം

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: കോൺഗ്രസ് നേതൃത്വം നൽകുന്ന യുഡിഎഫ് ചരിത്ര വിജയം നേടിയ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടിയവരിൽ ശ്രദ്ധേയനാണ് തവനൂരിൽ നിന്ന് ജയിച്ചു കയറിയ അഡ്വ. വി.എസ്. ജോയി. മലപ്പുറം ഡിസിസി പ്രസിഡണ്ട് കൂടിയായ അദ്ദേഹത്തിന് മത്സരിക്കുവാൻ പാർട്ടി നൽകിയത് കോൺഗ്രസിന് അത്ര സ്വാധീനം ഇല്ലാത്ത നിയോജക മണ്ഡലമായിരുന്നു. നിലവിലുള്ള എംഎൽഎ ഡോ. കെ.ടി. ജലീൽ ശക്തനായ എതിരാളിയായിരുന്നു. പക്ഷേ, തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ ഏകദേശം 15,000–ത്തോളം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ അദ്ദേഹം അവിടെനിന്ന് തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഉൾപ്പെട്ട് നിൽക്കുന്ന ക്രൈസ്തവ സഭയ്ക്കും പെന്തെക്കോസ്ത് സമൂഹത്തിനും വിരലിൽ എണ്ണാൻപോലും അംഗസംഖ്യ ഇല്ലാത്ത ഒരു സ്ഥലത്ത് ഇത്രയും തിളക്കമാർന്ന ഒരു വിജയം ലഭിക്കുമ്പോൾ ഇത് കേരളത്തിന്റെ മതേതരത്വ ജനാധിപത്യ വിജയമാണ് രേഖപ്പെടുത്തുന്നത്. 98 ശതമാനത്തിലേറെ മുസ്ലിം ജനസംഖ്യയുള്ള ഈ നിയോജക മണ്ഡലത്തിൽ അദ്ദേഹം ജയിച്ചു കയറിയതിനെ തുടർന്ന് പി.കെ. കുഞ്ഞാലിക്കുട്ടി നടത്തിയ ഒരു പരാമർശം ശ്രദ്ധേയമായി. ഞങ്ങൾ ആരുടെയും ജാതിയും സമുദായവും നോക്കിയല്ല വോട്ട് ചെയ്തത്. പകരം ജോയിയെ ഞങ്ങളിൽ ഒരുവനെപ്പോലെ കണ്ട് ഞങ്ങൾ ജയിപ്പിച്ചെടുക്കുകയായിരുന്നു. ഇതാണ് റിയൽ കേരള സ്റ്റോറി.



കഴിഞ്ഞ കുറെ വർഷങ്ങളായി വി.എസ്. ജോയി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിയാണ്. ഇടതുപക്ഷത്തുള്ള പലരെയും കോൺഗ്രസിലേക്ക് ആകർഷിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രയത്നങ്ങൾ ഫലം കണ്ടതായി സോഷ്യൽ മീഡിയകളിൽ കാണാമായിരുന്നു. ചില വർഷങ്ങൾക്കുമുമ്പ് നടന്ന നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ തനിക്ക് ലഭിക്കേണ്ട സ്ഥാനാർത്ഥിത്വം മറ്റൊരാൾക്ക് കൈവിട്ടു പോയപ്പോൾ അതിനോട് മാന്യമായി പ്രതികരിച്ച് പാർട്ടിയോടൊപ്പം നിന്ന വി.എസ്. ജോയിക്ക് ഈ തെരഞ്ഞെടുപ്പിൽ സീറ്റ് ലഭിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. രാഷ്ട്രീയത്തിലും ജീവിതത്തിലും മാന്യത പുലർത്തിയിരുന്ന ജോയിയെ തവനൂരിലെ ജനങ്ങൾ ഹൃദയത്തിൽ ഏറ്റുകയായിരുന്നു.

"നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് ശേഷം അദ്ദേഹത്തിന്റെ മാന്യമായ പ്രതികരണത്തെ പ്രകീർത്തിച്ചുകൊണ്ട് ഞാൻ കേരള എക്സ്പ്രസിൽ എഴുതിയ ഒരു ലേഖനം ആരോ അദ്ദേഹത്തിന് വാട്സാപ്പിലൂടെ അയച്ചുകൊടുത്തു. അതു വായിച്ചശേഷം അദ്ദേഹം നന്ദി പറഞ്ഞുകൊണ്ട് എനിക്ക് വാട്സാപ്പിലൂടെ ഒരു മെസ്സേജ് അയച്ചത് ഞാനോർക്കുന്നു."

വി.എസ്. ജോയിയുടെ സൗമ്യമായ പ്രതികരണങ്ങളും പെരുമാറ്റങ്ങളും സംസ്ഥാനതലത്തിൽ ജനശ്രദ്ധ ആകർഷിച്ചിരുന്നു. ഒരു പൊളിറ്റിക്കൽ ജന്റിൽമാൻ സ്പിരിറ്റ് നിലനിർത്തി തെരഞ്ഞെടുപ്പിൽ മത്സരിച്ച അദ്ദേഹം ചില ചരിത്രങ്ങൾ കൂടി രചിക്കുകയായിരുന്നു.

നിലമ്പൂർ പോത്തുകല്ല് ടിപിഎം സഭാംഗമാണ് അഡ്വ. വി.എസ്. ജോയി. ഉറച്ച ദൈവവിശ്വാസവും പൊതു പ്രവർത്തനത്തിലെ ആത്മാർത്ഥതയും കൈമുതലായുള്ള അഡ്വ. വി.എസ്. ജോയി കേരള നിയമസഭയിലേക്ക് എത്തുമ്പോൾ സാധാരണക്കാരന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജനപ്രതിനിധി ആയിരിക്കും.



ലേഖകൻ

2012–17 കാലയളവിൽ കെഎസ്‌യു സംസ്ഥാന പ്രസിഡണ്ടായിരുന്നു. 2017–ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറിയായി. 2020–21 കാലയളവിൽ കെപിസിസി ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 2021–ൽ മലപ്പുറം ഡിസിസി പ്രസിഡണ്ടായി.

ഒരു പെന്തെക്കോസ്ത് വിശ്വാസിയായ അഡ്വ. വി.എസ്. ജോയി നിയമസഭയിൽ എത്തുമ്പോൾ പെന്തെക്കോസ്തു സമൂഹത്തിന്റെ കൂടെ ശബ്ദമാകും എന്ന് വിശ്വാസ സമൂഹം പ്രതീക്ഷിക്കുന്നു. ആദ്യമായിട്ടാണ് പെന്തെക്കോസ്ത് വിശ്വാസി എന്ന് അടയാളപ്പെടുത്തുന്ന ഒരാൾ തെരഞ്ഞെടുപ്പിലൂടെ കേരള നിയമസഭയിൽ എത്തുന്നത്. അതുകൊണ്ടുതന്നെ പെന്തെക്കോസ്ത് സഭകൾക്കും അഭിമാന നിമിഷമാണിത്.

ഭാര്യ: ഡോ. ലയ ജോസഫ്. മകൻ: എവ്‌ലിൻ.

അദ്ദേഹം കെഎസ്‌യുവിന്റെ സംസ്ഥാന പ്രസിഡണ്ടായിരിക്കുമ്പോൾ ബ്രദർ വി.എസ്. ജോയി ഉൾപ്പെട്ടു നിൽക്കുന്ന നിലമ്പൂർ പോത്തുകല്ല് ടിപിഎം സഭയിലെ ഒരംഗം എന്നോട് പറഞ്ഞത് ഞാനോർക്കുന്നു 'ഞങ്ങളുടെ ജോയിമോൻ ഒരു മാന്യനാണ്.'

# കാൽഗറി സെന്റ് മേരീസ് ദേവാലയ കൂദാശയും പ്രതിഷ്ഠാദിനവും

**ജോസഫ് ജോൺ. കാൽഗറി**

കാൽഗറി: മലങ്കര ഓർത്തഡോക്സ് സഭയുടെ കാനഡ ഭദ്രാസനത്തിലെ കാൽഗറി സെന്റ് മേരീസ് ദേവാലയ കൂദാശനിറവിലേക്ക്. മെയ് 29, 30 തീയതികളിൽ മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ മോറോൻ മോർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ പ്രധാന കാർമ്മികത്വത്തിലും കാനഡ ഭദ്രാസന സഹായമെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയ മാർ നിക്കോളോവോസ്, കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവറുഗീസ് മാർ യൂലിയോസിന്റെയും സഹകാർമ്മികത്വത്തിലുമാണ് കൂദാശാകർമ്മം നടത്തപ്പെടുന്നത്.



2002–ൽ ഒരു കോൺഗ്രിഗേഷൻ ആയി തുടങ്ങിയ കാൽഗറി സെ. മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഏഴുവർഷക്കാലം മാസത്തിൽ ഒരു സർവീസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. 2010–ഓടു കൂടി ഇവിടെ പൂർണ്ണസമയം വികാരി വരികയും തുടർന്ന് ഇടവക അഭൂതപൂർവ്വമായ വളർച്ചയിൽക്കൂടി മുമ്പോട്ടു പോകുകയും ചെയ്തു.

ഇപ്പോൾ ഏകദേശം നൂറിലധികം കുടുംബങ്ങൾ ഇടവകയിൽ പ്രവർത്തിക്കുന്നു. കാനഡയിലും ഇന്ത്യയിലുമായി വിവിധ തരത്തിലുള്ള സാമൂഹിക, സാമ്പത്തിക സഹായങ്ങൾ ഈ ഇടവക നടത്തിവരുന്നു.

2014–ൽ ഇടവക സ്വന്തമായി വസ്തു വാങ്ങി. 2019–ൽ അതിന്റെ സോണിങ്ങും 2020–ൽ ഡെവലപ്മെന്റ് പെർമിറ്റും ലഭിച്ചു. 2023 ജൂലൈ 7–ന് പ്രാരംഭ പണികൾ ആരംഭിച്ചു. 2024 ജൂൺ 29–ന് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ ഈവാനിയോസ് തിരുമനസ്സ് അടിസ്ഥാന ശില സ്ഥാപിച്ചു.

ഫാ. ജോർജ് വർഗീസ് (വികാർ), ജോ വർഗീസ് (കൺവീനർ), ഐവാൻ ജോൺ (ട്രഷറർ), റിയോജ് തോമസ് (സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഐവാൻ ജോൺ +1 403 708 –4123, റിയോജ് ജേക്കബ് +1 403 561940. ദൈവനാമത്തിൽ ദേവാലയ കൂദാശയിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു.






കേരളാ എക്സ്പ്രസ് KERALA EXPRESS വഴിവിളക്കുകൾ 11

# ഭവാനി ചേച്ചി

ഫ്രഷ് ടു ഹോം ഒക്കെ വരുന്നതിന് കുറേനാൾ മുമ്പാണ്. കായലും കടലും തോടും പുഴയും ഒന്നും ഭൂപ്രകൃതിയുടെ ഭാഗമല്ലാത്ത, റബർതോട്ടങ്ങളും കപ്പപ്പറമ്പുകളും ഒക്കെ കൂടുതലായി കണ്ടിരുന്ന ഞങ്ങളുടെ നാട്ടിൽ, പിടക്കുന്ന പച്ചമീൻ, ഒരു പതിവു കാഴ്ചയേ അല്ലായിരുന്നു. ദിവസങ്ങളോളം ഐസിലിട്ട ചത്ത മീൻ സ്കൂട്ടറിലോ, ബൈക്കിലോ മീൻ വിൽക്കുന്ന ചേട്ടന്മാർ ഒന്നിടവിട്ട ദിവസങ്ങളിൽ ഒക്കെ കൊണ്ടുവന്നിരുന്നുവെങ്കിലും ഉണക്കമീനും ഉണക്ക ഇറച്ചിയും ഒക്കെയായിരുന്നു മിക്ക വീടുകളിലെയും സാധാരണ കാഴ്ച.

“നല്ല പെടക്കണ മീനുണ്ടാട്ടോ.” അത് കേട്ടാൽ ഉറപ്പിക്കാം. വൈക്കംകാരി, അരയത്തി ഭവാനിയാണ്. ഞങ്ങളുടെ പച്ചമീൻ കാഴ്ചയും പച്ചമീൻ അനുഭവവും എല്ലാം ഭവാനി ചേച്ചിയായിരുന്നു. പെടക്കണ മീൻ എന്നൊക്കെ ചുമ്മാ പറയുന്നതാണ്. രാവിലെ പിടിച്ച മീൻ, വൈക്കത്തുനിന്ന് രണ്ടുമൂന്നു ബസ് ഒക്കെ മാറി കയറി തലച്ചുമടായി ഞങ്ങളുടെയൊക്കെ വീടുകളിൽ എത്തുമ്പോഴേക്കും സമയം പലപ്പോഴും ഉച്ചയൂണിനോട് അടുക്കും. അമ്മ അന്നത്തേക്ക് വേണ്ട കറികളുടെ കാര്യത്തിൽ ഒക്കെ ഒരു അവസാന ധാരണയിലെത്തി, പണിയൊക്കെ ഒരുവിധം ഒതുങ്ങി എന്ന സമാധാനത്തോടെ ഇരിക്കുമ്പോഴായിരിക്കും പലപ്പോഴും ഭവാനി ചേച്ചി പ്രത്യക്ഷപ്പെടുക.

അത്യാവശ്യം പുഷ്ടിയുള്ള, വടിവൊത്ത, എണ്ണക്കറുപ്പുള്ള ശരീരം. തിളങ്ങുന്ന ചുവന്ന കല്ലിന്റെ ഒരു മൂക്കുത്തി. നെറ്റിയിൽ വട്ടപ്പൊട്ട്, അണ്ടർസ്കേർട്ടിനു മുകളിൽ അറ്റം കയറ്റി കുത്തിയ കളംകളം മുണ്ട്. മുൻപും പിമ്പുമൊക്കെ നന്നായി വെട്ടിയിറക്കിയ ബ്ലൗസും അതിനു മുകളിൽ ഒരു തോർത്തും. തലയിൽ തോർത്തിന്റെ തിരികയ്ക്കു മുകളിലായി ഒരു വലിയ അലൂമിനിയം ചെരുവം. അതിൽ മീനുകളും (ചത്തതുതന്നെ) കട്ടിയും ത്രാസും ഒക്കെ കാണും. ചെമ്മീൻ, കക്ക, ചെമ്പല്ലി, കരിമീൻ, ആവോലി- പല ദിവസങ്ങളിൽ പലതരം മീനുമായിട്ടാവും ഭവാനിചേച്ചി വരിക.

തലയിലെ അലൂമിനിയച്ചരുവം താഴെയിറക്കി, തിണ്ണയിലിരുന്ന്, കഴുത്തിലും കൈയിലുമുള്ള വിയർപ്പുതുള്ളികളെ തോർത്തുകൊണ്ട് ഒപ്പിയെടുത്ത് “സാറേ മീൻ എടുക്കട്ടെ?” എന്ന ഭവാനിചേച്ചിയുടെ ചോദ്യം ഉയരും. ചില ദിവസങ്ങളിലൊക്കെ വൈകുന്നേരം അഞ്ചുമണിക്കും ഞങ്ങളുടെ വീട്ടിലെത്തി ഈ ചോദ്യം ചോദിക്കുന്നതിൽ ഭവാനി ചേച്ചിക്ക് ലേശവും സങ്കോചം ഉണ്ടായിരുന്നില്ല. മീനിനും നാട്ടുവർത്തമാനങ്ങൾക്കും അപ്പുറം കാഴ്ചയുടെ വസന്തം ആയിരുന്നു എനിക്ക് ഭവാനിചേച്ചി.

അവരുടെ ഏറ്റവും ചെറിയ ചലനം പോലും എന്തുകൊണ്ടോ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. അവരുടെ ശരീരത്തിന്റെ വളവുകളും ചലനങ്ങളും, അത് സൃഷ്ടിക്കുന്ന മീൻ രുചിയേക്കാൾ എത്രയോ ശ്രേഷ്ഠമായിരുന്നു!

സംസാരത്തിന്റെ താളത്തിൽ തുടങ്ങുന്ന ഈ വൈവിധ്യത്തിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായിരുന്ന, എന്നെ സംബന്ധിച്ചിടത്തോളം അവരുടെ മൂക്കുത്തി സൃഷ്ടിക്കുന്ന പ്രകാശ കിരണങ്ങൾ മുതൽ നീണ്ട കറുത്ത ഇടതൂർന്ന തലമുടി വട്ടത്തിൽ കെട്ടുമ്പോൾ ഉണ്ടാകുന്ന അവരുടെ കൈയിലെ ദ്രുതഗതിയിലുള്ള ചലനങ്ങൾ വരെ എല്ലാം പ്രിയപ്പെട്ടതായിരുന്നു. കോട്ടയം പാലാ മധ്യതിരുവിതാംകൂർ സുറിയാനി മലയാളത്തിൽ നിന്നും തീർത്തും വിഭിന്നമായ വൈക്കം അരയ ഭാഷയുടെ നീട്ടലും കുറുക്കലും ചെരിവും വളവുമെല്ലാം ഞങ്ങൾക്ക് പുതുമയായിരുന്നു. മറ്റൊരു മലയാളത്തിന്റെ സാധ്യതകൾ കൂടിയായിരുന്നു, ഭവാനിചേച്ചി ഞങ്ങൾക്ക്.

ആദ്യറൗണ്ട് കുശലാന്വേഷണങ്ങൾക്കു ശേഷം ഭവാനി ചേച്ചി തനി കച്ചവടക്കാരിയാവും. അലൂമിനിയം ചെരുവത്തിൽ അവശേഷിക്കുന്ന മീനുകളെല്ലാം ഞങ്ങളുടെ വീട്ടിൽതന്നെ തീർക്കുന്നതിൽ മിക്കവാറും അവസരങ്ങളിൽ ഒക്കെ അവർ വിജയിച്ചിരുന്നു. 500-1000 റേഞ്ചിൽ ഉള്ള ഒരു തുകയ്ക്ക് (കുറേ വർഷങ്ങൾക്കു മുൻപാണ്) കച്ചവടം ഉറപ്പിക്കുന്നതിനുള്ള അവസാന ശ്രമം എന്ന നിലയിൽ ഭവാനി ചേച്ചി ഒരു ഓഫർ വെക്കും. മീൻ മുഴുവൻ എടുക്കുവാണെങ്കിൽ ഞാൻ ഫ്രീയായി വെട്ടിത്തന്നോളാം. അമ്മയ്ക്കുപോലും നിരാകരിക്കാൻ കഴിയാത്ത ഒരു ഓഫർ. അതുവരെ മിക്കവാറും മീൻ വേണ്ട, ഇവിടെ കറിയൊക്കെ ഉണ്ട് എന്ന നിലപാടിൽ ഉറച്ചു നിന്നിരുന്ന അമ്മപോലും ആ ഡയലോഗിൽ വീഴും.

പിന്നെ കാഴ്ചയുടെ ഒരു വിരുന്നാണ്. മുണ്ടിന്റെ അറ്റം എടുത്തു കുത്തി, കുരണ്ടിയിലിരുന്ന് ഞൊടിയിടയിൽ അലൂമിനിയം ചെരുവത്തിലുള്ള മീൻ അത്രയും അവർ വെട്ടി തീർക്കും. മീൻ വെട്ടുക എന്നത് ഒരു കലയാണെന്ന തോന്നൽ കാഴ്ചക്കാരിൽ സൃഷ്ടിക്കുകയായിരുന്നു, അവർ ഓരോ തവണയും. അവരുടെ കൈയുടെ ചെറു ചലനങ്ങൾ പോലും നൃത്തത്തിലെ മുദ്രകളെ അനുസ്മരിപ്പിച്ചു. എന്തുകൊണ്ടോ ഈ കാഴ്ച എന്റെയുള്ളിൽ കൗതുകത്തിന്റെയും ആഹ്ലാദത്തിന്റെയും അലയൊലികൾ സൃഷ്ടിച്ചിരുന്നു. മീൻ എല്ലാം വെട്ടി, അലൂമിനിയച്ചെരുവും തേച്ചുകഴിയുമ്പോഴേക്കും ഭവാനിചേച്ചി ഉച്ചത്തിൽ പറയും. “കൊച്ചേ, ആ സോപ്പ് ഇങ്ങെടുത്തേ, ബസ്സിൽ കയറാനുള്ളതാ, കഴുകിയില്ലെങ്കിൽ മേലെല്ലാം നാറും.” കൈയിലും കാലിലും മുഖത്തും കഴുത്തിലും എല്ലാം സോപ്പ് നന്നായി പുരട്ടി അവർ ഒരു അരക്കുളി പാസാക്കും. മീൻമണം പുരണ്ട പഴയ തോർത്ത് അലൂമിനിയ ചെരുവത്തിൽ ഇട്ട്, കൈയിലെ കൂടിൽ സൂക്ഷിച്ച പുതിയ തോർത്ത് മാറത്തിട്ട്, സമൃദ്ധമായ തലമുടി ഒന്നുകൂടി അഴിച്ചുകെട്ടി, മീനിന്റെ കാശ് ബ്ലൗസിനുള്ളിലേക്ക് തിരുകി തിരുകി, “എന്നാ പിന്നെ വരാട്ടോ” എന്നും പറഞ്ഞു വന്നതിനേക്കാൾ ഏറെ സുന്ദരിയായി അവർ മടങ്ങും. അപ്പോൾ ചാഞ്ഞു തുടങ്ങിയ വെയിലിന്റെ വെളിച്ചത്തിൽ അവരുടെ മൂക്കുത്തി കൂടുതൽ തിളങ്ങും.

പിന്നീട് ഒരിക്കൽ ഭവാനി ചേച്ചി വന്നപ്പോൾ പതിവുള്ള തിളങ്ങുന്ന മൂക്കുത്തി കണ്ടില്ല. പകരം ഒരു ചെറിയ ഈർക്കിൽ കഷ്ണം ആ സ്ഥാനത്തുണ്ട്. “മൂക്കുത്തി എവിടെ ഭവാനിചേച്ചി?” എന്ന എന്റെ ചോദ്യത്തിന്, “അതെവിടെയോ കളഞ്ഞുപോയി മോളേ” എന്നെനിക്ക് മുഖം തരാതെ അവർ മറുപടി പറഞ്ഞു. പതിവുപോലെ അന്നും അലൂമിനിയചെരുവത്തിലെ മീൻ മുഴുവൻ അവർ കച്ചവടം ഉറപ്പിച്ച് ഞങ്ങൾക്ക് തന്നു. പോകുന്നതിനു തൊട്ടു മുൻപായി കുറച്ച് രൂപ അവർ അച്ചാച്ചനോട് ചോദിച്ചു. അടുത്ത തവണ വരുമ്പോൾ ആ തുക തിരിച്ചു നൽകാമെന്ന് അവർ പറഞ്ഞെങ്കിലും, ആ തുക മടക്കിവാങ്ങണം എന്ന ഉദ്ദേശ്യം വീട്ടിൽ ആർക്കും ഇല്ലായിരുന്നു. ഭവാനിചേച്ചി ഒരുക്കുന്ന മീൻകാഴ്ചയുടെ വസന്തത്തെ പ്രതീക്ഷിച്ചിരുന്ന എന്നെ തീർത്തും നിരാശയാക്കി പിന്നീട് വർഷങ്ങളോളം അവർ ഞങ്ങളുടെ വീട്ടിൽ മീനുമായി എത്തിയില്ല. മേടിച്ച തുക തിരിച്ചു തരാൻ കഴിയാതിരുന്നതുകൊണ്ടാവണം അവർ ഞങ്ങളുടെ വീടിനെ പൂർണമായും ഒഴിവാക്കി മീൻകച്ചവടം നടത്തിയത്. വർഷങ്ങൾക്കു ശേഷം പിന്നീട് എപ്പോഴോ അവർ അലൂമിനിയ ചെരുവത്തിൽ മീനുമായി വന്നപ്പോഴേക്കും, യൗവനം, ബാല്യകൗമാരങ്ങളുടെ കൗതുകങ്ങൾ എന്നിൽ നിന്നും അകറ്റിയിരുന്നു.

കാഴ്ചകളുടെയും അനുഭവങ്ങളുടെയും കുറെ അധികം ചിത്രങ്ങൾ ഭവാനിചേച്ചിയുടെ കളഞ്ഞുപോയ മൂക്കുത്തിപോലെ എനിക്കും നഷ്ടമായി. കുറച്ചു നോട്ടുകൾ എനിക്ക് നഷ്ടമാക്കിയ മീൻകാഴ്ചകൾക്കും മീൻ അനുഭവങ്ങൾക്കും ഞാൻ ആരോട് പരാതി പറയാനാണ്!



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# കെഎച്ച്എൻഎ പുതിയ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചു

അനഘ വാരിയർ

ടാമ്പാ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക(KHNA)യുടെ 2023 –2025 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളും കൺവൻഷന്റെ വരവ്–ചെലവ് കണക്കുകളും പരിശോധിക്കുന്നതിനായി സ്വതന്ത്ര ഓഡിറ്റ് കമ്മിറ്റിയെ ട്രസ്റ്റി ബോർഡും ഡയറക്ടർ ബോർഡും സംയുക്തമായി രൂപീകരിച്ചു. ഉദയൻ മേനോൻ (ഫ്ളോറിഡ), സഹൃദയ പണിക്കർ (ന്യൂയോർക്ക്), രഘുനാഥൻ നായർ (ന്യൂയോർക്ക്) എന്നിവരടങ്ങിയ മൂന്നാംഗ കമ്മിറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്. പ്രൊഫഷണൽ മികവും സാമ്പത്തിക വിശകലന പാടവവും ഉള്ള വ്യക്തികളെയാണ് ഈ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്.



ടി. ഉണ്ണിക്കൃഷ്ണൻ



വനജ നായർ

ഈ നിയമനത്തെക്കുറിച്ച് KHNA പ്രസിഡണ്ട് ടി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു: “അംഗങ്ങളുടെ വിശ്വാസത്തിന് നേരിട്ട് ഉത്തരവാദികളായിരിക്കുക എന്നതാണ് ഏതൊരു സംഘടനയുടെയും ആദ്യത്തെ കടമ. സാമ്പത്തിക സുതാര്യത അതിന്റെ അടിത്തറയാണ്. സ്വതന്ത്രമായ ഈ ഓഡിറ്റ് പ്രക്രിയയിലൂടെ കെഎച്ച്എൻഎയുടെ എല്ലാ പ്രവർത്തനങ്ങളും ഉയർന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. ഈ റിപ്പോർട്ടുകൾ സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തമായ അടിത്തറ നൽകും.” ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ വനജ നായർ പ്രതികരിച്ചത്: “സാമ്പത്തിക അച്ചടക്കവും ക്രമബദ്ധമായ മാനേജ്മെന്റും സംഘടനയുടെ വിശ്വാസ്യതയ്ക്ക് അത്യാവശ്യമാണ്. വരാനിരിക്കുന്ന പരിപാടികളും വാർഷിക പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഓഡിറ്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വളരെ സഹായകമാകും.”

കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് വരുന്ന മാസങ്ങളിൽ പ്രതീക്ഷിക്കുന്നു.



# ഇതിഹാസം തിരിച്ചുവരുന്നു; എഴുത്തച്ഛൻ നാടകവുമായി മലയാളി സമൂഹം

വർഗീസ് കോരസൺ

ന്യൂയോർക്ക്: മലയാള സാഹിത്യത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്ന എഴുത്തച്ഛനെ ആസ്പദമാക്കി ഒരുക്കിയ 'എഴുത്തച്ഛൻ' എന്ന നാടകവുമായി ഒരു സാംസ്കാരിക വിരുന്ന് മലയാളി സമൂഹത്തെ തേടിയെത്തുന്നു. ജൂലൈ 18-ന് ശനിയാഴ്ച വൈകിട്ട് 6 മണിക്ക് എൽമോണ്ട് ന്യൂയോർക്കിലെ സെ. വിൻസന്റ് ഡി പോൾ ഓഡിറ്റോറിയത്തിൽ നാടകം അരങ്ങേറും.

മലയാളം ഗ്ലോബൽ വോയ്സ്, വാൽക്കണ്ണാടി മീഡിയ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഈ നാടകാവതരണം ഡാളസിലെ ഭാരതകലാ തിയേറ്റേഴ്സ് അവതരിപ്പിക്കുന്നു. സാഹിത്യ പൈതൃകവും നാടകീയതയും സമന്വയിപ്പിച്ചുകൊണ്ട് ഈ നാടകമെന്നത് എഴുത്തച്ഛന്റെ ജീവിതവും സംഭാവനകളും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്ന ഒരു പ്രധാന സാംസ്കാരിക സംരംഭമായിരിക്കും. പ്രസിദ്ധ മലയാള സാഹിത്യകാരൻ സി. രാധാകൃഷ്ണൻ എഴുതിയ 'തീക്കടൽ കടഞ്ഞ തിരുമധുരം' എന്ന നോവലിനെ ആസ്പദമാക്കി അവതരിപ്പിച്ചിരിക്കുന്ന ഈ നാടകം ഇതിനകംതന്നെ പ്രേക്ഷകരുടെ പ്രശംസ നേടിയിട്ടുണ്ട്. ഋഷികവിയായ എഴുത്തച്ഛനെ തീനാളംപോലെ ജ്വലിപ്പിക്കുന്ന കഥാസന്ദർഭങ്ങൾ കോർത്തിണക്കിയ ഈ അവതരണം ഭാഷാസ്നേഹികൾ നിർബന്ധമായും കണ്ടിരിക്കേണ്ട ഒരു കാഴ്ചയും തീർത്ഥാടനവുമാണ്.




നാടകത്തിന്റെ ടിക്കറ്റ് റിലീസ് ചടങ്ങ് ക്വീൻസ് ഗ്ലെൻ ഓക്സ് പിഎസ്ക്യു 115 സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന കലാവേദി പരിപാടിക്കിടെ ഗ്രാൻഡ് സ്പോൺസർ ജോയ് മെക്കാട്ടെ നിർവഹിച്ചു. വിവിധ സാമൂഹിക-സാംസ്കാരിക പ്രവർത്തകരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങ് ശ്രദ്ധേയമായി.




മലയാള ഭാഷയുടെ വളർച്ചയിലും രൂപീകരണത്തിലും നിർണായക പങ്കു വഹിച്ച എഴുത്തച്ഛൻ, മലയാള സാഹിത്യ ചരിത്രത്തിൽ അനശ്വര സാന്നിദ്ധ്യമാണ്. അദ്ദേഹത്തിന്റെ കൃതികളും ചിന്തകളും നാടകത്തിന്റെ മുഖ്യ ആസ്പദമാകുന്നു.

ടിക്കറ്റുകൾക്കും കൂടുതൽ വിവരങ്ങൾക്കുമായി ഫിലിപ്പ് മഠത്തിൽ (917 459 7819), വർഗീസ് കോരസൺ (516 398 5989), മാത്യു ജോഷ്വ (646 201 6315) എന്നിവരെ ബന്ധപ്പെടാവുന്നതാണ്.

മലയാളി സമൂഹത്തിനായി ഒരു ഓർമ്മപ്പെടുത്തലായി മാറുന്ന ഈ നാടകാവതരണം കലയും സാഹിത്യവും ഒരുമിക്കുന്ന ഒരു മഹത്തായ വേദിയായി മാറുമെന്ന് പ്രതീക്ഷിക്കുന്നു.

# ഐനന്റ് നേഴ്സസ് ഡേ ആഘോഷിച്ചു

അനശ്വരം മാമ്പിള്ളി

ഡാളസ്: ഇന്ത്യൻ അമേരിക്കൻ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് (ഐനന്റ്) നേഴ്സസ് ഡേ ആഘോഷിച്ചു. ഗാർലൻഡ് ബ്രോഡ് വേയിലെ ഐസിഇസി ഹാളിൽ വെച്ച് നടന്ന ഗംഭീരമായ പരിപാടിയിൽ ഐനന്റിന്റെയും നൈനയുടെയും ഫൗണ്ടർ അംഗമായ ആൻ വർഗീസ് മുഖ്യാതിഥിയായിരുന്നു. നടന്നുവന്ന പാതയെക്കുറിച്ച് ചിന്തിക്കുകയും ആ ചിന്തയിലൂടെ നേഴ്സിങ് സേവനരംഗത്തെ നിർണായകമായ ആശയ ഘട്ടത്തിലേക്കു കൊണ്ടുവരുവാനും കരുണയോടുകൂടിയ പരിചരണം മുഖ്യലക്ഷ്യമായി കാണാനും തളർന്നിരിക്കാതെ കടന്നുചെല്ലണമെന്നും സംസാരിച്ചു.

പ്രസിഡണ്ട് മഹേഷ് പിള്ള ഈ പരിപാടിയുടെ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എലിസബത്ത് ആന്റണി സ്വാഗതം പറയുകയും ഏയ്ഞ്ചൽ ജ്യോതി നന്ദി പറയുകയും ചെയ്തു. കൂടാതെ ഐനന്റ് ഏർപ്പെടുത്തിയിട്ടുള്ള നേഴ്സ് എക്സലന്റ് അവാർഡുകളായ നേഴ്സ് ഓഫ് ദി ഇയർ അവാർഡ് ദീപ ഫ്രാൻസിസിനും നേഴ്സ് ലീഡർ ഓഫ് ദി ഇയർ അവാർഡ് ആനി ഏബ്രഹാമിനും നേഴ്സ് അഡ്വാൻസ് പ്രാക്ടീസ് പ്രൊവയ്ഡർ ഓഫ് ദി ഇയർ അവാർഡ് നീന മാത്യൂസ് എന്നിവർക്കും ലഭിക്കുകയുണ്ടായി. ഈ വർഷത്തെ ഐലന്റ് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ലീലാമ്മ ചാക്കോയ്ക്ക് സമ്മാനിച്ചു.

ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് (ഐനന്റ്) ആതിഥേയത്വം വഹിക്കുന്നതും നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് അമേരിക്കയുടെ (നൈന) പത്താമത്തെ ദ്വിവാർഷിക സമ്മേളനം 2026 ഒക്ടോബർ 1 മുതൽ 3 വരെ ഫോർ പോയിന്റ് ബൈ ഷെറാട്ടൺ, ഡിഎഫ്ഡബ്ല്യു എയർപോർട്ട് നോർത്ത്, കോപ്പേൽ ടെക്സസിൽ വെച്ച് നടത്തുന്നു. നേഴ്സിംഗിന്റെ ശക്തി, മികവ്, പ്രതിരോധശേഷി, നവീകരണം എന്നിവയിലൂടെ ഭാവിയെ നയിക്കുക എന്നത് ഒരു പ്രമേയമായി സമ്മേളനത്തിൽ അവതരിപ്പിക്കും.

കൂടാതെ ഇന്ററാക്ടീവ് വർക്ക്ഷോപ്പുകളും നൈപുണ്യവികസന സെഷനുകളും ക്രമീകരിച്ചിട്ടുണ്ട്. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ മെയ് 11-നു മുൻപ് ഏർളി ബേർഡ് രജിസ്ട്രേഷൻ ചെയ്യാവുന്നതാണെന്നും അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.





# ‘പേട്രിയറ്റിന്’ ലാലേട്ടൻ ന്യൂജേഴ്സിയിലെ സ്പാർട്ടയിൽ എത്തി

**ജോർജ് തുമ്പയിൽ**

**ലോ**കമൊട്ടാകെ ആരാധകരും ആസ്വാദകരുമുള്ള ലാലേട്ടന് ഏറ്റവും പ്രിയം ന്യൂജേഴ്സിക്കാരോടാണ്. ഇത് വെറുതെ പറയുന്നതല്ല. അമേരിക്കയിൽ എപ്പോൾ വന്നാലും ന്യൂജേഴ്സിയിലുള്ള പ്രിയപ്പെട്ടവരെ-മറ്റ് സ്ഥലങ്ങളിൽ ഇല്ലെന്നല്ല-കാണാൻ അദ്ദേഹം എത്തും. ‘എമ്പുരാൻ’ സിനിമ ഇറങ്ങിയപ്പോഴും ഇതുതന്നെ ആയിരുന്നു സ്ഥിതി. ന്യൂജേഴ്സി മോറിസ് പ്ലെയിൻസിലുള്ള റോഷിൻ ജോർജ് അത്തരത്തിലുള്ള ആരാധകവൃന്ദത്തിൽപ്പെട്ട ആളാണ്. നോർത്ത് അമേരിക്കൻ മോഹൻലാൽ ഫാൻസ് അസോസിയേഷൻ കോ-ഓർഡിനേറ്റർ ആണ് അദ്ദേഹം. ലാലേട്ടന്റെ ഏറ്റവും പ്രിയപ്പെട്ടവരിൽ ഒരാൾ. ലാലേട്ടനോടുള്ള സ്നേഹവായ്പുകൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവരിൽ പ്രധാനി. സുചേച്ചി (സുചിത്ര മോഹൻലാൽ) എന്ന് പറയുമ്പോൾ നൂറ് നാവ്! കലാപരമായ മികവിന്റെ മുൻപിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ന്യൂജേഴ്സിയിലെ ഒരാസ്വാദക സുഹൃത്ത്.

‘പേട്രിയറ്റ്’ ന്യൂജേഴ്സിയിലെ ‘ബോക്സ് ഓഫീസ് സിനിമ’യിൽ പ്രദർശിപ്പിക്കുമ്പോൾ ആദ്യ പ്രദർശനത്തിന് ലാലേട്ടൻ കുടുംബസമേതം എത്തി. സ്പാർട്ടയിലെ തിയേറ്റർ സമുച്ചയത്തിൽ എത്തുമ്പോൾ ഉടമ ജെയിംസ് മാത്യു സ്വീകരിക്കാൻ റോഷിനോടൊപ്പം മുൻനിരയിൽ.

‘പേട്രിയറ്റി’ന്റെ നോർത്ത് അമേരിക്കൻ ഡിസ്ട്രിബ്യൂഷനിലെ ബിജൂ പുളിക്കൻ, കാലിഫോർണിയയിൽ നിന്ന് ഡ്രൈവ് ചെയ്ത് എത്തിയ കാർത്തിക് നാഥ്, സാജു എന്നിവരും ഒപ്പം. നാട്ടിൽ ‘പേട്രിയറ്റ്’ ഉദ്ഘാടനം ചെയ്യുന്ന ദിവസമായ അന്ന് 11.45-ന് ഡിജിറ്റൽ കീ പ്രവർത്തനമാരംഭിച്ചു. ആശീർവാദ്/ഹോളിവുഡ് ഡയറക്ടർ നീൽ വിൻസന്റ്, വീഡിയോയും ഫോട്ടോകളും ചിത്രീകരിച്ച ജോൺ മാർട്ടിനും കൂട്ടരും, ന്യൂജേഴ്സിയിലെ സംഘാടകരായ ഷിജോ പൗലൂസ്, ബൈജൂ വർഗീസ്, ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, മൗണ്ട് ഒലീവ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽനിന്ന് സുനിൽ പൂവനാൽ എന്നിവരും റോഷനോടൊപ്പം എത്തിയിരുന്നു. കേക്കുകളും മറ്റും റോഷൻ ക്രമീകരിച്ചിരുന്നു.

കുട്ടികളുടെ ഗ്രാജുവേഷൻ പോലും മാറ്റിവെച്ചാണ് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ലാലേട്ടനെ കാണുവാൻ ആളുകൾ എത്തിയത്. ‘ഇത് ഒരു അനുഭവമായി’ എന്ന് ലാലേട്ടൻ പറയുകയും ചെയ്തു. കലാപരമായ ചരിത്ര ഇടവേളകളിൽ ഇത്തരം സിനിമാ പ്രദർശനങ്ങൾ മനസ്സിനെ കുളിരണിയിക്കുന്നു എന്നു ലാലേട്ടൻ പറഞ്ഞതായി ആസ്വാദകർ പറഞ്ഞു. ‘പേട്രിയറ്റി’ലെ മമ്മൂട്ടിയുടെ-ലാലേട്ടന്റെ ഭാഷയിൽ ഇച്ചാക്കാ-പ്രകടനം അത്യുജ്ജ്വലമായി. 50 സിനിമകളിലെങ്കിലും ലാലേട്ടനും മമ്മൂക്കയും ഒന്നിച്ചഭിനയിച്ചിട്ടുണ്ട്. 40 വർഷത്തിലധികമായി ഇച്ചാക്കയുമായി ബന്ധമുണ്ട്. “അഭിനയ മികവിന്റെ വഴിവിളക്കായി ‘പേട്രിയറ്റി’നെ കാണുന്നു.”ലാലേട്ടൻ പറയുന്നു.

ജോർജ് വാഷിങ്ടൺ ബ്രിഡ്ജിൽ നിന്ന് റൂട്ട് 80-യിലൂടെ 50 മിനിട്ട് മാത്രമുള്ള സ്പാർട്ടയിലെ തിയേറ്റർ കോംപ്ലക്സിൽ ‘പേട്രിയറ്റ്’ ഒന്നാം ദിവസം ലാലേട്ടൻ എത്തുമ്പോൾ രണ്ട് തിയേറ്ററുകളിലും ആഹ്ളാദാരവം. ഇന്റർവെല്ലിന് ഒരു തിയേറ്ററിൽ നിന്ന് തൊട്ടടുത്തുള്ള തിയേറ്ററിലേക്ക് ലാലേട്ടൻ എത്തുമ്പോൾ ഓഡിയൻസ് ആകപ്പാടെ ഇളകി. സ്നേഹവായ്പുകൾക്ക് അറുതിയില്ലല്ലോ.







# ഒരു ചാപ്പൽ ഓർമ്മക്കൂടാരമായി ഒരുക്കി ക്രിസ്തുരാജ ഇടവക കുട്ടികൾ

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ പള്ളി ഇടവകയിലെ കുഞ്ഞുങ്ങൾ തങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ ദിനത്തിന്റെ ഓർമ്മയ്ക്കായി പരിശുദ്ധ അമ്മയുടെ നാമത്തിൽ ഒരു ചാപ്പൽ പുനർ നിർമ്മിച്ചു നല്കി. ഒരു വർഷത്തെ ഒരുക്കങ്ങൾക്കും പ്രാർത്ഥനകൾക്കും ശേഷം നടത്തപ്പെട്ട ദിവ്യകാരുണ്യ സ്വീകരണത്തിന് ചിക്കാഗോ രൂപത ബിഷപ് മാർ ജോയി ആലപ്പാട്ട് സന്ദേശം നല്കി. അതിനുശേഷം കുട്ടികളുടെ സാന്നിദ്ധ്യത്തിൽ ഈ വർഷത്തെ വിശുദ്ധ കുർബാന സ്വീകരണത്തിന്റെ ഓർമ്മയ്ക്കായി റീമോഡലിങ് പൂർത്തിയാക്കിയ ചാപ്പൽ മാർ ജോയി ആലപ്പാട്ട് വെഞ്ചരിച്ച് പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചു. കുട്ടികൾ അവരുടെ മാതാപിതാക്കളുടെ സഹകരണത്തോടെയാണ് ചാപ്പൽ കൂടുതൽ മനോഹരമാക്കി മാറ്റിയത്. ഏവർക്കും ഒരു വലിയ മാതൃകയുടെയും കൃപാഭിഷേകത്തിന്റെയും മുഹൂർത്തമായിരുന്നു അത്.

**ജോക്കുട്ടി മേലേടത്ത്**

ലിയാ മാടപറമ്പത്ത്, നേത്തൻ മാടപറമ്പത്ത്, നിയ തടത്തിൽ, മിലാഹ് എട്ടുപറയിൽ, അലക്സീസ് ചെമ്മാച്ചേൽ, നിവാഹ് വിരുത്തിക്കുളങ്ങര, ക്ലെയർ അരിച്ചിറ, നീയൽ ചെമ്മാച്ചേൽ, കാതറിൻ സ്രാമ്പിച്ചിറ, എലിയറ്റ് മുടിക്കുന്നേൽ, സഞ്ജന കാവിൽ, ജോഷ്വാ പുത്തൻപറമ്പിൽ, ജോഷ്വാ ഏലൂർ, ജോർജ് കാരത്തുരുത്തേൽ, ജറമിയ ഓളിയിൽ, ഫെലിക്സ് കോയിത്തറ, അഷേർ തകടിയേൽ, ജെസിക്ക അറയ്ക്കപ്പറമ്പിൽ, സെയിറ കുടിലിൽ, എയ്ഡൻ പൗവ്വത്തേൽ, ആഡ്രൂ പച്ചിക്കര, മിലൻ വിരുത്തിക്കുളങ്ങര, ജെമി കുഴിപ്പിൽ, ഗ്രയിസ് അത്തിമറ്റത്തിൽ, നിയ വിശാഖന്തറ, ജോഷ്യാ കണ്ടത്തിൽ, ബെഞ്ചമിൻ പയ്യമ്പള്ളിൽ, മലിയ ചേന്നക്കാട്ട്, സെറീന ചാമക്കാല എന്നീ കുട്ടികളുടെ മാതാപിതാക്കൾ ഇതിൽ പങ്കുകാരായി.

കുട്ടികളുടെ മാതാപിതാക്കളുടെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകളും നടത്തപ്പെട്ടു. ഇടവകകളിൽ നിന്നും അനേകർ സാക്ഷ്യംവഹിക്കാൻ എത്തിയിരുന്നു. മക്കളുടെ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ ഓർമ്മയ്ക്കായി വ്യത്യസ്തമായി ഒരു ഓർമ്മക്കൂടാരം ഒരുക്കാൻ മനസ്സ് കാണിച്ച മാതാപിതാക്കളെ ഏവരും അഭിനന്ദിച്ചു.





KERALA EXPRESS പ്രവാസി താളുകൾ


കേരളാ എക്സ്പ്രസ് വാരാന്ത്യം

# ഡിജോ കാപ്പൻ: രാഷ്ട്രീയത്തിന് അതീതമായ സൗഹൃദത്തിന്റെ കരുത്തും വിടവാങ്ങലും





ലേഖനം



ജോസ് കണിയാലി

കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ഡിജോ കാപ്പൻ എന്ന പേര് വെറുമൊരു രാഷ്ട്രീയ പ്രവർത്തകന്റേതല്ലായിരുന്നു. അതൊരു വലിയ സൗഹൃദക്കൂട്ടായ്മയുടെയും, സാധാരണക്കാരന്റെ അവകാശങ്ങൾക്കായി പൊരുതിയ ഒരു മനുഷ്യസ്നേഹിയുടേതുമായിരുന്നു. ഡിജോ കാപ്പന്റെ വിയോഗം മലയാളക്കരയെ നൊമ്പരപ്പെടുത്തുമ്പോൾ, ഏറ്റുമാനൂർ മുൻ എം.എൽ.എ സുരേഷ് കുറുപ്പ് അനുസ്മരണ വേദിയിൽ പൊട്ടിക്കരഞ്ഞ ദൃശ്യം ആ സൗഹൃദത്തിന്റെ ആഴം എത്രത്തോളമായിരുന്നു എന്ന് ലോകത്തിന് കാണിച്ചുകൊടുത്തു.

നാല് പതിറ്റാണ്ടിലേറെ നീണ്ട ബന്ധമായിരുന്നു സുരേഷ് കുറുപ്പും ഡിജോ കാപ്പനും തമ്മിലുണ്ടായിരുന്നത്. രാഷ്ട്രീയമായി വ്യത്യസ്ത ചേരികളിൽ നിൽക്കുമ്പോഴും അവരുടെ മനസ്സ് എപ്പോഴും ഒന്നായിരുന്നു. അനുസ്മരണ പ്രസംഗത്തിനിടെ വാക്കുകൾ കിട്ടാതെ സുരേഷ് കുറുപ്പ് വിതുമ്പിയത് കേവലം ഒരു സഹപ്രവർത്തകന്റെ നഷ്ടത്തിലായിരുന്നില്ല, മറിച്ച് തന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന ഒരു കൂടെപ്പിറപ്പിന്റെ വേർപാടിലായിരുന്നു. 'ഡിജോയെപ്പോലെ മറ്റുള്ളവരെ സ്നേഹിച്ച മറ്റൊരു സുഹൃത്തിനെ ഞാൻ കണ്ടിട്ടില്ല' എന്ന സുരേഷ് കുറുപ്പിന്റെ വാക്കുകൾ ആ ബന്ധത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നു.

ഏതൊരു കാര്യവും ഏറ്റെടുത്താൽ അത് 101 ശതമാനം കൃത്യതയോടെ പൂർത്തിയാക്കുന്ന ഡിജോയുടെ ശൈലിയെ സുരേഷ് കുറുപ്പ് പ്രത്യേകം ഓർമ്മിച്ചു. രാഷ്ട്രീയത്തിന് പുറമെ സിനിമ, സാമൂഹിക സേവനം, നിയമപോരാട്ടം തുടങ്ങി എല്ലാ മേഖലകളിലും ഡിജോ മുദ്ര പതിപ്പിച്ചു. കേരള സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി ആയിരുന്ന കാലം മുതൽക്കേ സർഗ്ഗാത്മകമായ മാറ്റങ്ങൾക്ക് അദ്ദേഹം തുടക്കമിട്ടിരുന്നു. യൂണിവേഴ്സിറ്റി യൂണിയൻ ആദ്യമായി സിനിമ അവാർഡ് ഏർപ്പെടുത്തിയത് ഡിജോയുടെ നേതൃത്വത്തിലായിരുന്നു.

രാഷ്ട്രീയത്തിൽ അരികുകളിലേക്ക് മാറ്റപ്പെട്ടപ്പോഴും ഡിജോ കാപ്പൻ തന്റെ പോരാട്ടം അവസാനിപ്പിച്ചില്ല. 'ഡാറ്റ'യെ തന്റെ ആയുധമാക്കി അദ്ദേഹം ഉപഭോക്തൃ സംരക്ഷണ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു. വൈദ്യുതി നിരക്ക് വർദ്ധനവ്, ബ്രഹ്മപുരം മാലിന്യ പ്രശ്നം തുടങ്ങി സാധാരണക്കാരെ ബാധിക്കുന്ന വിഷയങ്ങളിൽ അദ്ദേഹം കോടതിയിൽ നടത്തിയ ഇടപെടലുകൾ കേരളം എന്നും ഓർമ്മിക്കും. ഒരു പ്രിൻസിപ്പൽ സെക്രട്ടറിപോലും സ്ഥിതി വിവരക്കണക്കുകൾക്കായി ഡിജോയുടെ സഹായം തേടിയിരുന്നു എന്നത് അദ്ദേഹത്തിന്റെ അറിവിനുള്ള അംഗീകാരമായിരുന്നു.

രാഷ്ട്രീയത്തിലെ ചതിക്കുഴികളിൽ പരിക്കേറ്റ ഡിജോ കാപ്പൻ പിന്നീട് പ്രാർത്ഥനയുടെയും ആത്മീയതയുടെയും വഴി തെരഞ്ഞെടുത്തു. എങ്കിലും തന്റെ സുഹൃത്തുക്കളെ അദ്ദേഹം കൈവിട്ടില്ല. പി.ടി. തോമസ്, സുരേഷ് കുറുപ്പ് തുടങ്ങി എല്ലാവരുമായും ആ സുഹൃദ്ബന്ധം അചഞ്ചലമായി തുടർന്നു. തെരഞ്ഞെടുപ്പ് പ്രചാരണ തന്ത്രങ്ങളിൽ അസാമാന്യ വൈദഗ്ദ്ധ്യമുള്ള അദ്ദേഹം പല നേതാക്കളുടെയും വിജയത്തിന് പിന്നിലെ ബുദ്ധികേന്ദ്രമായിരുന്നു.

അവസാന നാളുകളിൽ രോഗബാധിതനായിരിക്കുമ്പോഴും നിറഞ്ഞ പുഞ്ചിരിയോടെയാണ് അദ്ദേഹം ഏവരെയും സ്വീകരിച്ചത്. ആ പുഞ്ചിരിയും കരുത്തും ഇനി ഓർമ്മകളിൽ മാത്രം. 'ഡിജോ കാപ്പൻ കേരള നിയമസഭയിലും മന്ത്രിസഭയിലും എത്തേണ്ട വ്യക്തിയായിരുന്നു' എന്ന സുരേഷ് കുറുപ്പിന്റെ വാക്കുകൾ ഒരു ജനതയുടെ മൊത്തം ആഗ്രഹമായിരുന്നു.

സൗഹൃദം എന്നത് വെറും വാക്കല്ലെന്നും അത് ഹൃദയം കൊണ്ടുള്ള കെട്ടിയവരിയലാണെന്നും സ്വജീവിതം കൊണ്ട് തെളിയിച്ചാണ് ഡിജോ കാപ്പൻ മടങ്ങുന്നത്. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിലെ പൊതുപ്രവർത്തന രംഗത്തും സൗഹൃദക്കൂട്ടായ്മകളിലും നികത്താനാവാത്ത ഒരു വലിയ ശൂന്യതയാണ് അവശേഷിപ്പിക്കുന്നത്.

# രണ്ട് മറുകുകൾ

കവിത




സിനി തോമസ്

ഒട്ടിപ്പിടിച്ചിരിക്കാൻ തോന്നുന്ന
നനുത്ത മഴയിൽ അവിചാരിതമായി
തമ്മിൽ തമ്മിൽ വച്ചു, മാറാമെന്ന്
രണ്ട് മറുകുകൾ തീരുമാനിച്ചു,
കാണാമറയത്ത് ഒളിച്ചിരുന്ന അവളും
വലതു കവിളിലെ
നുണക്കുഴിയിൽ നിന്നും അവനും
ഒരു വാക്കും മിണ്ടാതെ
നഷ്ടപ്പെടാൻ വയ്യാതെ

പലതും പറയാതെ
അടക്കുമ്പോൾ
കൈയിൽ മടക്കിപ്പിടിക്കുന്ന
സ്നേഹത്തിനരികെ
അവൾ ചേർന്നിരിക്കും...
ആരുടേയും കണ്ണിൽപ്പെടാതെ
പരിഭവങ്ങളും സങ്കടങ്ങളും
തിരികി വച്ചിരിക്കുന്ന
ഹൃദയത്തിനരികെ അവനും...

മഴ മാറി വെയിൽ തെളിയും...
ആ ദിവസം വരും
വാക്കുകളുടെ നാടുകൾ താണ്ടി
മറുകുകൾ മുറിച്ചു കടക്കും...
കണ്ണു നിറഞ്ഞു തുളുമ്പും...
ഉള്ളം കൈയിലെ ഇടവഴികളിലൂടെ
വഴി തെറ്റാതെ തിരിച്ചെത്താൻ
അവനും അവളും
ചുണ്ടുകളിൽ അടയാളം വയ്ക്കും...






# കേരള രാഷ്ട്രീയത്തിലെ മഹാമാറ്റങ്ങൾ: ധാർഷ്ട്യത്തിന് ജനങ്ങൾ നൽകിയ തിരുത്ത്

**ജോസ് കണിയാലി**







**കേ**രളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അത്ര എളുപ്പമൊന്നും ആരും പ്രവചിക്കാത്ത അട്ടിമറികളാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കോട്ടകൾ തകർന്നടിയുന്നു എന്ന് കേവലം ആലങ്കാരികമായി പറയുന്നതിനേക്കാൾ, ദശകങ്ങളായി ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് കടന്നുചെല്ലാൻപോലും സാധിക്കാത്ത ഇടങ്ങളിൽ കോൺഗ്രസ് നേടിയ മുന്നേറ്റം വലിയ രാഷ്ട്രീയ ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ്. 59 വർഷമായി കോൺഗ്രസിന് അപ്രാപ്യമായിരുന്ന മണ്ഡലങ്ങളിലും ഇരുപത് വർഷത്തിലേറെയായി എൽഡിഎഫ് കുത്തകയാക്കി വെച്ചിരുന്ന സീറ്റുകളിലും യുഡിഎഫ് വിജയിച്ചുകയറിയത് കേരളത്തിലെ വോട്ടർമാരുടെ മനോഭാവത്തിൽ വന്ന വലിയ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

തെരഞ്ഞെടുപ്പിന് മുൻപ് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നടത്തിയ പ്രസ്താവനകൾ പലപ്പോഴും രാഷ്ട്രീയ എതിരാളികൾക്കിടയിൽ പരിഹാസത്തിന് കാരണമായിരുന്നു. നൂറിലധികം സീറ്റുകൾ ലഭിക്കുമെന്നും അല്ലാത്തപക്ഷം വനവാസത്തിന് പോകുമെന്നുമുള്ള അദ്ദേഹത്തിന്റെ വാക്കുകളെ അമിതമായ ആത്മവിശ്വാസമായിട്ടാണ് പലരും കണ്ടത്. എന്നാൽ ഈ ആത്മവിശ്വാസം വെറും വാക്കുകളിൽ നിന്നല്ല, മറിച്ച് കൃത്യമായ ഗ്രൗണ്ട് റിപ്പോർട്ടുകളിൽ നിന്നും തന്ത്രപരമായ നീക്കങ്ങളിൽ നിന്നുമാണ് രൂപപ്പെട്ടതെന്ന് ഫലങ്ങൾ തെളിയിക്കുന്നു. 2025-ൽ ചേർന്ന കെപിസിസി രാഷ്ട്രീയ കാര്യസമിതി യോഗത്തിൽ വെച്ച് തന്നെ 63 മണ്ഡലങ്ങളെ പ്രത്യേകമായി തരംതിരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ അദ്ദേഹം നിർദ്ദേശിച്ചിരുന്നു. 2001-ൽ യുഡിഎഫിന് ലഭിച്ച വലിയ വിജയത്തിന്റെ അതേ പാറ്റേൺ പിന്തുടർന്നുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് താഴേത്തട്ടിൽ നടന്നത്. കൃത്യമായി ലക്ഷ്യം വെച്ച ആ 63 മണ്ഡലങ്ങളിലും വിജയം കണ്ടെത്താൻ സാധിച്ചു എന്നത് യുഡിഎഫിന്റെ പ്ലാനിംഗിന് ലഭിച്ച അംഗീകാരമാണ്.

തെരഞ്ഞെടുപ്പ് വേളയിൽ യുഡിഎഫ് ഉന്നയിച്ച ഏറ്റവും വലിയ അവകാശവാദങ്ങളിൽ ഒന്ന് ഭരണപക്ഷത്തെ ഒരു ഡസനിലധികം മന്ത്രിമാർ പരാജയപ്പെടും എന്നതായിരുന്നു. ഫലങ്ങൾ പുറത്തുവരുമ്പോൾ അത് 13 മന്ത്രിമാരുടെ പതനത്തിലേക്ക് എത്തിയത് ഭരണവിരുദ്ധ വികാരം എത്രത്തോളം ശക്തമായിരുന്നു എന്നതിന്റെ തെളിവാണ്. പ്രതിപക്ഷ നേതാവ് മുന്നോട്ടുവെച്ച ഓരോ രാഷ്ട്രീയ കണക്കുകൂട്ടലുകളും കൃത്യമായി ഫലിച്ചപ്പോൾ, ഭരണപക്ഷത്തിന്റെ പക്കലുണ്ടായിരുന്ന തന്ത്രങ്ങൾ പലതും ജനങ്ങൾക്കിടയിൽ ഏശിയില്ല. മുസ്ലിംലീഗിന്റെ ശക്തമായ നേതൃത്വവും യുഡിഎഫ് മുന്നണിയിലെ ഓരോ കക്ഷികളും ഒരേ മനസ്സോടെ ഒത്തൊരുമിച്ചു നീങ്ങിയതും ഈ വിജയത്തിന്റെ അടിത്തറ പാകി.

കഴിഞ്ഞ പത്തു വർഷത്തെ ഭരണം സ്വർഗ്ഗതുല്യമായിരുന്നു എന്ന് സ്ഥാപിച്ചെടുക്കാൻ ലക്ഷങ്ങളാണ് പിആർ ഏജൻസികൾക്കായി ഭരണപക്ഷം ചെലവാക്കിയത്. കേരളത്തിന്റെ ചരിത്രം ഈ പത്തു വർഷം മാത്രമാണെന്നും അതിനു മുൻപുള്ള കാലഘട്ടം ഇരുണ്ടതായിരുന്നുവെന്നും വരുത്തിത്തീർക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നു. അന്തരിച്ച മന്ത്രിമാരുടെ ചിത്രങ്ങൾ പോലും ദുരുപയോഗം ചെയ്തുകൊണ്ടുള്ള പ്രചാരണങ്ങൾ ജനങ്ങൾക്കിടയിൽ വലിയ പ്രതിഷേധമുണ്ടാക്കി. ഓരോ നൂറു മീറ്ററിലും സ്ഥാപിക്കപ്പെട്ട മുഖ്യമന്ത്രിയുടെ ഭീമാകാരമായ ഹോർഡിംഗുകളും 'മറ്റാരുണ്ട്' എന്ന ചോദ്യവും ജനങ്ങൾ ഒരു വെല്ലുവിളിയായിട്ടാണ് സ്വീകരിച്ചത്. രാഷ്ട്രീയത്തിൽ വിനയത്തിന് പകരം ധാർഷ്ട്യം കൈമുതലാക്കിയപ്പോൾ വോട്ടർമാർ അതിനെ ബാലറ്റിലൂടെ നേരിട്ടു. അപ്രതീക്ഷിതമെന്ന് തോന്നുന്ന ഈ വിജയം യഥാർത്ഥത്തിൽ ഭരണകൂടത്തിന്റെ അമിതാധികാര പ്രവണതയ്ക്കെതിരെ ജനങ്ങൾ നൽകിയ ശക്തമായ തിരിച്ചടിയാണ്.

ഈ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് അനുകൂലമായ ഘടകങ്ങളിൽ പ്രധാനം മുന്നണിയിലെ ഐക്യമായിരുന്നു. ലീഗിന്റെയും കേരളാ കോൺഗ്രസ് ജോസഫ് ഗ്രൂപ്പിന്റെയും സജീവമായ പ്രവർത്തനവും കോൺഗ്രസിന്റെ സംഘാടനവും കൃത്യമായി ഏകോപിപ്പിക്കപ്പെട്ടു. ഭരണപക്ഷത്തെ ഓരോ പഴുതുകളും കൃത്യമായി ഉപയോഗപ്പെടുത്താൻ പ്രതിപക്ഷത്തിന് സാധിച്ചു. രാഷ്ട്രീയ വിശകലനങ്ങളിൽ പലപ്പോഴും ചില മാധ്യമ പ്രവർത്തകർ ഇതിനെ അപ്രതീക്ഷിത വിജയം എന്ന് വിളിക്കുമ്പോഴും, കൃത്യമായ രാഷ്ട്രീയ നിരീക്ഷണം നടത്തുന്നവർക്ക് ഈ ഫലം നേരത്തെ തന്നെ കാണാമായിരുന്നു. ജനങ്ങൾക്കിടയിൽ മാറ്റത്തിനുള്ള ആഗ്രഹം പ്രകടമായിരുന്നുവെന്നും അത് ശരിയായ രീതിയിൽ വോട്ടാക്കി മാറ്റാൻ യുഡിഎഫിന് കഴിഞ്ഞു എന്നും വേണം വിലയിരുത്താൻ.

# ഈ ടിപ്സ് അറിഞ്ഞാൽ ആർക്കും നിങ്ങളെ തോല്പിക്കാനാവില്ല

ഫാ. ടിനേഷ് കുര്യൻ പിണർക്കയിൽ

**കേ**രളത്തിൽ മദ്ധ്യവേനലവധിക്കാലമാണല്ലോ. എന്റെ കുട്ടിക്കാലത്തെ സമ്മർ വെക്കേഷനിലെ ഒരു സജീവ സംഭവം ഓർമ്മയിൽ തെളിയുന്നു. നാട്ടിൻപുറങ്ങളിൽ കംപ്യൂട്ടർ ക്ലാസുകളൊക്കെ തുടങ്ങിയ കാലമാണ്. ഞാനും കൂട്ടുകാരും അതിൽ ഒന്ന് പയറ്റിനോക്കാം എന്നു വിചാരിച്ച് ക്ലാസിൽ പോയിത്തുടങ്ങി.

കംപ്യൂട്ടർ ഓൺ ആക്കാനും ഓഫ് ചെയ്യാനുമെല്ലാം പഠിപ്പിച്ചു. ഒരു ദിവസം ഇത് ഓഫ് ആക്കാനറിയാതെ പിറകിലുള്ള കേബിൾ വലിച്ചൂരി ഒരു കൂട്ടുകാരൻ ഇറങ്ങിപ്പോയി. പിറ്റേദിവസം സാർ അവനെ പൊക്കി, കുറെ വഴക്കു പറഞ്ഞു, രണ്ട് ദിവസം കഴിഞ്ഞു സാർ അവനെ ഒന്ന് കളിയാക്കാൻ ചോദിച്ചു. ഡാ ഇതിലെ സോഫ്ട്‌വെയർ കാണുന്നില്ലല്ലോ? നീ അത് ബാഗിലിട്ടു കൊണ്ടുപോയോ? അവൻ കരഞ്ഞുപറഞ്ഞു, സാർ ഞാൻ എടുത്തില്ല, സത്യമായും എടുത്തില്ല. ഹാർഡ്‌വെയർ സോഫ്ട്‌വെയർ എന്താണെന്നുപോലും അറിയാത്ത അവനെ എല്ലാവരും കളിയാക്കി. പിന്നെ അവനെ എല്ലാവരും സോഫ്ട്‌വെയർ വേണു എന്നു കളിയാക്കി വിളിക്കാൻ തുടങ്ങി. പിന്നെ അവൻ ക്ലാസിൽ വന്നതേയില്ല. കാലത്തിന്റെ കാവ്യനീതി എന്താന്ന് പറയട്ടെ?അവൻ ഇന്ന് വിദേശത്ത് ആറക്ക ശമ്പളം മേടിക്കുന്ന വലിയ ഐടി ഉദ്യോഗസ്ഥനാണ്. കുഞ്ഞുനാളിലുണ്ടായ പരാജയവും കളിയാക്കലുകളും അവൻ അവന്റെ ഉപബോധമനസ്സിലേക്ക് കടത്തിവിട്ടില്ല എന്നതാണ് സത്യം. അപ്പോൾ എന്താണ് ഉപബോധമനസ്സിന്റെ ശക്തി?

മനുഷ്യമനസ്സിനെ പ്രധാനമായും മൂന്നായി തരം തിരിക്കാറുണ്ട്. ബോധമനസ്സ്, ഉപബോധമനസ്സ്, അപബോധമനസ്സ്. ബോധമനസ്സിലെ ചിന്തകളാണ് നമ്മെ നിയന്ത്രിക്കുന്നത് എന്നായിരുന്നു നാം വിചാരിച്ചിരുന്നത്. എന്നാൽ, നിന്റെ ഉപബോധമനസ്സ് നീ വിശ്വസിക്കുന്നതെല്ലാം യാഥാർത്ഥ്യമാക്കും. നിന്റെ ജീവിതം വിജയിക്കണമെങ്കിൽ ആദ്യം നിന്റെ ഉള്ളിലെ ചിന്തകളെ പാകപ്പെടുത്തണം. പഠനങ്ങൾ പറയുന്നത്, നീ ആവർത്തിച്ചു ചിന്തിക്കുന്നതും പറയുന്നതും നിന്റെ ഉപബോധമനസ്സിൽ നിറയും അത് നിന്റെ സ്വഭാവമായി മാറും എന്നാണ്.

എപ്രകാരമാണ് ഇത് പ്രവർത്തിക്കുന്നത്? നമ്മുക്കുണ്ടാകുന്ന ചിന്തകളെ (Thoughts) നാം വിശ്വാസത്തിൽ (Belefs) എടുക്കുകയും അത് യാഥാർത്ഥ്യമാകുമെന്ന് ആവർത്തിച്ച് ആവർത്തിച്ച് (Repetitions) ഉറപ്പിക്കുകയും അത് ഇതിനോടകം യാഥാർത്ഥ്യമായി എന്ന് ഭാവനയിൽ കാണുകയും വേണം (Imagination). അത് നീ നേടിയെടുക്കുമ്പോൾ നിനക്കുണ്ടാകുന്ന അനുഭൂതികളെ (Emotions) അനുഭവിക്കുന്നതായി മനസ്സിൽ സങ്കല്പിക്കുകയും വേണം. അപ്പോൾ നീ ചിന്തിച്ചത് നീ ജീവിതത്തിൽ നേടിയെടുത്തിരിക്കും.

എല്ലാവർക്കും ഇതു നടക്കുന്ന കാര്യമാണോ? ഈ ചിന്ത വന്നവരായിരിക്കും ഇപ്പോൾ നമ്മിൽ അധികവും. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നുകൂടി പറയാം. നമ്മുടെ ഉപബോധമനസ്സിന് സത്യമോ അസത്യമോ തിരിച്ചറിയാൻ ആവില്ല. നീ മനസ്സിൽ പറയുന്നതും വിശ്വസിക്കുന്നത് അതേപടി സ്വീകരിക്കും. അതുകൊണ്ടാണ് നെഗറ്റീവ് ചിന്തകൾക്കും ഇതുപോലെ ശക്തിയുണ്ടെന്നു പഴമക്കാർ പറയുന്നത്. ചന്ദനം ചാരിയാൽ ചന്ദനം മണക്കും. ചാണകമായോലോ? നിന്റെ ചിന്തയാണ് നിന്നെ വിജയിയോ പരാജിതനോ ആക്കുന്നത്. സാഹചര്യങ്ങൾക്ക് ഇതിൽ ഒട്ടും പ്രസക്തിയില്ല എന്നല്ല ഞാൻ ഉദ്ദേശിച്ചത്.

അനുദിന ജീവിതത്തിൽ ഇത് എപ്രകാരം പ്രയോഗിക്കണം?

1. Affirmations: പോസിറ്റീവ് ആയ വാക്കുകൾ, ചിന്തകൾ എപ്പോഴും നമ്മിൽ കൂടുതലായി ഉണ്ടാക്കണം.



ലേഖകൻ

2. Creative Visualization: ഞാൻ വിജയിച്ചതായി മനസ്സിൽ ഭാവന കണ്ടു തുടങ്ങുക.

3. Sleep Techniques: ഉറങ്ങുന്നതിനു തൊട്ടുമുൻപും ഉറങ്ങിയെണീറ്റിട്ടും സ്വപ്നങ്ങൾ, ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ ഇവയെ ഓർമ്മിച്ചെടുക്കുക.

4. Prayer & Mediatation: ജീവിതത്തിൽ ശാന്തതയും സമാധാനവും ആഗ്രഹിക്കുക.

5. Mental Diet: നെഗറ്റീവ് ചിന്തകൾക്കും ഗോസിപ്പുകൾക്കും തല്ക്കാലം നോ പറയുക.

ഞാൻ കുറേ നോക്കിയതാ ഇതൊക്കെ. എന്നിട്ടെന്താകാനാ? ഈ ചിന്തകൾ ഇപ്പോൾ വരുന്നവർക്ക് മാത്രം ഒരു സൂത്രവാക്യം കൂടി പറയാം.

1. NO DOUBT. പക്ഷേ, പക്ഷേ എന്ന വാക്കുപോലും മറക്കണം കേട്ടോ.

2. NO FEAR. ഒന്ന് കൂടി പരിശ്രമിച്ചു നോക്കാമെന്നേ, പരാജയഭീതി വേണ്ടാട്ടോ.

3. NO NEGATIVE Self Tolk. നെഗറ്റീവ് സെൽഫ് ടോക്ക് പോലും ഒഴിവാക്കണംട്ടോ.

4. NO MEMORY. പഴയ പരാജയങ്ങളുടെ ഓർമ്മപോലും അങ്ങ് കളഞ്ഞേക്കണം.

ജീവിതത്തിൽ വിജയിച്ചവരെല്ലാം പരാജയത്തെ ഭയപ്പെടാത്തവരും അതിൽനിന്നും പഠിച്ചവരും ആണ് എന്ന കാര്യം മറക്കല്ലേ. കപ്പൽ ഉണ്ടാക്കിയിരിക്കുന്നത് കരയിൽ കെട്ടിയിടാനല്ലല്ലോ. വിജയാശംസകൾ!

## ഫോമാ സൺഷൈൻ റീജിയന്റെ കുടുംബസംഗമവും നാഷണൽ കൺവൻഷൻ കിക്കോഫും മെയ് 16-ന് റ്റാമ്പായിൽ

രാജു മൈലപ്ര

റ്റാമ്പാ: ഫോമാ സൺഷൈൻ റീജിയൻ സംഘടിപ്പിക്കുന്ന ഫാമിലി നൈറ്റും നാഷണൽ കൺവൻഷൻ കിക്കോഫും മെയ് 16-ന് ശനിയാഴ്ച വൈകുന്നേരം 4.30-ന് റ്റാമ്പാ സെന്റ് ജോസഫ് സീറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് വൈവിധ്യമാർന്ന കലാപരിപാടികളോടെ നടത്തപ്പെടും. തദവസരത്തിൽ സൺഷൈൻ റീജിയന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സുവനീർ പ്രകാശനം ചെയ്യും.




റീജിയണൽ വൈസ് പ്രസിഡണ്ട് ജോമോൻ ആന്റണിയുടെ നേതൃത്വത്തിൽ മറ്റു ഭാരവാഹികളുടെ സഹകരണത്തോടെ വർണ്ണശബളമായ പരിപാടികളാണ് അണിയറയിൽ അണിഞ്ഞൊരുങ്ങുന്നത്.

കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഒരുമിച്ചു ചേരുന്ന ഈ ആഘോഷവേള, ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും സാമൂഹികബന്ധത്തിന്റെയും സംഗമവേദിയാകും. സാമൂഹിക, സാംസ്കാരിക നായകന്മാരോടൊപ്പം ഫോമായുടെ ദേശീയ നേതാക്കളും ഈ സമ്മേളനത്തിൽ പങ്കെടുക്കും.

ജൂലൈ 30 മുതൽ ആഗസ്റ്റ് ഒന്നു വരെ ഹൂസ്റ്റണിൽ അരങ്ങേറുന്ന നാഷണൽ കൺവൻഷന് ആവേശം പകരുവാനും ഈ റീജിയനിൽനിന്നും കൂടുതൽ അംഗങ്ങളെ സജീവമാക്കി പങ്കെടുപ്പിക്കുവാനും പ്രചോദനം നല്കുക എന്ന ലക്ഷ്യം കൂടിയുണ്ട്.



ജോമോൻ ആന്റണി

സംഗീതവും നൃത്തവും വർണ്ണശബളമായ മറ്റു കലാപരിപാടികളും പ്രായഭേദമെന്യേ ഏവർക്കും ആസ്വദിക്കാവുന്ന തരത്തിലാണ് സജ്ജമാക്കിയിരിക്കുന്നത്. സൗഹൃദവും സന്തോഷവും ആഘോഷവും കൈകോർക്കുന്ന ഈ സമ്മേളനത്തിൽ കുടുംബസമേതം പങ്കെടുക്കുവാൻ എല്ലാ അഭ്യുദയകാംക്ഷികളെയും സാദരം ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി പരിപാടികൾ സമാപിക്കും. (പ്രവേശന ഫീസില്ല).

Date and Time: Saturday, May 16 at 4.30 PM
Venue:
St. Joseph Syro Malabar Church Auditorium
5501 Williams Road
Seffner, Florida 33584
For Further Information:
Jomon Antony (RVP): (813) 453-2661
Nevin Jose (Secretary): (352) 999-7099
National Committee Members:
Sunitha Menon: (904) 316-6980
Sajan Mathew: (954) 295-2102
Titto John: (613) 408-3777

## യുദ്ധച്ചൂടിൽ വെന്തുരുകി എണ്ണക്കമ്പനികൾ; നഷ്ടം 30,000 കോടി രൂപ

കൊച്ചി: പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്നുണ്ടായ ആഗോള ഊർജ്ജ പ്രതിസന്ധിക്കിടയിലും ഇന്ധനവില വർധിക്കാതെ വിതരണം തുടരുന്നതിലൂടെ രാജ്യത്തെ പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് ഏകദേശം 30,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കുകൾ. മുൻപുണ്ടായ എല്ലാ പ്രതിസന്ധികളെക്കാളും വലുതായിരുന്നു ഇത്തവണത്തെ സാഹചര്യം. കൊമേഴ്സ്യൽ എൽപിജിയുടെ വില കുത്തനെ വർധിപ്പിച്ചെങ്കിലും പെട്രോൾ, ഡീസൽ വില വർധിപ്പിച്ചിട്ടില്ല. ക്രൂഡ് ഓയിൽ വില 50 ശതമാനം വർധിച്ചതിനൊപ്പം ചരിത്രത്തിലെതന്നെ ഏറ്റവും വലിയ എണ്ണ പ്രതിസന്ധിയാണു ലോകം ഇപ്പോൾ നേരിടുന്നത്. പെട്രോളിനും ഡീസലിനും ലിറ്ററിന് 10 രൂപ എക്സൈസ് ഡ്യൂട്ടി കേന്ദ്ര സർക്കാർ കുറച്ചില്ലായിരുന്നെങ്കിൽ നഷ്ടം 62,500 കോടി രൂപ ഉയരുമായിരുന്നെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

ക്രൂഡ് ഓയിൽ വില ബാരലിന് 110 ഡോളറിനു മുകളിൽ തുടർന്ന ഏപ്രിൽ മാസത്തിൽ പെട്രോളിന് ലിറ്ററിന് 18 രൂപയും ഡീസലിന് 25 രൂപ എന്ന നിലയിലായിരുന്നു എണ്ണക്കമ്പനികളുടെ പ്രതിദിന നഷ്ടം. ഇത് എണ്ണ കമ്പനികൾക്ക് പ്രതിദിനം 600- 700 രൂപ ബാധ്യതയുണ്ടാക്കി. ഏറ്റവും ഉയർന്ന വിലയുള്ള സമയത്ത് പെട്രോളിന് ലിറ്ററിന് 24 രൂപയും ഡീസലിന് 30 രൂപയും എന്ന നിരക്കിൽ സർക്കാർ ബാധ്യത ഏറ്റെടുത്തു.

## ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.ടി. തോമസ് അന്തരിച്ചു



ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.ടി. തോമസ് (76) ചെന്നൈ ഇരുമ്പല്ലിയൂർ സഭാ ആസ്ഥാനത്ത് അന്തരിച്ചു. സംസ്കാരം മെയ് 13-ന് ബുധനാഴ്ച രാവിലെ 10-ന് സഭാ ആസ്ഥാനത്തെ ശുശ്രൂഷകൾക്കു ശേഷം സഭാ സെമിത്തേരിയിൽ നടത്തും. 1973-ൽ റ്റിപിഎം സഭയുടെ ശുശ്രൂഷകനായിട്ടായിരുന്നു തുടക്കം. കേരളമടക്കം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും മലേഷ്യയിലും സഭയുടെ ശുശ്രൂഷകനായിരുന്ന അദ്ദേഹം 2018 മുതൽ സഭയുടെ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ ആയിരുന്നു. തൃശൂർ ആൽപ്പാറ മായാലിൽ വീട്ടിൽ പരേതരായ തോമസ് വർഗീസ്-മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനാണ്. സഹോദരൻ പാസ്റ്റർ എം.ടി. ജോർജ് (റ്റിപിഎം വഡോദര സെന്റർ അസി. പാസ്റ്റർ).

വാർത്ത: ചാക്കോ കെ. തോമസ്, ബെംഗ്ളൂരു

# വെസ്റ്റ് സെയ്‌വിൽ സെന്റ് മേരീസ് ദേവാലയത്തിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കിക്കോഫ്

ജിനേഷ് തമ്പി

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ന്യൂയോർക്ക് വെസ്റ്റ് സെയ്‌വിൽ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം. 2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താവിഷയം.





(2തിമോത്തി 2:20-22-എന്നാൽ ഒരു വലിയ വീട്ടിൽ പൊന്നും വെള്ളിയും കൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ട്; ചിലത് മാന്യ കാര്യത്തിനും ചിലത് ഹീനകാര്യത്തിനും ഉപയോഗിക്കുന്നു.

ഇവയെ വിട്ടകന്ന് തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥനു ഉപയോഗവുമായി നല്ല വേലക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന വിശിഷ്ടപാത്രം ആയിരിക്കും. അതുകൊണ്ട് യൗവനമോഹങ്ങളെ വിട്ടോടുക, എന്നാൽ ശുദ്ധഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോട് കൂടെ നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിന്തുടരുക).

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ജെയ്സൺ തോമസ്, ആശ ജോർജ്, ഐറിൻ പോൾ, മാത്യു വർഗീസ് (ബേബി), വനേസ മാത്യു എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി. ദേവാലയ സെക്രട്ടറി ലിജു കുര്യാക്കോസ്, ട്രഷറർ സന്തോഷ് കോരുത് എന്നിവരും സന്നിഹിതരായിരുന്നു. ഇടവക വികാരി ഫാ. ഏബ്രഹാം (ഫിൽമോൻ) ഫിലിപ്പ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.



കോൺഫറൻസ് കോർ ടീമിനെയും കമ്മിറ്റി അംഗങ്ങളെയും ജെയ്സൺ തോമസ് സ്വാഗതം ചെയ്യുകയും പരിചയപ്പെടുത്തുകയും ചെയ്തു. ആശ ജോർജ് ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ രജിസ്ട്രേഷൻ നിരക്കുകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ പങ്കുവെച്ചു.

ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെ. തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

മാത്യു വർഗീസ് റാഫിൾ പ്രോഗ്രാമിനെക്കുറിച്ചും സമ്മാനങ്ങളെക്കുറിച്ചും സംസാരിച്ചു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം നല്കി.

ഐറിൻ പോൾ ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ആവശ്യപ്പെടുകയും പരസ്യങ്ങൾക്കായുള്ള വിവിധ വ്യക്തിഗത, ബിസിനസ് നിരക്കുകളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

ജോഷ്വായുടെ സൈറ്റ് & സൗണ്ട് ഷോ, വെബ്സൈറ്റ് എന്നിവയെക്കുറിച്ചു ജെയ്സൺ തോമസ് സംസാരിച്ചു. ബ്രൂക്ലിൻ, ക്വീൻസ്, ലോങ് ഐലൻഡ് എന്നീ ചർച്ചുകളുടെ കൗൺസിലാണ് ഈ വർഷത്തെ കോൺഫറൻസിന്റെ ഗായകസംഘത്തെ നയിക്കുകയെന്നും കോൺഫറൻസിനുള്ള ഗായകസംഘം ഫാ. ജോൺ തോമസിന്റെ നേതൃത്വത്തിൽ ആയിരിക്കുമെന്നും ജെയ്സൺ തോമസ് അറിയിക്കുകയും ഇടവകക്കാരെ ഗായകസംഘത്തിൽ ചേരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ദേവാലയ വികാരി ഫാ. ഏബ്രഹാം (ഫിൽമോൻ) ഫിലിപ്പ് രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദിപറയുകയും ചെയ്തു. വോട്ട് ഓഫ് താങ്ക്സ് നല്കി ജെയ്സൺ തോമസ് സംസാരിച്ചു കൂടുതൽ വിവരങ്ങൾക്ക് https://fycnead.org/ സന്ദർശിക്കുകയോ താഴെപ്പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക: ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.

# ഡോ. ഏഴംകുളം സാംകുട്ടി അന്തരിച്ചു



തിരുവല്ല: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ സുവിശേഷകനും പ്രഭാഷകനും നോവലിസ്റ്റുമായ ഡോ. ഏഴംകുളം സാംകുട്ടി (77) യുഎസിൽ അന്തരിച്ചു. പുനലൂർ വയലിൽ പുളിമൂട്ടിൽ പരേതനായ എൻ. എം. ചാക്കോയുടെയും ചിന്നമ്മ ചാക്കോയുടെയും മകനാണ്. ലൂസിയാന സതേൺ സർവകലാശാലയിൽ ഇംഗ്ലീഷ് വിഭാഗം പ്രഫസറായിരുന്നു. പാളംതെറ്റിയ തീവണ്ടി, ശാസ്ത്രവും ബൈബിളും, ഒടുവിലത്തെ ശത്രു, യുക്തിവാദം ശനിദിശയിൽ, എഡി 2000 (ഇംഗ്ലീഷ്) എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. വിശ്വാസലോകത്ത് ഏറെ സുപരിചിതനായിരുന്ന അദ്ദേഹം ആത്മീയ സേവനരംഗത്ത് അതുല്യമായ സംഭാവനകൾനല്കിയ വ്യക്തിത്വമായിരുന്നു. വിവിധ ഭാഷകളിൽ അദ്ദേഹം നടത്തിയ ശുശ്രൂഷകൾ ഒട്ടേറെ തലമുറകളെ സ്വാധീനിച്ചിട്ടുണ്ട്.

ഭാര്യ: തിരുവല്ല സങ്കരമംഗലം കുടുംബാംഗമായ പ്രഫ. പുഷ്പ സംകുട്ടി. മക്കൾ: രഞ്ജിത്ത്, ബിന്ദു. മരുമക്കൾ: എ. ഏബ്രാഹാം, സോമൻ ചെന്നങ്കര (ഡാളസ്). കൊച്ചുമക്കൾ: ജസ്റ്റസ്, ജെറമിയ, ചാൻസ്. സഹോദരങ്ങൾ: ലീലാമ്മ ഏബ്രഹാം, സാലി സോമൻ (ഡാളസ്). സംസ്കാരം മെയ് 16-ന് ശനിയാഴ്ച ഹൂസ്റ്റണിൽ നടക്കും. രാവിലെ 9 മണി മുതൽ 12 മണി വരെ ഐപിസി ഹെബ്രോൺ സഭയിൽ (4660 South Sam Houston Pkwy East, Houston Texas 77048) പൊതുദർശനവും ശുശ്രൂഷയും തുടർന്ന് South Park Funeral Home-ൽ (1310 N Main St, Pearland, Texas 77581) മൃതദേഹം സംസ്കരിക്കും.

ദൈവവചനത്തിൽ ആഴമുള്ള പ്രസംഗങ്ങളിലൂടെ അനേകരെ സ്വാധീനിച്ച ഡോ. ഏഴംകുളം സാംകുട്ടി ആത്മീയലോകത്ത് ഏറെ ബഹുമാനിക്കപ്പെട്ട വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം വിശ്വാസിസമൂഹത്തിന് വലിയ നഷ്ടമായി മാറിയിരിക്കുകയാണ്. കുടുംബാംഗങ്ങളെയും പ്രിയപ്പെട്ടവരെയും അനുസ്മരിച്ച് വിവിധ ആത്മീയ സാമൂഹിക സംഘടനകൾ അനുശോചനം രേഖപ്പെടുത്തി.

വാർത്ത: ജോയ് തുമ്പമൺ

# പൊതുജനം കഴുതയല്ല സാർ

യുഡിഎഫിന്റെ ഉജ്വല വിജയത്തിൽ കേരളത്തിലെ ജനങ്ങൾ പൊതുവേ സന്തുഷ്ടരായിരുന്നു. അധികാരത്തിന്റെ അഹങ്കാരം തലയ്ക്കു പിടിച്ച നേതാക്കന്മാർ ഓരോന്നായി തകർന്നടിഞ്ഞു. എന്നാൽ, മുഖ്യമന്ത്രി കസേരയ്ക്കു വേണ്ടിയുള്ള കോൺഗ്രസിലെ നാണംകെട്ട വടംവലി ഈ വിജയത്തിന്റെ ശോഭയ്ക്കു മങ്ങൽ ഏല്പിച്ചിരിക്കുന്നു. എംപിമാർ മത്സരിക്കേണ്ട എന്ന നല്ല തീരുമാനമെടുത്ത ഹൈക്കമാൻഡിനെ നിയന്ത്രിക്കുന്ന വേണുഗോപാൽ തന്നെ കേരളത്തിൽ മത്സരിക്കാതെ, അവകാശവാദവുമായി കളം നിറഞ്ഞുനിൽക്കുന്നു. താനാണ് കേരളത്തിലെ കോൺഗ്രസിന്റെ വിജയശില്പി എന്ന് അദ്ദേഹം അവകാശപ്പെടുന്നു. ഇദ്ദേഹം ഇത്ര കഴിവുള്ളവനായിരുന്നെങ്കിൽ മറ്റുള്ള സ്ഥലങ്ങളിലെല്ലാം കോൺഗ്രസ് തകർന്നടിഞ്ഞത് എന്തുകൊണ്ടാണ്? അദ്ദേഹമാണുപോലും സ്ഥാനാർത്ഥികൾക്ക് തെരഞ്ഞെടുപ്പ് ഫണ്ട് തരപ്പെടുത്തിക്കൊടുത്തത്. പണമാണ് മാനദണ്ഡമെങ്കിൽ അദാനിക്കോ, അംബാനിക്കോ, നമ്മുടെ യൂസഫലി സാഹിബിനോ ഇതൊക്കെ സാധിക്കുമല്ലോ. തകർന്നടിഞ്ഞ കോൺഗ്രസിനെ തന്റെ നിശ്ചയദാർഢ്യം കൊണ്ട് വി.ഡി. സതീശനാണ് വിജയത്തിലേക്ക് നയിച്ചത്. അദ്ദേഹത്തിനാണ് മുഖ്യമന്ത്രിസ്ഥാനം അവകാശപ്പെട്ടത്. അല്ലെങ്കിൽ കേരളത്തിൽ തന്നെ ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ച രമേശ് ചെന്നിത്തല ഉൾപ്പെടെ എത്രയോ പേരുണ്ട്. വേണുഗോപാലിന് ഈ ചിത്രത്തിൽ സ്ഥാനമില്ല.

ഇതു പറയുമ്പോൾ കോൺഗ്രസിന് അവരുടേതായ ഒരു സംവിധാനം ഉണ്ടെന്നാണ് പറയുന്നത്. ഈ സംവിധാനം ഉപയോഗിച്ച് അർഹതപ്പെട്ടവരെ മാറ്റിനിർത്തിയതു കൊണ്ടാണ് ഉത്തരേന്ത്യയിൽ കോൺഗ്രസ് തകർന്നടിഞ്ഞത്. കോൺഗ്രസ് ഹൈക്കമാൻഡ് എന്ന് പറഞ്ഞാൽ രാഹുൽഗാന്ധി മാത്രമാണ്. അദ്ദേഹത്തെ നിയന്ത്രിക്കുന്നത് വേണുഗോപാൽജിയാണ്. അതുകൊണ്ട് ചുളുവിൽ ഈ സ്ഥാനം വേണുഗോപാൽ അടിച്ചെടുക്കും. ആറു മാസം കഴിയുന്നതിനു മുൻപ് അനാവശ്യമായ രണ്ട് ഉപതെരഞ്ഞെടുപ്പുകൾ കേരളത്തിൽ നടത്തേണ്ടിവരും. 'കാലത്തിന്റെ കാവ്യനീതി' എന്നൊരു കാര്യമുണ്ട്. പണ്ട് സമർത്ഥമായി കെപിസിസി പ്രസിഡണ്ടായി തിളങ്ങിയ കെ. മുരളീധരൻ മന്ത്രിസ്ഥാനം മോഹിച്ച് മറ്റൊരാളെ രാജി വെപ്പിച്ച് ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചു. എന്നാൽ എട്ടുനിലയിൽ പൊട്ടിയ ഒരു ചരിത്രം നമ്മുടെ മുൻപിലുണ്ട്.



രാജു മൈലപ്ര

പൊതുജനം കഴുതയല്ല സാർ. അർഹതപ്പെട്ട സ്ഥാനം വി.ഡി. സതീശനു നല്കി മാന്യത കാട്ടുക.

KERALA EXPRESS പ്രവാസി താളുകൾ

# ബോസ്റ്റൺ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

ബോസ്റ്റൺ: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ബോസ്റ്റൺ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

ജിനേഷ് തമ്പി

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താവിഷയം.



കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ജോൺ താരവേലിൽ, ഡോ. റെബേക്ക പോത്തൻ, അനിൽ തോമസ്, ജെന്നിഫർ അലക്സ്, ജൂലിയ അലക്സ്, സുജ ജോൺ എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ സെക്രട്ടറി വിജു പോൾ, ട്രഷറർ ബെഞ്ചമിൻ സാമുവൽ, ഭദ്രാസന അസംബ്ലി അംഗം സിബു തോമസ്, മലങ്കര അസോസിയേഷൻ അംഗം ബെഞ്ചമിൻ സാമുവൽ, എബി കുര്യാക്കോസ്, ജോർജ് വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു. ഇടവക വികാരി ഫാ. റോയ് പി. ജോർജ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.





ജോൺ താമരവേലിൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസിന്റെ ഉദ്ദേശ്യത്തെയും ദൗത്യത്തെയുംകുറിച്ചുള്ള വിശദാംശങ്ങൾ നല്കുകയും ചെയ്തു. ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഡോ. റെബേക്ക പോത്തൻ ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുകയും ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ആവശ്യപ്പെടുകയും സ്പോൺസർഷിപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ നല്കുകയും ചെയ്തു.

ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെ. തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

രജിസ്ട്രേഷനെയും സ്പോൺസർഷിപ്പിനെയും കുറിച്ചുള്ള വിവരങ്ങൾ ജൂലിയ അലക്സ് വിശദമായി നല്കി. ജെന്നിഫർ അലക്സ് റാഫിൾ, സൈറ്റ് & സൗണ്ട് ഷോയെക്കുറിച്ചു സംസാരിക്കുകയും ഇടവകാംഗങ്ങളെ കോൺഫറൻസിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അനിൽ തോമസ് കോൺഫറൻസിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്ന പാഠ്യപദ്ധതികളെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസിനെക്കുറിച്ചുള്ള തന്റെ അനുഭവം പങ്കുവെച്ചുകൊണ്ട് എല്ലാവരെയും പ്രത്യേകിച്ച് യുവാക്കളെ കോൺഫറൻസിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു.

കോൺഫറൻസ് ടീമിനു നല്കിയ ഊഷ്മളമായ സ്വാഗതത്തിനും പിന്തുണയ്ക്കും ജോൺ താരവേലിൽ ഇടവക വികാരിക്കും ഇടവകാംഗങ്ങൾക്കും നന്ദി അറിയിച്ചു.

ദേവാലയ വികാരി ഫാ. റോയ് പി. ജോർജ് രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക് https://fycnead.org/ സന്ദർശിക്കുകയോ താഴെപ്പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക: ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.

# Happy Birthday to Psychiatrist Dr. A.G. Alias

Ninety years ago, new life blossomed in a Kerala family,
Quiet was this baby boy, pleasing everyone in the family.
Spiritual, he prayed much, charming the Christian family
Picked up skills, did well in school, delighting the family.


Young man delved into books, filling mind with rich ideas,
Mesmerized by vegetarianism and fasting, Gandhian ideas.
He wore Khadi, classmates surprised, having no good ideas
Teachers avoided him, not knowing the depth of his ideas

Land turned red,1957 communist victory energized his mind;
Inequality was huge, the rich grew richer, poor lost their mind.
With the country struggled, Marx and Lenin enriched his mind,
EMS, AKG became his heroes, filling the restless, eager mind.

Getting into medicine gave him a chance to help humanity,
Crying for help with life-threatening maladies, the humanity.
Malaria and cholera, pox and typhoid were hurting humanity.
He passed all the exams, earning the right to help humanity.

Family found an upright woman, enriching his young life,
A baby boy born, couple pleased, adding joy to serene life.
Family headed to the USA, to begin adventures of their life.
His arena changed to the mind philosophy, exhilarating life.

Hard to believe, the good-hearted man now ninety years old;
Holding to the wisdom of decades, the sharp ninety years old.
Still active watching TV of Trump and Iran, ninety years old,
Ready to march on in a golden wagon to hundred years old.
Happy Birthday



C.J. Jos, M.D

# അമ്മദിനാഘോഷം

**എൽസി ബേബി**

മാതാവിനെ നിഷ്ഠൂരമായി കൊലപ്പെടുത്തിയ മകൻ, പിതാവിന്റെ ജീവനെടുത്ത മറ്റൊരു മകൻ... ഈ ഞെട്ടിക്കുന്ന വാർത്ത കേട്ടപ്പോൾ ദുഃഖത്തോടൊപ്പം എന്താണിത്, ശരിക്കും കലിയുഗം തന്നെയാണല്ലോ എന്നു തോന്നിപ്പോയി. മെയ് മാസത്തിൽ ലോകമാകമാനം മദേഴ്സ് ഡേ ആഘോഷിക്കുമ്പോൾ എന്റെ മനസ്സിലേക്കു വരുന്ന ചോദ്യം, ആണ്ടിലൊരിക്കൽ മാത്രം അമ്മദിനം ആഘോഷിച്ചാൽ മതിയോ എന്നതാണ്. അമ്മ എന്ന രണ്ടക്ഷരത്തിന്റെ മൂല്യം ഇത്ര നിസ്സാരമായി കരുതാമോ?അമ്മ എല്ലാ പ്രകാരത്തിലും സൃഷ്ടിയുടെ മാതാവാകുന്നു. അമ്മയില്ലായിരുന്നെങ്കിൽ ഈ ലോകം പോലും കാണുമായിരുന്നോ?

അമ്മ എല്ലാക്കാലത്തും കുടുംബത്തിന്റെ മാത്രമല്ല,സമൂഹത്തിന്റെ, ഈ ലോകമാകമാനം നിറഞ്ഞുനിന്നു ശോഭിക്കുന്ന ഒരു തിലകമാകുന്നു. ചിത്രശലഭങ്ങളെപ്പോലെ പാടിയാടി നടന്ന ഒരു പെൺകുട്ടി പ്രായപൂർത്തിയായിക്കഴിയുമ്പോൾ വിവാഹമെന്ന കൂദാശയിലൂടെ ഒരു പുരുഷന്റെ ഭാര്യയാകുന്നു. ഏറെ താമസിയാതെ അവളുടെ ഉദരം പരിശുദ്ധനായ ദൈവത്തിന്റെ ഒരു പണിപ്പുരയായി മാറുന്നു. ഒരു അണുവിനെ വളർത്തി രൂപാന്തരപ്പെടുത്തി ഒരു മനുഷ്യനാക്കിത്തീർക്കുവാനുള്ള പരിശുദ്ധ ദേവാലയം. പൂർണ്ണവളർച്ചയായ ഒരു ശിശുവിനെ ഈ ഭൂമിയിലേക്കവതരിപ്പിക്കാൻ ഒരു സ്ത്രീ അനുഭവിക്കുന്ന വേദന, കഷ്ടപ്പാട് ചില്ലറയല്ല. പിറന്നു വീഴുന്ന ശിശുവിന്റെ നിലവിളി കേൾക്കുമ്പോൾ അവൾ ഒരു അമ്മയായി എന്ന പ്രഖ്യാപനമാണ് അവളുടെ ഹൃദയത്തിൽ വീഴുന്നത്. അതോടെ അവൾ അനുഭവിച്ച വേദന പാടേ മറക്കുന്നു എന്നത് അതിശയമല്ലേ? അതുകൊണ്ടാണല്ലോ അവൾ അത് ആവർത്തിക്കുവാൻ വീണ്ടും വീണ്ടും ഒരുമ്പെടുന്നത്. അതിനുശേഷം അവളുടെ ശരീരത്തിൽ നിന്നും ഒഴുകുന്ന അമൃത് തുല്യമായ മുലപ്പാൽ നല്കി എത്ര വാത്സല്യത്തോടെയാണ് ആ ശിശുവിനെ തന്റെ മാറോടണച്ച് അവൾ ആമോദമനുഭവിക്കുന്നത്. അങ്ങനെ നൊന്തു പ്രസവിച്ചു ലഭിച്ച ശിശുക്കളെ സ്നേഹിച്ചും ലാളിച്ചും വളർത്തുവാനുള്ള ഒരു മാതാവിന്റെ വാത്സല്യത്തിന് യാതൊരു അതിരും ഭഗവാൻ


ലേഖിക

വെച്ചിട്ടില്ല. മൃഗങ്ങളായാലും പക്ഷികളായാലും നമുക്കിതു കാണുവാൻ സാധിക്കും. മാതൃഹൃദയം പോലെ നിർമ്മലമായ ഒരു ഹൃദയവും ഇല്ല. സ്നേഹത്തിന്റെയും സഹനത്തിന്റെയും സഹിഷ്ണുതയുടെയും പര്യായമാണ് അമ്മ എന്ന പുണ്യസ്ത്രീ. എന്റെ അമ്മയെക്കുറിച്ചുള്ള ഓർമ്മ എന്നെ കോൾമയിർ കൊള്ളിക്കാറുണ്ട്. ഒമ്പത് മക്കളെ പ്രസവിച്ചു വളർത്തിയ അമ്മ തന്റെ മരണശയ്യയിൽ തന്റെ ചുറ്റുംനിന്നു യാത്രയയ്ക്കുവാൻ 25 കൊച്ചുമക്കളും അവരുടെ മാതാപിതാക്കളും ഉണ്ടായിരുന്നു. എത്ര അനുഗ്രഹിക്കപ്പെട്ട അനുഭവമായിരുന്നു.

തന്റെ ദുഃഖവും പ്രയാസങ്ങളും മനോവേദനയും മറ്റും തുറന്നു പറയാൻ ആരുമില്ലാതെ വീർപ്പുമുട്ടിക്കഴിഞ്ഞ എന്റെ അമ്മയുടെ കുടുംബജീവിതത്തെക്കുറിച്ച് ഞങ്ങളോട് അമ്മ പറയാറുണ്ട്. അഞ്ച് ആൺമക്കളേയും നാല് പെൺമക്കളേയും പെറ്റുവളർത്തി, ഭർത്താവിന്റെ പ്രായമായ മാതാപിതാക്കളെയും അവരുടെ മാതാപിതാക്കളെയും പരിപാലിച്ചു ശുശ്രൂഷിച്ചു. കൃഷിക്കാരായ വേലക്കാരും പ്രായപൂർത്തിയായ നാല് നാത്തൂന്മാരുടെയും ചുമതലകൾ വിഘ്നം കൂടാതെ നിർവഹിച്ചു. ദൈവഭക്തയായ ഒരു സ്ത്രീയായതുകൊണ്ട് വിശ്രമമില്ലാത്ത പകലന്തിയോളമുള്ള ചുമതലകൾ നിർവഹിച്ചു. രാത്രിയാമങ്ങളിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്ന ഒരു പുണ്യസ്ത്രീയായിരുന്നു എന്റെ അമ്മ. ഞാൻ എന്റെ എല്ലാ ആവശ്യങ്ങളും ഭാരങ്ങളും പ്രയാസങ്ങളും പരിശുദ്ധനായ സർവ്വശക്തനായ ദൈവത്തോടാണ് പറയാറുള്ളത്.എന്റെ ദൈവമല്ലാതെ എനിക്കു തുണയായി മറ്റാരുമില്ലായിരുന്നു. അവിടുന്നാണ് എനിക്ക് സഹനശക്തിയും സ്നേഹവും കഴിവും ബുദ്ധിയും അതാതു ദിവസങ്ങളിൽ തന്നുകൊണ്ടിരുന്നത്. നിങ്ങളും അതുതന്നെ തുടരണം. എന്ന് ഞങ്ങളുടെ മാതാവും പെൺമക്കളായ ഞങ്ങളെ പറഞ്ഞു പഠിപ്പിച്ചതിന്റെ ഫലമായി ഞങ്ങളും വിവാഹിതരായി ചെന്നു കയറിയ ഭവനങ്ങളിൽ അതു പാലിച്ചതിന്റെ അനുഗ്രഹങ്ങൾ വർണ്ണിക്കുവാൻ ഇടം പോരാ. ഇങ്ങനെയുള്ള അമ്മമാരുടെ മക്കൾ അനുസരണംകെട്ടവരായി, കഠിനഹൃദയരായി അമ്മമാരെ ഉപദ്രവിക്കുന്നവരും തല്ലുന്നവരും കൊല്ലുന്നവരുമായിത്തീരുവാനുള്ള കാരണങ്ങൾ എന്തായിരിക്കും? അമ്മമാർ മാത്രമല്ല മാതാപിതാക്കളാണ് മക്കളുടെ യഥാർത്ഥ വഴികാട്ടികളും അദ്ധ്യാപകരും പരിപാലകരും. ശൈശവപ്രായം മുതൽ മക്കൾക്കു ലഭിക്കേണ്ട സ്നേഹവും വാത്സല്യവും പരിപാലനവും ലഭിക്കാതെ വളരുന്ന കുഞ്ഞുങ്ങളിൽ വെറുപ്പിന്റെയും ദുഃഖത്തിന്റെയും പ്രതികാരത്തിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ പാകുകയാണെന്ന് മാതാപിതാക്കൾ നന്നായി അറിഞ്ഞിരിക്കേണ്ട വിഷയമാകുന്നു.

മറ്റെന്തിനേക്കാളും വിലയേറിയ മാതാപിതാക്കളുടെ സാന്നിദ്ധ്യം, സ്നേഹം, ശിക്ഷണം, ശിക്ഷ, ഉപദേശങ്ങളെല്ലാം ശൈശവം മുതൽ ആവോളം നല്കി വളർത്തുന്ന മക്കൾ മര്യാദക്കാരായി മാതാപിതാക്കളെ അനുസരിക്കുന്നവരും സ്നേഹിക്കുന്നവരും പരിചരിക്കുന്നവരും അവരുടെ വാർദ്ധക്യം അനുഗ്രഹകരമാക്കുന്നവരുമായിരിക്കും. മാതാപിതാക്കളുടെമേൽ കൈവെക്കുവാൻ അങ്ങനെയുള്ള യുവാക്കൾ ഒരുമ്പെടുകയില്ല. അതിന് അവരുടെ മനസ്സ് അനുവദിക്കുകയില്ല. വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളുടെ കുറ്റങ്ങളും ബലഹീനതകളും അവരുടെ നിർബന്ധങ്ങളും മറ്റും വാർദ്ധക്യജനകമായ ശാരീരിക, മാനസിക മാറ്റങ്ങളാണെന്നു മനസ്സിലാക്കി അവയെല്ലാം സഹിച്ച് അവരുടെ അന്ത്യംവരെ അവരെ സ്നേഹിച്ചു പരിപാലിച്ച് അവരുടെ കണ്ണുകളടയ്ക്കാനിടയാക്കും. ഈ വർഷത്തെ അമ്മദിനം ആഘോഷമാക്കുക. മാതാപിതാക്കളെ ആവോളം സ്നേഹിച്ചു സംതൃപ്തിപ്പെടുത്തുവാനും അന്ത്യംവരെ അവരോട് ചേർന്നു ജീവിക്കുവാനാകുന്നതും കാണുന്ന മാതാപിതാക്കളുടെ മക്കൾ അതിനിരട്ടിയായി നിങ്ങൾക്കു നല്കും. നിങ്ങൾക്കും ഒരു വാർദ്ധക്യമുണ്ട്. എന്നോർക്കുക. അമ്മയെ ഈശ്വരൻ കഴിഞ്ഞാൽ പിന്നെയുള്ള സൃഷ്ടികർത്താവായി കാണുക അന്ത്യംവരെ ബഹുമാനിക്കുക, സ്നേഹിക്കുക, ഇഷ്ടങ്ങൾ നിറവേറ്റിക്കൊടുക്കുക. എത്രതന്നെ നല്കിയാലും നിങ്ങളെ പത്തുമാസം വയറ്റിൽ ചുമന്നുകൊണ്ടു നടന്ന അസഹനീയമായ പ്രസവവേദനയോടെ പ്രസവിച്ച് വാത്സല്യംത്തോടെ സ്നേഹിച്ച് പോറ്റിപ്പുലർത്തിയതിനു സമമായി അതു പോരായ്മയായി തീരുകയേയുള്ളൂ എന്നോർക്കുക. അവർ അതിന് അർഹരാകുന്നു എന്നു സാരം.


## വന്ദേമാതരം തടസ്സപ്പെടുത്തുന്നത് കുറ്റകരം

ന്യൂഡൽഹി: ദേശീയഗീതമായ വന്ദേമാതരം ആലപിക്കുന്നതിനെ തടസ്സപ്പെടുത്തുന്നതു ശിക്ഷ ലഭിക്കാവുന്ന കുറ്റമാക്കാനുള്ള നിയമഭേദഗതി നിർദേശത്തിനു കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

ദേശീയഗാനം, ദേശീയ പതാക, ഭരണഘടന എന്നിവയ്ക്കൊപ്പം വന്ദേമാതരത്തെ അവഹേളിക്കുന്നതും കുറ്റമാക്കിയാണു ഭേദഗതി നിർദേശിച്ചിരിക്കുന്നത്. ഭേദഗതി നടപ്പിലായാൽ, ദേശീയഗാനമായ 'ജനഗണമന'യ്ക്കുള്ള അതേ നിയമസംരക്ഷണമാണ് വന്ദേമാതരത്തിനും ലഭിക്കുക. നിലവിലുള്ള നിയമപ്രകാരം ദേശീയപതാകയും ഭരണഘടനയും കത്തിക്കുന്നതും കേടുവരുത്തുന്നതും ദേശീയഗാനം പാടുന്നത് തടസ്സപ്പെടുത്തുന്നതും മൂന്ന് വർഷംവരെ തടവോ, പിഴയോ ലഭിക്കാവുന്ന കുറ്റമാണ്.

## കോളിംഗ് ബെൽ

നടക്കാനും മേലാ ഇരിക്കാനും മേലാ
നടുവിനും മുട്ടിനും വേദനയാണ്
ഉറങ്ങാൻ കിടന്നാൽ ഉറക്കം കുറവ്
ഉറങ്ങാൻ മരുന്ന് കഴിക്കുന്നും ഉണ്ട്
കൂട്ടത്തിൽ ചിലപ്പോൾ 'സ്മോളും' കഴിക്കും
എണ്ണയും ഉണ്ട് കുഴമ്പും കൂട്ടത്തിൽ
ദേഹത്ത് എന്നും തിരുമ്മുന്നും ഉണ്ട്
മക്കള് ചൊല്ലും ഡോക്ടറെ കാണ്
ഡോക്ടറ് ചൊല്ലും പ്രായം ഇത് അല്ലേന്ന്
അളിയനും പെങ്ങളും വന്നു പോകുന്നു
കൂട്ടത്തിൽ നടക്കാൻ പറ്റത്തും ഇല്ലാ
മക്കളു ദിവസവും ഫോണിൽക്കൂടി
കൊച്ചുമക്കൾ വന്നിട്ടുപോകും
ഫ്രിഡ്ജ് നിറയെ വാങ്ങിയ ഭക്ഷണം
കഴിക്കാൻ വയറിന് ഇഷ്ടവും ഇല്ലാ
പള്ളിയിൽ അച്ചൻ വന്നിട്ടുപോയി
എന്തോ നാട്ടിൽ പണിയണം എന്ന്
പള്ളിയിൽ പോകുവാൻ ദൂരം ആണെങ്കിലും
കൂട്ടപ്രാർത്ഥനയിൽ കയറുന്നും ഉണ്ട്
ഗ്യാസിന്റെ വില കൂടും ദിവസവും
വയറ്റിലെ ഗ്യാസിനു കുറയുന്നും ഇല്ലാ
വീടിന്റെ പുറകിൽ അണ്ണാന്റെ ശല്യം
വീടിന്റെ മുൻപിൽ നായ്ക്കൽ നടത്തിപ്പുകാർ
എട്ടാംമാസം ആഗസ്റ്റ് മാസം
80 വയസ്സായ കൊച്ചാണ് എന്റമ്മയ്ക്ക്
80 കഴിഞ്ഞാൽ കൂട്ടത്തിൽ കൂട്ടുമോ
വില്ലുകൾ ഒക്കെ പെട്ടിക്കകത്ത്
വായനാശീലം കുറവാണെങ്കിലും
വായിലെ നാക്കിനു റെസ്റ്റില്ലതാനും
പാട്ട് എഴുതുവാൻ കഴിവുണ്ട് താനും
പാട്ട് പാടുവാൻ കഴിവില്ല താനും
കോളിങ് ബെല്ല് അമർത്തി അടിക്കുന്നു
ആരോ എന്നുടെ വീടിന്റെ മുൻപിൽ


ജെയിംസ് ചെട്ടിയാത്ത്



# KERALA'S CHANGING POLITICAL LANDSCAPE: WILL THE LEFT FRONT FADE AWAY?

George Abraham

Now that the elections in Kerala have concluded, attention has shifted decisively toward the question of leadership—who will assume the role of Chief Minister? This lingering uncertainty is expected to be resolved in the coming days, as the Congress High Command deliberates carefully, weighing both electoral mandates and public sentiment. The party, having been entrusted with a renewed mandate after a decade, faces the responsibility of selecting a leader who can embody both competence and credibility while meeting the aspirations of a politically aware electorate.

Among Congress supporters, there is a palpable sense of euphoria following what they perceive as the end of a long and controversial phase of governance under the previous administration. However, beneath the celebratory mood lie deeper, more complex trends that merit careful reflection. A closer analysis of the electoral outcome reveals shifts in voter behavior and political alignments that could carry long-term implications for Kerala's social fabric and political stability.

One of the most striking developments is the broader national context in which this result sits. For the first time in decades, it appears that no state government in India will be led by a communist or leftist party, a dramatic reversal for a movement that once wielded significant influence and was rooted in the ideals of social justice, equality, and resistance to feudal and caste-based oppression. This decline raises important questions about the evolving relevance of ideological politics in contemporary India.

For much of its post-independence history, Kerala has been shaped by the alternating stewardship of two major political fronts, whose competitive yet stable governance model contributed significantly to the state's social cohesion and institutional continuity. Both formations have, by and large, upheld a strong commitment to secularism and have consistently resisted communal polarization. In doing so, Kerala largely avoided the large-scale religious tensions and riots that have periodically affected other parts of India. This relative insulation from divisive politics has been a key factor in preserving the state's pluralistic ethos and social harmony.

Equally important has been Kerala's remarkable progress on human development indicators. The state's achievements in literacy, healthcare, and social welfare have often been cited as benchmarks not just within India, but in comparison with many developed regions globally. This trajectory did not emerge by accident; it was the result of sustained policy choices and a political culture that prioritized public welfare over narrow sectarian interests.

There is little doubt that the Left Democratic Front (LDF) played a pivotal role in laying this foundation. The election of the


George Abraham

first democratically elected communist government in 1957 marked a turning point not just for Kerala but also for the global history of democratic politics. The government initiated a series of far-reaching reforms that reshaped the state's socio-economic landscape. Land reforms weakened entrenched feudal structures, redistributing ownership and empowering marginalized communities. Investments in free and universal education, along with a robust primary healthcare system, created a more equitable society with high levels of human capital. Additionally, the establishment of a public distribution system ensured food security for vast sections of the population, while progressive labor laws sought to protect workers from exploitation.

Over time, these policies helped entrench Left politics as a durable force in Kerala and in states like West Bengal and Tripura, while also maintaining a presence in regions such as Bihar and Tamil Nadu. Their legacy, therefore, is not merely electoral but structural and embedded in the very fabric of Kerala's development model.

The more pressing and perhaps unsettling question now is whether the decline of the Left Front witnessed earlier in states like West Bengal and Tripura could, over time, replicate itself in Kerala. This election appears to signal not just a routine political transition, but the possibility of a deeper structural weakening of the Left's organizational strength and ideological appeal. A key criticism emerging from observers and sections of the electorate is that this downturn has been driven less by ideological defeat and more by a gradual drift away from foundational principles, such as centralized decision-making, diminishing internal democracy, and an increasingly insulated leadership, which have contributed to a growing disconnect between the party and its grassroots base. The term "Pinarayism," as used by critics, reflects this perceived transformation from a collective, ideology-driven movement to a more personality-centric style of governance.

Looking beyond Kerala, some analysts trace the broader weakening of Left politics in India to earlier strategic decisions at the national level. The withdrawal of support from the UPA government over the Indo–US civil nuclear agreement is often cited as a turning point. At that time, the Left had significant parliamentary strength and, arguably, an opportunity to exert influence from within the government. The decision to step away, combined with internal disagreements and the sidelining of prominent leaders, has been interpreted by critics as a moment of strategic overreach that contributed to a longer-term erosion of political capital.

In Kerala, the recent phase of governance under the Left was, in fact, marked by an unprecedented consecutive electoral mandate, an indication of strong public trust. However, sustaining that trust required a careful balance between authority and accessibility. Critics argue that over time, a perceived sense of arrogance, the marginalization of alternative voices within the party, and concerns over fiscal management may have weakened that bond with the electorate.

One of the most striking developments in this election is the visible emergence of a third political force, led by the BJP. Securing a small but symbolically important number of assembly seats, the party has signaled that it is no longer a marginal player in Kerala's political landscape. For decades, the state's politics has been defined by a bipolar contest, but this result suggests the beginnings of a gradual shift toward a more triangular dynamic.

A particularly notable trend is the apparent drift of a section of traditional Left supporters toward the BJP. This shift cannot be explained by a single factor. Among the narratives gaining traction is the long-standing allegation of "minority appeasement," which appears to be resonating with segments of the Hindu electorate, including sections of OBC, SC, and ST communities. At the same time, while Muslim and Christian voters largely consolidated behind the UDF in this election, there are subtle signs of a shift in the once-solid resolve to keep the BJP at the margins. Together, these developments suggest that the BJP may be laying the groundwork for a more sustained presence in Kerala.

Historically, Kerala's relative social harmony has been underpinned by a political culture that emphasized coexistence, welfare, and inclusive development. The concern among some observers is that a shift toward more identity-driven politics could strain that balance. What is clear, however, is that the changing dynamics place new responsibilities on all major political actors. For the UDF, the challenge will be to translate its electoral success into governance that reassures all communities and sustains broad-based trust. For the Left, this moment may call for introspection, renewal, and a reconnection with its traditional base. And for the BJP, any long-term expansion in Kerala will depend on how it adapts its messaging and engagement to the state's unique social fabric.

In this evolving context, the argument that a strong and credible Left opposition is essential to Kerala's democratic health remains significant. The state's history of alternating governments has often been criticized, but it has also contributed to accountability, policy continuity, and social cohesion.

Kerala now stands at an inflection point. The emergence of a third front does not, by itself, determine the future, but it undeniably adds a new layer of complexity. How this plays out will depend not just on electoral arithmetic, but on whether the core values that have long defined the state, such as pluralism, social justice, and political maturity, continue to guide its path forward.

## ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ

ഷെവ. ജെയ്മോൻ സ്കറിയ



ഓക്പാർക്ക്: ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ഈ വർഷം മെയ് 16, 17 (ശനി, ഞായർ) തീയതികളിൽ കൊണ്ടാടുന്നതാണ്. ഈ വർഷത്തെ പെരുന്നാൾ ചടങ്ങുകൾ റവ.ഫാ. ഡോ. വർഗീസ് സി.പി. (പള്ളിക്കര, കേരള) നേതൃത്വം നല്കുന്നു. മെയ് 10-ന് ഞായറാഴ്ച പെരുന്നാൾ ചടങ്ങുകൾക്ക് തുടക്കമായി കൊടി ഉയർത്തുന്നതാണ്. മെയ് 16-ന് ശനിയാഴ്ച വൈകുന്നേരം 6.30-ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് സുവിശേഷപ്രസംഗം, പ്രദക്ഷിണം, ഡിന്നർ എന്നിവയും മെയ് 17-ന് ഞായറാഴ്ച രാവിലെ 9.30-ന് വിശുദ്ധ കുർബാന, മദ്ധ്യസ്ഥപ്രാർത്ഥന, പ്രദക്ഷിണം, ആശീർവാദം, സ്നേഹവിരുന്ന്, കൊടിയിറക്ക് എന്നീ ചടങ്ങുകളോടു കൂടി പെരുന്നാൾ സമാപിക്കും.

വിശ്വാസികളായ ഏവരും നേർച്ചകാഴ്ചകളോടെ വന്ന് വിശുദ്ധ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് അനുഗ്രഹങ്ങൾ പ്രാപിക്കണമെന്ന് വികാരി റവ.ഫാ. ലിജു പോൾ, സഹവികാരി വന്ദ്യ കരിന്തലയ്ക്കൽ മാത്യു കോർ എപ്പിസ്കോപ്പ എന്നിവർ അറിയിക്കുന്നു.

രാഷ്ട്രീയ ഹാസ്യവിമർശനം

# ക്ലിഫ്ഹൗസ് എനിക്കു തരൂ പ്ലീസ്!

സുനിൽ വല്ലാത്തറ, ഫ്ളോറിഡ

കമ്യൂണിസ്റ്റ് കോട്ടയായ കണ്ണൂരിൽ ജനിച്ച, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേദ്ധ്യനായ ദേശീയ നേതാവ് കെ.സി. വേണുഗോപാൽ ആദ്യമായി നിയമസഭയിലേക്ക് മത്സരിച്ചത് മറ്റൊരു കമ്യൂണിസ്റ്റ് ഉരുക്കുകോട്ടയായ ആലപ്പുഴയിൽ നിന്നാണ്.

തൊണ്ണൂറ്റിയാറിലെ തെരഞ്ഞെടുപ്പിൽ തികച്ചും അപരിചിതമായ ആലപ്പുഴയിലേക്ക് ജന്മദേശമായ കണ്ണൂരിലെ പയ്യന്നൂരിൽ നിന്നും ഒരു പായ്‌വഞ്ചി തുഴഞ്ഞ് ആലപ്പുഴ കടപ്പുറത്തു വന്ന കെസി വളരെ കഷ്ടപ്പെട്ട് ഇലക്ഷൻ പ്രചാരണവും രാഷ്ട്രീയ അഭ്യാസവും പയറ്റിയാണ് കരുത്തനായ എതിർസ്ഥാനാർത്ഥി സിപിഐയിലെ പി.എസ്. സോമശേഖരനെ അറബിക്കടലിലേക്ക് തൂക്കിയെറിഞ്ഞ് ആദ്യമായി കേരള നിയമസഭയ്ക്കുള്ളിൽ പൊട്ടിച്ചിരിച്ചുകൊണ്ട് കയറിച്ചെന്നത്.

വീണ്ടും രണ്ടായിരത്തിയൊന്നിലും രണ്ടായിരത്തിയാറിലും കെസി ആലപ്പുഴയിൽ അങ്കംവെട്ടി വെന്നിക്കൊടി പാറിച്ചെങ്കിലും കെസിയുടെ രാഷ്ട്രീയ ജാതകത്തിലെ ശുക്രൻ തെളിഞ്ഞത് രണ്ടായിരത്തിയൊൻപതിലെ ലോക്സഭാ തെരഞ്ഞെടുപ്പോടു കൂടിയാണ്.


രണ്ടായിരത്തിനാലിൽ കോൺഗ്രസിന്റെ ഏറ്റവും സമുന്നതരായ നേതാക്കളിൽ ഒരാളായ വി.എം. സുധീരനെ ഇരുപത്തിരണ്ടു വർഷമായി വീട്ടിലിരുത്തിയ സിപിഎം സ്വതന്ത്രൻ ഡോ. കെ.എസ്. മനോജിനെ കരകവിഞ്ഞൊഴുകിയ കവണാറ്റിൻകര കായലിലേക്കു കറക്കിയെറിഞ്ഞ് വിടർന്ന കണ്ണുകളുള്ള വെളുത്തു ചുവന്ന സുമുഖനായ കെസി, അങ്ങനെ ഇന്ത്യൻ പാർലമെന്റിലും സ്ഥാനം പിടിച്ചു.

പിന്നെ കണ്ടത് ദേശീയ രാഷ്ട്രീയത്തിൽ കെസിയുടെ തേരോട്ടമായിരുന്നു. രണ്ടായരത്തിനാലിലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ മൂന്നാം ഗ്രൂപ്പ് പ്രതിനിധിയായി ഗ്രൂപ്പ് നേതാവ് രമേശ് ചെന്നിത്തലയുടെ കാലിൽ തൊട്ടു അനുഗ്രഹം വാങ്ങി സത്യപ്രതിജ്ഞ ചെയ്ത കെസി രണ്ടാം മൻമോഹൻ സിങ് ഗവൺമെന്റിൽ രണ്ടായിരത്തി പതിനൊന്നിൽ ആരുടെയും കാലിൽ തൊടാതെ സഹമന്ത്രിയായി സത്യപ്രതിജ്ഞചെയ്തു കേരളത്തിൽ മടങ്ങിയെത്തിയത് ഒരു യോദ്ധാവിന്റെ പരിവേഷത്തോടെയായിരുന്നു.

ഡൽഹിയാണ് തന്റെ രാഷ്ട്രീയ കളരിക്ക് പറ്റിയ ആസ്ഥാനം എന്നു മനസ്സിലാക്കിയ കെസി വീണ്ടും രണ്ടായിരത്തി പതിനാലിൽ ആലപ്പുഴയിൽ അങ്കംകുറിച്ചു. വളരെ ഈസിയായി ജയിച്ചു ഡൽഹിക്കു പറന്നെങ്കിലും മോദി തരംഗത്തിൽ യുപിഎ ഗവൺമെന്റിന് തുടർഭരണം കിട്ടാതായതോടെ കെസിയുടെ കേന്ദ്രത്തിലെ കാബിനറ്റ്മന്ത്രി മോഹത്തിന് മങ്ങലേറ്റു.

പക്ഷേ, വിട്ടുകൊടുക്കാൻ തീയിൽ കുരുത്ത കെസി തയ്യാറായില്ല. ആലപ്പുഴ ഹാർബറിലെ ഏറ്റവും ഫ്രഷ് ആയ കൊഞ്ചും ചെമ്മീനും വറത്തും പൊരിച്ചും കരിമീൻ മപ്പാസ് ആക്കിയും ആലപ്പുഴയിൽനിന്നും ഡൽഹിക്കു പോകുമ്പോഴെല്ലാം മീൻകൊതിയനായ രാഹുൽജിക്ക് എരിവ് കുറച്ചു കൊണ്ടുപോയി കൊടുത്തു. അങ്ങനെ കെസി രാഹുൽജിയുടെ സീഫുഡ് സ്വപ്നങ്ങളിലെ നായകനായി.

രണ്ടായിരത്തി പതിനേഴിൽ അതിന്റെ പ്രതിഫലം രാഹുൽജി കെസിക്ക് കൊടുത്തത് എഐസിസി ജനറൽ സെക്രട്ടറി ആക്കിക്കൊണ്ടായിരുന്നു. പക്ഷേ, ഒന്നുകിൽ കേന്ദ്രത്തിൽ കാബിനറ്റ് റാങ്കോടെ ആഭ്യന്തരമന്ത്രി അങ്ങനെ മന്ത്രിസഭയിലെ രണ്ടാമൻ; അതല്ലെങ്കിൽ കേരളത്തിൽ കോൺഗ്രസ് അധികാരത്തിൽ വന്നാൽ മുഖ്യമന്ത്രി. ഈ സ്വപ്നവുമായി ഡൽഹിയിലെ ഫൈവ്സ്റ്റാർ പൊളിറ്റിക്സിന്റെ മുഴുവൻ ചൂതാട്ടവും തന്റെ ഡൽഹി വാസത്തിൽ മനഃപാഠമാക്കിയ കെസി ആലപ്പുഴയിൽ മുഴുത്ത തിരുത കിട്ടാഞ്ഞിട്ട്



ലേഖകൻ

കൊച്ചിയിൽ മട്ടാഞ്ചേരി ഹാർബറിൽ പോയി വലിയ തിരുത വാങ്ങി മാങ്ങയും തേങ്ങാപ്പാലും ചേർത്ത് ഫിഷ് മസാലയാക്കി രാഹുൽജിക്കും കൂടാതെ കുറച്ച് സോണിയാജിക്കും കൊണ്ടുപോയി കൊടുത്തു.

പിറ്റേ ദിവസം തന്നെ അതിന് റിസൾട്ട് ഉണ്ടായി. എഐസിസിയുടെ സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി കെസി നിയമിതനായി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഹൈക്കമാൻഡ് ആയി മാറിയ വേണുജി, കരുത്തനായ മോദിജി ഉള്ള കാലത്തോളം കേന്ദ്രത്തിൽ കോൺഗ്രസ് അധികാരത്തിൽ വരില്ലെന്ന് മനസ്സിലാക്കിയതോടെ പിന്നീട് കേരളത്തിൽ കരുക്കൾ നീക്കിത്തുടങ്ങി.

അതിന്റെ ആദ്യപടിയായി രണ്ടായിരത്തി ഇരുപത്തിയൊന്നിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് പരാജയപ്പെട്ടപ്പോൾ പ്രതിപക്ഷ നേതാവായിരുന്ന രമേശ്ജിക്ക് ഒരവസരം കൂടി നല്കാൻ രമേശ്ജിയും ഒപ്പം ഉമ്മൻ ചാണ്ടിയും പതിനെട്ടടവും പയറ്റിയതാണ്.


പക്ഷേ, അഞ്ചുവർഷം മുൻപിൽ കണ്ട വേണുജി താരതമ്യേന വലിയ നേതാവല്ലാത്ത ഒരു എംഎൽഎ മാത്രമായ വിഡി സതീശൻജിക്ക് വേണ്ടി നിലകൊണ്ടു.

പത്തുവർഷം തുടർച്ചയായി ഭരിക്കുന്ന പിണറായിക്ക് ജനവികാരം എതിരാകുമെന്നും യുഡിഎഫ് ജയിക്കുമ്പോൾ ഹൈക്കമാൻഡ് ആയ തനിക്ക് ഡൽഹിയിൽ നിന്നും ചാർട്ടർ ചെയ്ത വിമാനത്തിൽ പറന്നിറങ്ങി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് നേരെ ക്ലിഫ് ഹൗസിലെ സ്വിമ്മിംഗ് പൂളിൽ ഒന്ന് നീന്തിക്കുളിക്കാമെന്നും ധരിച്ചിരുന്ന വേണുജിയെ ഞെട്ടിച്ചുകൊണ്ടാണ് കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് സതീശൻജി മറ്റൊരു വി.എസ്. അച്യുതാനന്ദനായി മാറിയിരിക്കുന്നത്.

യുഡിഎഫ് നൂറ് സീറ്റ് നേടി അധികാരം കിട്ടിയില്ലെങ്കിൽ താൻ രാഷ്ട്രീയ വനവാസത്തിനു പോകുമെന്ന് കഴിഞ്ഞ ഒരു വർഷമായി ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്ന സതീശൻജിയുടെ വാക്കാണ് ഇത്രയും വലിയ വിജയം കോൺഗ്രസിന് സമ്മാനിച്ചതെങ്കിൽ ഇനി വേണുജി എങ്ങാനും മുഖ്യമന്ത്രി ആയാൽ സതീശൻജി വനവാസത്തിനു പോകേണ്ടിവരുമോ?

## ഇന്റർനാഷണൽ പ്രയർ ലൈൻ പന്ത്രണ്ടാം വാർഷികം മെയ് 12-ന്

പി.പി. ചെറിയാൻ



ഡിട്രോയിറ്റ്: ഇന്റർനാഷണൽ പ്രയർ ലൈനിന്റെ അടുത്ത സമ്മേളനം മെയ് 12-ന് ചൊവ്വാഴ്ച നടക്കും. ഐ.പി.എൽ-ന്റെ പ്രവർത്തനങ്ങൾ പന്ത്രണ്ട് വർഷം പിന്നിടുന്ന ഈ വേളയിൽ കഴിഞ്ഞ കാലങ്ങളിൽ ദൈവം നല്കിയ വിശ്വസ്തതയ്ക്കും വഴി നടത്തലിനും അനുഗ്രഹങ്ങൾക്കുമായി ഒരുമിച്ച് നന്ദി അർപ്പിക്കുന്നതിനുള്ള അവസരമാണിത്.

മെയ് 12-ന് ചൊവ്വാഴ്ച (9.00 PM EST/ 8.00 PM CST/6.00 PM PST)നടക്കുന്ന ഈ വാർഷികാഘോഷത്തിൽ വാഷിങ്ടൺ ഡിസിയിൽ നിന്നുള്ള പ്രമുഖ വചനപ്രഘോഷകൻ റവ.ഫാ. ഡോ. അലക്സാണ്ടർ കുര്യൻ മുഖ്യാതിഥിയായി പങ്കെടുക്കുകയും ദൈവവചനം പങ്കുവെക്കുകയും ചെയ്യും. ഈ സന്തോഷകരമായ വേളയിൽ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും അനുഗ്രഹം മറ്റുള്ളവരിലേക്കും എത്തിക്കുന്നതിനായി ഓരോ കുടുംബാംഗവും കുറഞ്ഞത് അഞ്ച് പുതിയ ആളുകളെയെങ്കിലും ഈ വാർഷിക സമ്മേളനത്തിലേക്ക് ക്ഷണിക്കണമെന്ന് താല്പര്യപ്പെടുന്നു.

മീറ്റിങ്ങിൽ പങ്കുചേരുന്നതിന് ഡയൽ-ഇൻ-നമ്പർ 1-712-770-4821. ആക്സസ് കോഡ് 530464#

മൊബൈൽ ഫോണിലൂടെ വിളിക്കുന്നവർക്ക് (ബാക്കപ്പ് നമ്പർ വഴി) ആദ്യം 1-716-293-9722 എന്ന നമ്പറിലേക്ക് വിളിക്കുക. തുടർന്ന് 1-712-770-4821 ഡയൽ ചെയ്ത് ആക്സസ് കോഡ് 530464# നല്കുക.

കഴിഞ്ഞ 12 വർഷമായി ഐ.പി.എൽ പ്രാർത്ഥനാ ശുശ്രൂഷയോട് സഹകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഏവർക്കും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

## ഫൊക്കാന ഹൂസ്റ്റൺ റീജിയൺ ഒരുക്കുന്ന സിനി ഫ്യൂഷൻ ഷോ മെയ് 16-ന്

ജീമോൻ റാന്നി

ഹൂസ്റ്റൺ: ഫൊക്കാനയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടത്തപ്പെടുന്ന ഭവനദാന പദ്ധതിയിൽ ഭാഗഭാക്കാകുന്നതിന്റെ ഭാഗമായി ഹൂസ്റ്റൺ റീജിയൺ ഒരുക്കുന്ന സിനി ഫ്യൂഷൻ യുഎസ്എ 2026-ന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി സംഘാടകർ അറിയിച്ചു. പ്രശസ്ത സിനിമാതാരവും നർത്തകിയുമായ അനു സിത്താരയോടൊപ്പം സിനിമ-ടെലിവിഷൻ രംഗത്തെ സജീവ സാന്നിദ്ധ്യങ്ങളായ ആര്യ ബഡായി, അഖിൽ കവലയൂർ തുടങ്ങി നിരവധി കലാകാരന്മാരും കലാകാരികളും അണിനിരക്കുന്ന വർണ്ണപ്പകിട്ടാർന്ന ഷോയുടെ വിജയത്തിനായി നിരവധി കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

മെയ് 16-ന് ശനിയാഴ്ച വൈകുന്നേരം 5-ന് സെന്റ് ജോസഫ് ഹാളിൽ വെച്ചാണ് ഷോ ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഫാൻസിമോൾ പള്ളത്തുമഠം 713 933 7636, ജോജി ജോസഫ് 713 515 8432, സജി സൈമൺ 281 300 5663, വിനോയ് കുര്യൻ 832 517 4157.




## ഒഹായിയോ ഗവർണർ തെരഞ്ഞെടുപ്പിൽ വിവേക് രാമസ്വാമി സ്ഥാനാർത്ഥി

സിൻസിനാറ്റി: കേരളത്തിൽ വേരുകളുള്ള വിവേക് രാമസ്വാമി അമേരിക്കയിലെ ഒഹായിയോ സംസ്ഥാനത്തെ ഗവർണർ തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിത്വം സ്വന്തമാക്കി. ഈയിടെ നടന്ന റിപ്പബ്ലിക്കൻ പ്രൈമറിയിൽ കേസിപുട്സച്ചിനെയാണു തോല്പിച്ചത്. വിവേകിന് 82 ശതമാനം വോട്ട് ലഭിച്ചു.

നവംബറിൽ നടക്കുന്ന ഗവർണർ തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ഡോ. ആമി ആക്റ്റണിനെയാണു വിവേക് നേരിടുക. ഒഹായിയോ സംസ്ഥാനത്തെ ആരോഗ്യവകുപ്പ് മേധാവിയായിരുന്ന ആമി കോവിഡ് നിയന്ത്രണ മാർഗങ്ങളിലൂടെ പ്രശസ്തയാണ്. ഡെമോക്രാറ്റിക് പാർട്ടിയിൽ എതിരില്ലാതെയാണ് ആമിക്കു സ്ഥാനാർത്ഥിത്വം ലഭിച്ചത്.

അമേരിക്കൻ പ്രസിഡണ്ട് ട്രംപിന്റെയും വൈസ് പ്രസിഡണ്ട് ജെ.ഡി. വാൻസിന്റെയും പിന്തുണ വിവേകിനുണ്ട്. 2024-ലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിത്വം സ്വന്തമാക്കാൻ ട്രംപുമായി വിവേക് മത്സരിച്ചിരുന്നു. പിന്നീട് പിന്മാറി ട്രംപിനു പിന്തുണ പ്രഖ്യാപിച്ചു. ട്രംപ് ഭരണമേറ്റയുടൻ രൂപവത്കരിച്ച 'ഗവൺമെന്റ് കാര്യക്ഷമതാ വകുപ്പി'ന് ഇലോൺ മസ്കിനൊപ്പം വിവേകും കുറച്ചുനാൾ നേതൃത്വം നല്കിയിരുന്നു.

# അമേരിക്കൻ മലങ്കര അതിഭദ്രാസന യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**വർഗീസ് പാലമലയിൽ**

ന്യൂജേഴ്സി: അമേരിക്കൻ അതിഭദ്രാസന 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസ് 2026 ജൂലൈ മാസം 22-ാം തീയതി മുതൽ 25-ാം തീയതി വരെ ഭദ്രാസന ആസ്ഥാനത്ത് (236 Old Tappan Rd, Old Tappan, NJ) വെച്ച് നടക്കുന്നതാണ്.

യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ആബൂൺ മോർ ബസേലിയോസ് ജോസഫ് ബാവ ഈ കോൺഫറൻസിൽ മുഖ്യാതിഥിയായിരിക്കും. അഭിവന്ദ്യ മോർ ദീവന്നാസിയോസ് യൂഹാനോൻ കാവാക്ക് മെത്രാപ്പോലീത്ത (സിറിയക്ക് ഓർത്തഡോക്സ് ഈസ്റ്റേൺ, അഭിവന്ദ്യ ഭദ്രാസനം), അഭിവന്ദ്യ ഡോ. ആയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്ത (ക്നാനായ അതിഭദ്രാസനം) എന്നിവർ ഈ കോൺഫറൻസിൽ വിശിഷ്ടാതിഥികളായിരിക്കും. ആസ്ട്രേലിയയിൽ നിന്നുമുള്ള റവ. ഫാ. ജേക്കബ് ജോസഫ് പിഎച്ച്.ഡി ആയിരിക്കും ഈ വർഷത്തെ കീനോട്ട് സ്പീക്കർ. കൂടാതെ റവ.ഫാ. ജോസഫ് ഷമ്മാസ് (യൂത്ത് സ്പീക്കർ) ഉം ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നതാണ്.


"യഹോവയെ കണ്ടെത്താനാകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ. അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ" (യെശയ്യ 55: 6) എന്നുള്ളതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം.

ഭദ്രാസനാധിപൻ അഭിവന്ദ്യ യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തയുടെ മേൽനോട്ടത്തിലും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിലും നടക്കുന്ന, ആത്മീയത നിറഞ്ഞുനിൽക്കുന്ന ഈ കോൺഫറൻസിൽ വിവിധങ്ങളായ ധാരാളം കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.

അടുക്കും ചിട്ടയുമായി ക്രമീകരിച്ചിരിക്കുന്ന ഈ കുടുംബമേളയുടെ ഒരുക്കങ്ങൾ പൂർത്തീകരിച്ചുവരുന്നതായി ജനറൽ കൺവീനർ റവ.ഫാ. പോൾ തോട്ടക്കാട്ടും കോ-കൺവീനർ സിമി ജോസഫും അറിയിച്ചു.




## ഏബ്രഹാം ഫിലിപ്പ് അന്തരിച്ചു



ചിക്കാഗോ: കീക്കൊഴൂർ പൊട്ടക്കുളത്ത് കുടുംബാംഗമായ ഏബ്രഹാം ഫിലിപ്പ് (90) ചിക്കാഗോയിൽ അന്തരിച്ചു. പരേതയായ അന്നമ്മ ഫിലിപ്പാണ് ഭാര്യ. ചിക്കാഗോ ലാൻഡ് ഗോസ്പൽ അസംബ്ലി സഭാംഗമായിരുന്നു. മക്കൾ: ഷൈനി കുര്യൻ, ഷാജി ഏബ്രഹാം, ജെയിംസ് ഏബ്രഹാം. മരുമക്കൾ: കുര്യൻ വർഗീസ്, ഷേർലി ഏബ്രഹാം, ബീന ഏബ്രഹാം. സംസ്കാരകർമ്മങ്ങൾ മെയ് 16-ന് ശനിയാഴ്ച രാവിലെ 9.30-ന് നൈൽസിലുള്ള കൊളോണിയൽ ഫ്യൂണറൽ ഹോമിൽ ആരംഭിച്ച് ഉച്ചയോടെ ഓൾ സെയിന്റ് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും. 1957-ൽ എസ്ബി കോളജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയതോടൊപ്പം തിയോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. കേരള സർക്കാർ വിദ്യാഭ്യാസ വകുപ്പിൽ ചീഫ് അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ച പരേതൻ മേൽപ്പാടം ബ്രദറൺ അസംബ്ലിയുടെ മുൻ എൽഡറായിരുന്നു. പിന്നീട് ചിക്കാഗോയിലെ വിവിധ ബ്രദറൺ സഭകളിൽ ശുശ്രൂഷ ചെയ്തു. മികച്ച എഴുത്തുകാരനായിരുന്ന ഏബ്രഹാം ഫിലിപ്പ് ആയിരക്കണക്കിന് ക്രിസ്തീയ ലേഖനങ്ങളും കവിതകളും രചിച്ചതോടൊപ്പം പുതിയനിയമം മുഴുവൻ കവിതാരൂപത്തിൽ അവതരിപ്പിച്ച അപൂർവ സംഭാവനയും നല്കിയിട്ടുണ്ട്.

**വാർത്ത: കുര്യൻ ഫിലിപ്പ്**


# ന്യൂജേഴ്സിയിൽ ചരിത്രം കുറിച്ച് സീറോമലബാർ സഭ; ഒരേ ഇടവകയിൽ നിന്ന് രണ്ട് ഡീക്കന്മാർ പൗരോഹിത്യത്തിലേക്ക്

**ശ്രീകുമാർ ഉണ്ണിത്താൻ**

പാറ്റേഴ്സൺ (ന്യൂജേഴ്സി): പ്രവാസി മലയാളി സമൂഹത്തിനും സീറോമലബാർ സഭയ്ക്കും അഭിമാനനിമിഷമായി ന്യൂജേഴ്സിയിലെ പാറ്റേഴ്സൺ സെന്റ് ജോർജ് ദേവാലയത്തിൽ ചരിത്രസംഭവം ഒരുങ്ങുന്നു. ഒരേ ഇടവകയിൽ വളർന്ന രണ്ട് മലയാളി യുവാക്കൾ ഒരേസമയം പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്നു എന്ന അപൂർവ്വ നേട്ടത്തിനാണ് വിശ്വാസിസമൂഹം സാക്ഷ്യംവഹിക്കാൻ പോകുന്നത്. ഡീക്കൻ സാം കുട്ടപ്പശ്ശേരിയും ഡീക്കൻ മൈക്കിൾ ജെയിംസുമാണ് വിശുദ്ധ പൗരോഹിത്യം സ്വീകരിക്കുന്നത്.



ഡീക്കൻ സാം കുട്ടപ്പശ്ശേരി



ഡീക്കൻ മൈക്കിൾ ജെയിംസ്

പാറ്റേഴ്സണിലെ ഗെറ്റി അവന്യൂവിലുള്ള സെന്റ് ജോർജ് ദേവാലയത്തിൽ ശനിയാഴ്ച രാവിലെ പത്തിനാണ് തിരുക്കർമ്മങ്ങൾ ആരംഭിക്കുക. ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിക്കും. ഇടവകയുടെ പ്രാരംഭഘട്ടത്തിൽ പത്തു വർഷത്തോളം സേവനം ചെയ്ത മാർ ജോയി ആലപ്പാട്ട്, അന്ന് തന്റെ കീഴിൽ വിശ്വാസ പരിശീലനം നേടിയ രണ്ട് മക്കളെ വൈദികരായി അഭിഷേകം ചെയ്യുന്നു എന്ന പ്രത്യേകതയും ഈ ചടങ്ങിനുണ്ട്.

ഇന്ത്യക്ക് പുറത്തുള്ള രൂപതകളിൽ പൗരോഹിത്യ ദൈവവിളികൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഒരേ ഇടവകയിൽ നിന്നുള്ള ആദ്യതലമുറക്കാരായ രണ്ട് പ്രവാസി മലയാളി യുവാക്കൾ ഒരുമിച്ച് വൈദികരാകുന്നത് സഭയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്.

ഡീക്കൻ സാം കുട്ടപ്പശ്ശേരി റട്ഗേഴ്സ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയശേഷം ഇല്ലിനോയിസിലും റോമിലുമായി വൈദികപഠനം പൂർത്തിയാക്കി. ന്യൂജേഴ്സിയിലെ റോബി-സിസി ദമ്പതികളുടെ മകനാണ്. ഡീക്കൻ മൈക്കിൾ ജെയിംസ് കാൾഡ്വെൽ സർവകലാശാലയിൽ നിന്ന് ബയോളജി ബിരുദത്തിന് ശേഷമാണ് മണ്ടലീൻ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയത്. ജെയിംസ്-ഷേർളി ദമ്പതികളുടെ മകനാണ്. തിരുക്കർമ്മങ്ങൾക്കുശേഷം ഉച്ചയ്ക്ക് ഒരു മണിക്ക് അനുമോദനസമ്മേളനവും തുടർന്ന് രണ്ട് മണിക്ക് ഉച്ചഭക്ഷണവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

ജൂൺ 14-ന് ഞായറാഴ്ച രാവിലെ 9.30-ന് ഡീക്കൻ സാം കുട്ടപ്പശ്ശേരിയും 11.30-ന് ഡീക്കൻ മൈക്കിൾ ജെയിംസും തങ്ങളുടെ പ്രഥമ ദിവ്യബലി അർപ്പിക്കും. ഇടവക വികാരി ഫാ. സിമ്മി തോമസിന്റെയും കൈക്കാരന്മാരുടെയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് നടക്കുന്നത്.

മെയ് 15-നകം പങ്കെടുക്കുന്നവർ വിവരങ്ങൾ വെബ്സൈറ്റ് (www.-sgsmccpaterson.com) വഴി അറിയിക്കണമെന്ന് ട്രസ്റ്റിമാർ അറിയിച്ചു.

# ബംഗാൾ മുഖ്യമന്ത്രിയായി സുവേന്ദു അധികാരി ചുമതലയേറ്റു

കൊൽക്കത്ത: പശ്ചിമബംഗാളിന്റെ ഒമ്പതാമത്തെ മുഖ്യമന്ത്രിയായി സുവേന്ദു അധികാരി സത്യപ്രതിജ്ഞ ചെയ്തതോടെ സംസ്ഥാനത്തെ ആദ്യ ബിജെപി സർക്കാർ നിലവിൽ വന്നു. കൊൽക്കത്ത ബ്രിഗേഡ് മൈതാനത്ത് മെയ് ഒൻപതിന് രാവിലെ 11.35-നു നടന്ന സത്യപ്രതിജ്ഞാച്ചടങ്ങിൽ ഗവർണർ ആർ.എൻ. രവി സത്യവാചകം ചൊല്ലിക്കൊടുത്തു.

മമതാ ബാനർജിയുടെ കാലത്തെ സെക്രട്ടേറിയറ്റായ 'നബന്ന'യ്ക്കുപകരം പഴയ സെക്രട്ടേറിയറ്റായ റൈറ്റേഴ്സ് ബിൽഡിങ്ങാണ് ഭരണകേന്ദ്രമായി പുതിയ സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇത് പ്രവർത്തനസജ്ജമാകുന്നതുവരെ നിയമസഭാ സമുച്ചയത്തിലായിരിക്കും മന്ത്രിമാരുടെ ഓഫീസുകൾ.

പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, കേന്ദ്രമന്ത്രിമാർ, വിവിധ സംസ്ഥാന മുഖ്യമന്ത്രിമാർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു സത്യപ്രതിജ്ഞ. ദിലീപ് ഘോഷ്, അഗ്നിമിത്ര പോൾ, അശോക് കിർത്താനിയ, ഖുദിറാം ടുഡു, നിഷിത് പ്രമാണിക് എന്നിവർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.



കൊൽക്കത്തയിൽ ബംഗാൾ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത സുവേന്ദു അധികാരിയെ അഭിനന്ദിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി.

# 2026–ലെ ഗിരീഷ് കർണാഡ് സ്മാരക തിയേറ്റർ അവാർഡ് പ്രഫ. കെ.പി. മാത്യുവിന്റെ 'ഉൾക്കനലുകൾ' നേടി

ഡോ. മാത്യു ജോയിസ്, ലാസ് വേഗാസ്

പ്രൊഫ. കെ.പി. മാത്യുവിന്റെ ഇതിഹാസ ചാരുതയാർജിച്ച 'ഉൾക്കനലുകൾ' എന്ന ബൃഹത് നോവൽ 2026-ലെ ഗിരീഷ് കർണാഡ് സ്മാരക തിയേറ്റർ അവാർഡ് നേടിയിരിക്കുന്നു.

കെ.പി. മാത്യുവിന്റെ ഉൾക്കനലുകൾ എന്ന നോവൽ രചനാ കൗശലത്തിന്റെ സൂക്ഷ്മവും മാസ്മരികവുമായ സ്പർശങ്ങളിലൂടെ വായനക്കാരനെ ആഴമുള്ള അനുഭവലോകത്തിലേക്ക് കൈപിടിച്ചു നടത്തുന്നു. ഭാഷയുടെ ലാളിത്യവും ആശയങ്ങളുടെ ഗൗരവവും സമന്വയിപ്പിക്കുന്ന ഈ കൃതി, ഒരു സാധാരണ വായനയെ മറികടന്ന് ആത്മപരിശോധനയിലേക്കും അനുഭവങ്ങളുടെ പുനർവായനയിലേക്കും നയിക്കുന്നുവെന്നതാണ് അതിന്റെ സവിശേഷത.

കഥാപാത്രങ്ങളുടെ അന്തർലോകം സൂക്ഷ്മമായി വരച്ചുകാട്ടുന്നതിനൊപ്പം മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വങ്ങളും ആത്മസംഘർഷങ്ങളും ഈ നോവൽ സാവധാനം തുറന്നുകാട്ടുന്നു. ഓരോ വാചകവും ഒരു അനുഭവത്തിന്റെ പാളിപോലെ വായനക്കാരന്റെ മനസ്സിൽ പതിയുമ്പോൾ കഥയുടെ ഒഴുക്ക് ഒരു നദിപോലെ സ്വാഭാവികമായി മുന്നേറുന്നു.

ഉൾക്കനലുകൾ തികച്ചും വയനാടിന്റെ വശ്യത പശ്ചാത്തലമാക്കിയ നോവലാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ എല്ലാ അടയാളങ്ങളും അവിടെയുണ്ട്. ജന്മി-കുടിയാൻ വ്യവസ്ഥ, കുടിയേറ്റം, മതപരിവർത്തനം, കൂലി കൂട്ടി ചോദിച്ച പണിയാളെ ചുട്ടുകൊന്നത്, കമ്യൂണിസം വളർന്നത്, അപ്പോഴും അധികാരികൾ ജന്മിമാർക്കൊപ്പം നിന്നത്, നക്സലിസം വന്നത് തുടങ്ങിയ ചരിത്രസത്യങ്ങളിലൂടെ കൂടി കഥ ഒഴുകി നീങ്ങുന്നു.

ടോമിന്റെ ജനനം ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തിന്റെ അർദ്ധരാത്രിയിൽ. വയനാട്ടിൽ കുടിയേറിയതായിരുന്നു ടോമിന്റെ പിതാവ് ഔസേപ്പച്ചൻ. കമ്യൂണിസ്റ്റുകളുടെ രഹസ്യ സങ്കേതം ആയിരുന്നു ഔസേപ്പച്ചന്റെ വീട്. കുടിയേറിയവരിൽ പലരും ചത്തുംകെട്ടും പോയി.

ടോമിന്റെ മാതാവ് അവനെ പള്ളീലച്ചൻ ആക്കാൻ നേർന്നിരുന്നു. തന്റെ കളിക്കൂട്ടുകാരിയും പ്രണയിനിയുമായ ലിസമ്മയെ പരിത്യജിച്ചു സെമിനാരിയിൽ ചേരാൻ ടോം നിർബന്ധിതനായി.

ക്രിസ്തു ആയിരുന്നു ടോമിന്റെ മാതൃക. ക്രിസ്തു മതത്തോടൊപ്പം കമ്യൂണിസവും സമന്വയിപ്പിക്കാൻ ശ്രമിച്ച ടോം തന്റേതല്ലാത്ത കാരണത്താൽ സെമിനാരിയിൽ നിന്നും നിഷ്ക്കാസിതനാക്കപ്പെടുന്നു. പോരാട്ടങ്ങളുടെ വനാന്തരങ്ങളിൽ ടോം സഖാവ് വർഗീസിനൊപ്പം നക്സൽ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. വിമോചനത്തിന് മറ്റൊരു മോശയായി.

ഉള്ളവരും ഉടയവരും പരിത്യജിച്ചപ്പോഴും പാർശ്വവത്കരിക്കപ്പെട്ടവർക്കു വേണ്ടി ടോം മനുഷ്യവിമോചനത്തിന്റെ പ്രവാചകനായി. കാലത്തിനൊപ്പം നടന്നപ്പോഴും ദൈവത്തിന്റെ വചനമായി സോഷ്യലിസത്തെ പുനർ വായിച്ചു. ബ്രഹ്മഗിരിക്കാടുകളും ചീരങ്കാവും ചെറുവണ്ണൂരുമെല്ലാം കാലത്തിന്റെ അടയാളങ്ങളായി.

തിന്മയ്ക്കെതിരെയുള്ള ടോമിന്റെ പോരാട്ടത്തിൽ ഏറെപ്പേർ പങ്കുചേർന്നു. ഗാന്ധിശിഷ്യൻ, ചെറുവണ്ണൂർ ഗാന്ധി എന്ന രാമുനായർ, കപ്പേളയിൽ മദർ സുപ്പീരിയറിനു മുമ്പിൽ തന്റെ തിരുവസ്ത്രങ്ങൾ തിരികെ ഏല്പിച്ചു. സിസ്റ്റർ റോസിറ്റ പഴയ ലിസ ആയി കൂട്ടുചേർന്നു. അങ്ങനെ എത്രയോ പേർ. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ അവർ ഒരു നിയോഗം പോലെ ഏറ്റെടുത്തു. ഒരു കാലഘട്ടത്തിന്റെ ഏടുകൾ നടന്നു നീങ്ങിയ ഉദ്ഘർഷ.

അന്യജീവനുതകാനായി സ്വന്തം ജീവിതത്തെ ശൂന്യമാക്കാനും അതിന്റെ കടുത്ത ആനന്ദത്തെ ലഹരിയാക്കാനുമുള്ള ദൃഢനിശ്ചയത്തിന്റെ കഥയെ ഇത്രമാത്രം ആസ്വാദ്യകരമാക്കിയ കഥാകൃത്തിന് അനുമോദനങ്ങൾ. ഈ കൃതി മലയാള നോവൽ പ്രസ്ഥാനത്തിൽ മികച്ച സ്ഥാനം കണ്ടെത്തട്ടേയെന്ന് ആശംസകൾ.

ചുരുക്കത്തിൽ ഉൾക്കനലുകൾ ഒരു കഥയല്ല, അത് വായനക്കാരന്റെ ഉള്ളിലൊളിഞ്ഞിരിക്കുന്ന ചിന്തകളെയും വികാരങ്ങളെയും ഉണർത്തുന്ന ഒരു കാലഘട്ടത്തിന്റെ ഇതിഹാസ ചാരുത പകരുന്ന സാഹിത്യ യാത്രയാണ്. പ്രൊഫ. കെ.പി. മാത്യുവിന്റെ ഈ കൃതി സമകാലീന മലയാള നോവൽ ലോകത്ത് ശ്രദ്ധേയമായ ഒരു സംഭാവനയായി വിലയിരുത്തപ്പെടേണ്ടതാണ്.







## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.14 |
| യൂറോ | 111.83 |
| സ്റ്റെർലിംഗ്പൗണ്ട് | 129.21 |
| സ്വിസ് ഫ്രാങ്ക് | 122.11 |
| സിംഗപ്പൂർ ഡോളർ | 74.95 |
| കനേഡിയൻ ഡോളർ | 69.51 |
| ഒമാൻ റിയാൽ | 247.43 |
| ബഹ്റൈൻ ദിനാർ | 252.85 |
| സൗദി റിയാൽ | 25.25 |
| യു.എ.ഇ. ദിർഹം | 25.91 |
| കുവൈത്ത് ദിനാർ | 309.19 |

## ശശി ശേഖർ വെമ്പതി സിബിഎഫ്സി അദ്ധ്യക്ഷൻ

ന്യൂഡൽഹി: കേന്ദ്ര ഫിലിം സർട്ടിഫിക്കേഷൻ ബോർഡ് (സിബിഎഫ്സി) അദ്ധ്യക്ഷനായി ശശി ശേഖർ വെമ്പതിയെ നിയമിച്ചു. സിബിഎഫ്സി അദ്ധ്യക്ഷനായിരുന്ന പ്രസൂൺ ജോഷി പ്രസാർ ഭാരതി ചെയർപേഴ്സണായി നിയമിതനായ സാഹചര്യത്തിലാണ് പുതിയ നിയമനം. നേരത്തെ പ്രസാർ ഭാരതി സിഇഒയായി സേവനം ചെയ്തിട്ടുള്ള ശശി ശേഖർ വെമ്പതിയെ മൂന്ന് വർഷത്തേക്കാണു നിയമിച്ചിരിക്കുന്നത്.





# വികസിത ഇന്ത്യയ്ക്കായി കൂട്ടായ പ്രവർത്തനം വേണമെന്ന് മോദി

ബെംഗളൂരു: സേവന, ആത്മീയ, സാമൂഹിക മേഖലകളിലെ ആർട്ട് ഓഫ് ലിവിങ് പ്രവർത്തനങ്ങളെ പ്രശംസിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി വികസിത ഇന്ത്യയ്ക്കായി കൂട്ടായ പ്രയത്നത്തിന് ആഹ്വാനം ചെയ്തു. പരിസ്ഥിതി സൗഹൃദ ജീവിതശൈലി, യുശ്രീശ്രീ രവിശങ്കറിന്റെ സപ്തതിയും ആഘോഷിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ആഗോള സാങ്കേതിക വിദ്യയുടെ ഹബ് മാത്രമല്ല, ഇന്ത്യയുടെ ആത്മീയവും സാംസ്കാരികവുമായ അവബോധത്തെയും ബെംഗളൂരു ഉയർത്തി സ്ഥാനങ്ങളേക്കാൾ ശക്തമാണു സാമൂഹിക പങ്കാളിത്ത യജ്ഞങ്ങൾ. പൊതുജന പങ്കാളിത്തമില്ലാതെ ഒരു സർക്കാരിനും മുന്നോട്ടു പോകാനാകില്ല. സ്വച്ഛ ഭാരത യജ്ഞം ഉദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ബെംഗളൂരു കനക്പുര റോഡിലെ ആർട്ട് ഓഫ് ലിവി




ബെംഗളൂരു രാജ്യാന്തര കേന്ദ്രത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ശ്രീശ്രീ എന്നിവർ.

വജന ശാക്തീകരണം, ആന്തരിക സൗഖ്യം, പ്രകൃതിദത്ത കൃഷിരീതി, ജല സംരക്ഷണം തുടങ്ങിയവ മുന്നോട്ടു കൊണ്ടുപോകണമെന്നും പറഞ്ഞു.

ആർട്ട് ഓഫ് ലിവിങ്ങിന്റെ 45-ാം വാർഷികവും സ്ഥാപകൻ ഗുരുദേവ് പ്പിടിച്ചിരിക്കുന്നു. ആർട്ട് ഓഫ് ലിവിങ്ങിന്റെ ഗോത്രമേഖലകളിലെ ശാക്തീകരണ പ്രവർത്തനങ്ങളും തടവുകാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള യജ്ഞവും പ്രശംസനീയമാണ്. രാഷ്ട്രനിർമിതിയിൽ രാഷ്ട്രീയ പ്രങ് രാജ്യാന്തര കേന്ദ്രത്തിൽ പുതുതായി നിർമിച്ച ധ്യാന കേന്ദ്രം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസം, വനിതാ-യുവജന ശാക്തീകരണം, മാനസികാരോഗ്യം, ഗ്രാമീണ വികസനം, സാമൂഹിക വനവൽക്കരണം,

പരിസ്ഥിതി, ആരോഗ്യ സംരക്ഷണം, തുടങ്ങിയവയ്ക്കായി ഒരു വർഷം തുടരുന്ന ഒൻപത് സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നിർവഹിച്ചു. 182 രാജ്യങ്ങളിൽനിന്നായി ഒരുലക്ഷം പേര് ചടങ്ങിൽ പങ്കെടുത്തു.

# ഇന്ത്യയിലെ സഭകൾക്ക് പുതിയ കൂട്ടായ്മ: നാഷണൽ ഫെഡറേഷൻ ഓഫ് ചർച്ചസ് രൂപീകരിച്ചു

ബംഗളൂരു: ഭാരതത്തിലെ ക്രൈസ്തവ സഭകളുടെ ഐക്യത്തിലും സഹകരണത്തിലും പുതിയ ചരിത്രം കുറിച്ച് നാഷണൽ ഫെഡറേഷൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ ഔദ്യോഗികമായി നിലവിൽ വന്നു. ബംഗളൂരു സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസിൽ നടന്ന നാലാമത് ദേശീയ എക്യുമെനിക്കൽ ഫെലോഷിപ്പിലാണ് ഈ നിർണായക പ്രഖ്യാപനം ഉണ്ടായത്.

കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ്, ഇവാഞ്ചലിക്കൽ വിഭാഗങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന ഈ വേദി, ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിന്റെ അവകാശ സംരക്ഷണത്തിനും ഐക്യദാർഢ്യത്തിനും പുതിയ ദിശാബോധം നൽകും.

സിബിസിഐ ഡയലോഗ് ആൻഡ് എക്യുമെനിസം ചെയർമാൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് യോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. സിബിസിഐ അദ്ധ്യക്ഷൻ കർദിനാൾ ആന്റണി പൂല, ആർച്ച് ബിഷപ് ജോസഫ് ഡിസൂസ എന്നിവർ പങ്കെടുത്തു.

# നൈപുണ്യ ഇക്കോ സിസ്റ്റം സ്ഥാപിക്കൽ: 153 കോടിയുടെ ഭരണാനുമതി

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെ, ചട്ടവിരുദ്ധമായി 153 കോടി രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ്. കേരളത്തിൽ നൈപുണ്യ ഇക്കോ സിസ്റ്റം സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് വോട്ടെണ്ണലിന് രണ്ട് ദിവസം മുൻപ് ഉത്തരവിറക്കിയത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നീങ്ങുന്നതിന് മുൻപ്, തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയില്ലാതെ പദ്ധതികൾക്ക് അനുമതി നൽകരുതെന്നാണു ചട്ടം.

വർക്ക് നിയർ ഹോം പദ്ധതി അടക്കമുള്ളവ ഉൾപ്പെടുത്തിയാണു കേരള സർക്കാർ സ്കിൽ ഇക്കോ സിസ്റ്റം നടപ്പാക്കുന്നത്. ഇതിനായി നേരത്തെ കിഫ്ബി വഴി ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ, സമഗ്ര ഭരണാനുമതി വേണമെന്ന് കെ-ഡിസ്ക് മെമ്പർ സെക്രട്ടറി നൽകിയ കത്ത് കണക്കിലെടുത്താണു ഭരണാനുമതി നൽകി സർക്കാർ ഉത്തരവിറക്കിയത്. സർക്കാർ തുടങ്ങിവെച്ച ഏതൊക്കെ പദ്ധതികൾ അതേ രീതിയിൽ തുടരേണ്ടതുണ്ട് എന്നു തീരുമാനിക്കുന്നത് അടുത്ത വരുന്ന സർക്കാരാണ്. തിരക്കിട്ട് ഇറക്കിയ ഉത്തരവിനുപിന്നിൽ പ്രത്യേക ലക്ഷ്യങ്ങളുണ്ടോ എന്നു പുതിയ സർക്കാർ പരിശോധിക്കാനാണു സാധ്യത.

# ലോകത്തിലെ ഏറ്റവും ഭാരമേറിയ രണ്ടാമത്തെ മാണിക്യം കണ്ടെത്തി

മ്യാൻമർ: ആഭ്യന്തരയുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന മ്യാൻമറിൽ ഒരു നിധി കണ്ടെത്തി. 2.2 കിലോഗ്രാം ഭാരം വരുന്ന മാണിക്യം. രത്ന ഖനന വ്യവസായത്തിന്റെ കേന്ദ്രമായ മ്യാൻമറിലെ മോഗോക്കിൽ നിന്ന് കണ്ടെത്തിയ പർപ്പിൾ-റെഡ് നിറത്തിലെ 'മാണിക്യക്കട്ട' ലോകത്തിലെ ഏറ്റവും ഭാരമേറിയ രണ്ടാമത്തെ മാണിക്യമാണ്.

1996-ൽ ഇവിടെനിന്ന് 4.29 കിലോ ഭാരം വരുന്ന മാണിക്യം കണ്ടെത്തിയിരുന്നു. വലിപ്പത്തിൽ രണ്ടാമതാണെങ്കിലും നിറത്തിലും ഗുണമേന്മയിലും ഒന്നാം സ്ഥാനം പുതിയ മാണിക്യത്തിനുതന്നെ. കാരറ്റിന് 9.5 കോടി രൂപ വരെ വിലമതിക്കുന്നതാണ് മ്യാൻമറിലെ മാണിക്യങ്ങൾ. ലോകത്താകമാനമുള്ള മാണിക്യങ്ങളുടെ 90 ശതമാനവും ലഭിക്കുന്നത് മ്യാൻമറിൽ നിന്നാണ്. രാജ്യത്തിന്റെ പ്രധാന വരുമാനസ്രോതസ്സും ഇതുതന്നെ.

# മലയാളി ബുദ്ധി എഐയിലും മുന്നിൽ

തിരുവനന്തപുരം: വെബ്സൈറ്റുകളുടെ സ്ക്രീൻഷോട്ടുകൾ മനസ്സിലാക്കി വെബ്സൈറ്റ് അതേപടി പുനർനിർമിക്കാൻ കഴിവുള്ള നിർമിത ബുദ്ധി (എഐ) പ്രോജക്ട് തയാറാക്കി ഇന്ത്യയിലെ ഏറ്റവും വലിയ എഐ ഹാക്കത്തണിൽ വിജയിയായി മലയാളി വിദ്യാർഥി.

മെറ്റയും സ്കേലർ സ്കൂൾ ഓഫ് ടെക്നോളജിയും ചേർന്ന് സംഘടിപ്പിച്ച ഹാക്കത്തണിലാണ് ഐഐടി ബോംബെയിലെ അവസാന വർഷ എം ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ് വിദ്യാർഥിയും തിരുവനന്തപുരം കവടിയാർ സ്വദേശിയുമായ ആർ.എസ്. അമൽ ജോ (24) വികസിപ്പിച്ച 'വിഷൻകോഡർ' ഒന്നാം സ്ഥാനം നേടിയത്. ഏഴ് ലക്ഷം രൂപയാണ് സമ്മാനത്തുക.

വെബ്പേജ് ചിത്രങ്ങളെ പ്രവർത്തനക്ഷമമായ എച്ച്ടിഎംഎൽ (ഹൈപ്പർടെക്സ്റ്റ് മാർക്കപ് ലാംഗ്വേജ്) കോഡാക്കി മാറ്റുന്ന എഐ സാങ്കേതിക വിദ്യയാണ് അമൽ വികസിപ്പിച്ചത്. വെബ്സൈറ്റ് വികസനവും ആപ് പ്രോട്ടോടൈപ്പിങ്ങും വേഗത്തിലാക്കാൻ ഇതു സഹായിക്കും. ഒറ്റയടിക്ക് വെബ്പേജ് നിർമിക്കുന്ന പരമ്പരാഗത എഐ ടൂളുകളിൽനിന്ന് വ്യത്യസ്തമായി, നിരന്തരമായി പരീക്ഷിച്ചും തിരുത്തിയുമാണ് വിഷൻകോഡർ ഓപ്പൺ എൻവി പ്രവർത്തിക്കുന്നതെന്ന് അമൽ പറഞ്ഞു.

ഇന്ത്യയാകെ മുക്കാൽ ലക്ഷത്തിലധികം ടീമുകൾ രജിസ്റ്റർചെയ്ത ഹാക്കത്തണിൽ പല ഘട്ടങ്ങൾ കടന്ന് ഫൈനലിൽ 15 ടീമുകളാണ് എത്തിയത്. അമൽ ഒറ്റയ്ക്കാണ് പ്രോജക്ട് തയാറാക്കി അവതരിപ്പിച്ചത്. കവടിയാർ ജോ മൗണ്ടിൽ റിട്ട. ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ആർ.ജെ. റോബിൻ ജോസിന്റെയും ഹയർ സെക്കൻഡറി അധ്യാപിക ഇ.ആർ. സരോജ മേബലിന്റെയും മകനാണ് അമൽ.

# കുളിക്കാനിറങ്ങിയ മൂന്ന് ബിഡിഎസ് വിദ്യാർത്ഥികൾ മുങ്ങിമരിച്ചു

കോതമംഗലം: വടാട്ടുപാറ പറവൻപുഴയിൽ സഹപാഠികൾക്കൊപ്പം കുളിക്കാനിറങ്ങിയ മൂന്ന് ബിഡിഎസ് വിദ്യാർത്ഥികൾ മുങ്ങിമരിച്ചു.

കോതമംഗലം മാർ ബസേലി



ഹരീഷ് ബിയോൺ അതുൽ രാജ്

യോസ് ഡെന്റൽ കോളജിലെ മൂന്നാം വർഷ വിദ്യാർത്ഥികളായ കോട്ടയം വാഴൂർ ചാമംപതാൽ കുളത്തുങ്കൽ ഭാഗത്തെ പുതുപ്പുറമ്പിൽ വീട്ടിൽ വെങ്കിടേഷ്-ശാലിനി ദമ്പതികളുടെ മൂത്ത മകൻ അതുൽരാജ് (22), ചങ്ങനാശേരി വെരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അൽഫോൺസാ നഗർ പ്ലാമൂട്ടിൽ ബിജുവിന്റെയും ഡാലിയയുടെയും മകൻ ബിയോൺ ബിജു (21), തിരുവനന്തപുരം പൂവാർ പൊറ്റയിൽ വിഷ്ണു ഭവനിൽ വിജയകുമാറിന്റെയും ബിന്ദുവിന്റെയും മകൻ വി.ബി. ഹരീഷ് (നന്ദു -22) എന്നിവരാണു മരിച്ചത്.

സഹപാഠികളായ ഒൻപതംഗ സംഘം മെയ് 10-ന് ഉച്ചയ്ക്കാണു പുഴയിൽ കുളിക്കാനിറങ്ങിയത്. ബിയോൺ ആദ്യം ഒഴുക്കിൽപെട്ടു. കയ്യിൽ പിടിച്ചു രക്ഷിക്കാനുള്ള ശ്രമത്തിനിടെ അതുൽരാജും ഹരീഷും അപകടത്തിൽപെടുകയായിരുന്നു. ഒപ്പമുണ്ടായിരുന്നവർക്കും ഇവരെ രക്ഷിക്കാൻ കഴിഞ്ഞില്ല.

യുവാക്കളുടെ കരച്ചിൽകേട്ടു സമീപവാസികൾ എത്തിയപ്പോഴേക്കും മൂന്ന്പേരും മുങ്ങിത്താണിരുന്നു. കോതമംഗലത്തു നിന്നെത്തിയ അഗ്നിരക്ഷാസേനയും നാട്ടുകാരും നടത്തിയ തെരച്ചിലിലാണു മൃതദേഹങ്ങൾ കണ്ടെടുത്തത്.

ഒഴുക്കിൽപെട്ട സ്ഥലത്തിനു സമീപത്തുനിന്നു തന്നെയാണു മൃതദേഹങ്ങൾ ലഭിച്ചത്. ഇടമലയാർ പവർഹൗസിൽനിന്നു വൈദ്യുതോൽപാദനം കഴിഞ്ഞുള്ള വെള്ളം ഒഴുകുന്ന പുഴയാണിത്. പവർഹൗസിന്റെ പ്രവർത്തനം നിർത്തി ജലനിരപ്പു കുറച്ചശേഷമാണ് തെരച്ചിൽ നടത്തിയത്.

അതുലിന്റെ സഹോദരങ്ങൾ: അബിൽരാജ്, അജയ്‌രാജ്. ബിയോൺ ബിജുവിന്റെ സഹോദരങ്ങൾ: ഡിയോണ, ഫിയോണ. മാതാപിതാക്കളും സഹോദരങ്ങളും യുകെയിലാണ്. ഹരീഷിന്റെ സഹോദരൻ വിഷ്ണു. പിതാവ് വിജയകുമാർ പെയിന്റിങ് തൊഴിലാളിയാണ്.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# നിര്യാതരായി

## കെ.ടി. തോമസ്

**കിടങ്ങന്നൂർ:** വല്ലന കണ്ണംപുഴ സുനിൽ വില്ലയിൽ കെ.ടി. തോമസ് (92) അന്തരിച്ചു. ഭാര്യ വല്ലന പുത്തേത്ത് പൊന്നമ്മ. മക്കൾ: സുനിൽ തോമസ് (യുഎസ്), സുനിത, സുജി (ഇരുവരും യുകെ), സുമി. മരുമക്കൾ: ഷീബ (യുഎസ്), സാജു, സജു (ഇരുവരും യുകെ), ഷൈബു (ഖത്തർ).

**കുറിയന്നൂർ:** ഡ്രഗ്സ് കൺട്രോളർ റിട്ട. ഉദ്യോഗസ്ഥൻ വടക്കേത്ത് എ.ടി. മാമ്മൻ (ബേബിക്കുട്ടി-84) അന്തരിച്ചു.

**മെഴുവേലി:** പത്മനാഭോദയം എച്ച്.എസ്. റിട്ട. അധ്യാപികയും ടീച്ചേഴ്സ് ട്രെയിനിങ് സ്കൂൾ പ്രിൻസിപ്പലുമായിരുന്ന നവമിയിൽ കെ.ആർ. സുശീല (83) അന്തരിച്ചു.

## സി. വർഗീസ്

**അടൂർ:** റിട്ട. ക്യാപ്റ്റൻ ഗ്രേസ് വില്ലയിൽ സി. വർഗീസ് (94) അന്തരിച്ചു. ആനന്ദപ്പള്ളി ചരുവിൽ കുടുംബാംഗമാണ്. ഭാര്യ പന്നിവിഴ മുകളുംപ്ലാവിൽ പരേതയായ കുഞ്ഞമ്മ വർഗീസ്. മക്കൾ: ജെസി ജോസ് (യുഎസ്), പരേതനായ അലക്സ് വർഗീസ്. മരുമകൻ: ചാരുമൂട് പുത്തൻവീട്ടിൽ ബംഗ്ലാവിൽ ജോസ് ജോർജ്.

**പുനലൂർ:** മണിയാർ വെളുത്തേരിയിൽ റെജി ഏബ്രഹാം ഐസക്കിന്റെയും പരേതയായ അനു റെജിയുടെയും മകൻ റയാൻ ഐസക് റെജി (14) അന്തരിച്ചു.

**ചിങ്ങവനം:** മൂലംകുളം കൊച്ചുപറമ്പിൽ കെ.ടി. തോമസ് (ജോയി-66) അന്തരിച്ചു.

**ശ്രീകണ്ഠമംഗലം:** നായ്ത്തുപറമ്പിൽ ഏലിക്കുട്ടി മാത്യു (76) അന്തരിച്ചു.

## സി.പി. ജോസഫ്

**തൊടുപുഴ:** റിട്ട. അധ്യാപകൻ ചുങ്കം ചെമ്മലക്കുഴി സി.പി. ജോസഫ് (87) അന്തരിച്ചു. ഭാര്യ കല്ലറ കോട്ടൂപ്പറമ്പിൽ സീലിയാമ്മ. മക്കൾ: ലാൽ, ലിറ്റിമോൾ, ലാജൻ (മൂവരും യുഎസ്). മരുമക്കൾ: വീണ പുളിന്തോട്ടിയിൽ (ഉഴവൂർ), സൈജൻ മുളക്കൽ (കിടങ്ങൂർ), ആൻസി വേലിക്കകത്ത് (എസ്എച്ച് മൗണ്ട് കോട്ടയം).

**തിരുവല്ല:** വിമുക്തഭടൻ ചാത്തങ്കേരി ഞാലിയിൽ കല്ലാത്ത് കെ. കുര്യൻ (ബേബിക്കുട്ടി-84) അന്തരിച്ചു.

**മൂവാറ്റുപുഴ:** അലൈസ് ബജാജ് റിട്ട. സീനിയർ ബ്രാഞ്ച് ഡവലപ്മെന്റ് മാനേജർ വാഴക്കുളം പേടിക്കാട്ടുകുന്നേൽ ഡൊമിനിക് ജോസഫ് (87) അന്തരിച്ചു.

**തൊടുപുഴ:** ആലക്കോട് ഐജെഎൽപിഎസ് റിട്ട. അധ്യാപിക കാരിക്കോട് പള്ളിപ്പാട്ട് വി.ഐ. പെണ്ണമ്മ (85) അന്തരിച്ചു.

**റാന്നി:** വട്ടപ്പുരയിടത്തിൽ ഷീല തോമസ് (91) അന്തരിച്ചു.

## രാമചന്ദ്രൻ കളമുള്ളതിൽ



**ഹൂസ്റ്റൺ:** രാമചന്ദ്രൻ കളമുള്ളതിൽ (77) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ റീത്ത രാമചന്ദ്രൻ. മക്കൾ: സന്ദീപ് രാമചന്ദ്രൻ, സവിന ബിജിത്ത്. മരുമക്കൾ: ശിഖ സുദീപ്, പി.വി. ബിജിത്ത്.

**പൂവന്തുരുത്ത്:** മുഞ്ഞനാട്ട് പുള്ളിയിലായ പ്ലാത്താനത്ത് പി.ഐ. ഐപ്പ് (അച്ചൻകുഞ്ഞ്-100) അന്തരിച്ചു.

**ആലക്കോട്:** തലശ്ശേരി അതിരൂപതാംഗം ഫാ. ഡോ. ജോസ് ജേക്കബ് നെടുംതകിടി (83) അന്തരിച്ചു.

**ചെന്നാമറ്റം:** താന്നിക്കത്തകടത്തിൽ (കമ്പിയിൽ) എലിസബത്ത് മർക്കോസ് (കുഞ്ഞുമോൾ-62) അന്തരിച്ചു.

## പി.വി. ലൂക്കോസ്

**മാഞ്ഞൂർ സൗത്ത്:** പടിഞ്ഞാറേ മങ്ങരയിൽ പി.വി. ലൂക്കോസ് (ലൂക്കാച്ചൻ-92) അന്തരിച്ചു. ഭാര്യ മാന്നാർ മാളിയേക്കൽ മേരി ലൂക്കോസ്. മക്കൾ: ബ്രദർ ജോർജ് മങ്ങര, ആൻസി റോയ്, മിനി സെബാസ്റ്റ്യൻ, ഡാലിയ മാത്യു (ബെംഗളൂരു), ഫാ. തോമസ് വേങ്ങര, പരേതനായ ജയ്മോൻ, ഫിലോമിന ലൂക്കോസ്, ലിയോ ലൂക്കോസ് (യുഎസ്). മരുമക്കൾ: റോയ് കക്കാട്ടിൽ (കാണക്കാരി), സെബാസ്റ്റ്യൻ പയ്യപ്പള്ളിൽ (മാന്നാർ), ടോജി നെല്ലുവേലിൽ (ചെറുപുഴ), എമ്മി ലിയോ (യുഎസ്).

**കൊല്ലം:** ആരോഗ്യവകുപ്പ് റിട്ട. സയന്റിഫിക് ഓഫീസർ കടപ്പാക്കട പീപ്പിൾസ് നഗർ പുന്നവിളയിൽ കെ. യോഹന്നാൻ (76) അന്തരിച്ചു.

**കാരയ്ക്കൽ:** കാട്ടുപറമ്പിൽ തുണ്ടിയിൽ റെജി ജേക്കബ് (67) അന്തരിച്ചു.

**മുളന്തുരുത്തി:** ഹിന്ദുസ്ഥാൻ യൂണിലിവർ മുൻ ഉദ്യോഗസ്ഥൻ പെരുമ്പിള്ളി കല്ലറയ്ക്കൽ പള്ളിപ്പുറം ടോംസ് വർഗീസ് (62) അന്തരിച്ചു.

**മൈലക്കൊമ്പ്:** മുണ്ടയ്ക്കൽ ജോസ് ബിനോയി ചെറിയാൻ (50) അന്തരിച്ചു.

**കൊച്ചി:** റാന്നി പതാലിൽ വത്സമ്മ അച്ചൻകുഞ്ഞ് (74) കൊച്ചുകടവന്തറയിൽ അന്തരിച്ചു.

**നെടുമുടി:** തോട്ടക്കാട്ട് വീട്ടിൽ അഡ്വ. എസ്. അനിൽകുമാർ (47) അന്തരിച്ചു.

**മൂവാറ്റുപുഴ:** സിഎംഐ മൂവാറ്റുപുഴ പ്രവിശ്യാംഗം ഫാ. ജോവാക്കിം പുഴക്കര (91) അന്തരിച്ചു.

## ഈപ്പൻ ടി. സാമുവൽ

**കുമ്പനാട്:** കടപ്ര എഴുമാലിൽ തെങ്ങോത്ത് ഈപ്പൻ ടി. സാമുവൽ (മോൻ-74) യുഎസിൽ അന്തരിച്ചു. ഭാര്യ കവിയൂർ പണിക്കമ്മാട്ട് രമണി. മക്കൾ: ഡോ. പ്രകാശ് ഈപ്പൻ, പ്രീതി ഈപ്പൻ. മരുമകൾ: ജോസ്‌ലി പ്രകാശ്.

## അന്നമ്മ തോമസ്

**മുണ്ടക്കയം:** സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ മുൻ അധ്യാപിക പൈങ്ങണ പള്ളത്തുശേരിൽ അന്നമ്മ തോമസ് (88) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.ഐ. തോമസ് (റോയൽ സ്റ്റോഴ്സ്). മക്കൾ: ബിനോ പി. തോമസ്, ബിന്ദു പി. തോമസ് (യുഎസ്). മരുമക്കൾ: മനോജ് ഏബ്രഹാം വെട്ടിക്കുന്നേൽ മണർകാട് (യുഎസ്), അനില ബിനോ പറങ്ങോട്ട് (കോട്ടയം).

**പനച്ചിക്കപ്പാറ:** പൂഞ്ഞാർ പഞ്ചായത്ത് മുൻ പ്രസിഡണ്ടും പൂഞ്ഞാർ സർവീസ് സഹകരണ ബാങ്ക് പ്രസിഡണ്ടുമായിരുന്ന സിറിയക് ലൂക്കോസ് കിഴക്കേത്തോട്ടം (സിബിച്ചൻ-79) അന്തരിച്ചു.

**നീറിക്കാട്:** വടക്കേതുരുത്തുവേലിൽ തങ്കമ്മ തോമസ് (78) അന്തരിച്ചു.

**റാന്നി:** ഐത്തല ഇടപ്പുരയിൽ (പുത്തൻപുരയ്ക്കൽ) ചാക്കോ ഉതുപ്പാൻ (അനിയൻ-65) അന്തരിച്ചു.

**കല്ലറ:** ഇന്ത്യൻ നേവി മുൻ ഉദ്യോഗസ്ഥനും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ജീവനക്കാരനുമായ ശിവസദനം കെ.എൻ. ശിവൻപിള്ള (77) അന്തരിച്ചു.

## ലില്ലിക്കുട്ടി ഏബ്രഹാം

**പാലാ:** കാഞ്ഞിരപ്പള്ളി വട്ടക്കുന്നേൽ വാലുമണ്ണേൽ ലില്ലിക്കുട്ടി ഏബ്രഹാം (80) അന്തരിച്ചു. കാഞ്ഞിരമറ്റം പാറേക്കുളം കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഏബ്രഹാം സെബാസ്റ്റ്യൻ (വാലുമണ്ണേൽ കട, കാഞ്ഞിരപ്പള്ളി). മക്കൾ: മിനി, സുനി, റെനി, സെബാസ്റ്റ്യൻ (മൂവരും യുഎസ്), റോഷിൻ, അനു, തോമസ്. മരുമക്കൾ: വിൻസന്റ് മണ്ണനാൽ (റാന്നി), സണ്ണി മുണ്ടയ്ക്കൽ (അഞ്ചിരി), കുര്യാറ്റ് ഇട്ടിയക്കാട്ട് (മരങ്ങാട്ടുപിള്ളി),അഞ്ജന ചാലിശ്ശേരിൽ തൃശൂർ (മൂവരും യുഎസ്), ജിസ് ചെറുപറമ്പിൽ വാഴക്കുളം, ടാജി തോട്ടശ്ശേരി ചങ്ങനാശേരി, തെരേസ കുരിശുംമൂട്ടിൽ ചങ്ങനാശേരി.

**കുമ്പഴ:** മാത്തിൽ ലക്ഷ്മിക്കുട്ടിയമ്മ (ഓമനയമ്മ-77) അന്തരിച്ചു.

**കുറിയന്നൂർ:** മമ്മരപ്പള്ളിൽ ജോസഫ് ജേക്കബ് (88) അന്തരിച്ചു.

**തിരുവല്ല:** റിട്ട. അധ്യാപിക വെണ്മണി നാവോലിൽ സാറാമ്മ ജോൺ (100) അന്തരിച്ചു.


**കോട്ടയം:** മാങ്ങാനം ഗുരുകൃപയിൽ മീനാക്ഷി (84) അന്തരിച്ചു.

## സി.സി. ചെറിയാൻ

**ചങ്ങനാശേരി:** കുരിശുംമൂട് ചിറമുഖത്ത് സി.സി. ചെറിയാൻ (77) അന്തരിച്ചു. ഭാര്യ പാലാ പായിക്കാട്ട് നിർമല ചെറിയാൻ. മക്കൾ: സുസ്മിത ചെറിയാൻ (എച്ച്സിഎൽ യുഎസ്), സുമിത ചെറിയാൻ (ഒറാക്കിൾ ബെംഗ്ളൂരു). മരുമക്കൾ: ജോഷി ജോസഫ് പറപ്പള്ളിൽ ഇരിങ്ങാലക്കുട (ദുബായ്), അരുൺ ആന്റണി വളർകോട്ട്, പാലാ (ബംഗ്ളൂരു).

**ഞാലിയാകുഴി:** കോട്ടപ്പുറത്ത് അനിയൻകുഞ്ഞിന്റെയും പ്രസന്നകുമാരിയുടെയും മകൻ കെ.എ. പ്രശാന്ത് (28) അന്തരിച്ചു.

## രഞ്ജൻ വർഗീസ്



**ചെങ്ങന്നൂർ:** ചെറിയനാട് പടിഞ്ഞാറെ നാക്കോലക്കൽ പരേതനായ ചാക്കോ വർഗീസിന്റെയും സൂസൻ വർഗീസിന്റെയും മകൻ രഞ്ജൻ വർഗീസ് (53) അന്തരിച്ചു. ഭാര്യ ബിൻസി വർഗീസ്. സഹോദരങ്ങൾ: രഞ്ജി വർഗീസ്, സിൻസി വർഗീസ്, റോസ്‌ലിൻ വർഗീസ്, ഗ്രേസ്‌ലിൻ വർഗീസ്. രഞ്ജിനി മാത്യു, ബിജു മാത്യു, ബ്രാൻസൺ മാത്യു, ബ്രൈസൺ മാത്യു. ബ്രിയാന മാത്യു.

**കൊടിനാട്ടുംകുന്ന്:** പാലത്തിങ്കൽ റോസമ്മ ആന്റണി (95) അന്തരിച്ചു.

**ആർപ്പൂക്കര:** പനമ്പാലം മണക്കുളങ്ങര സണ്ണി ജോസഫ് (കുഞ്ഞുമോൻ-60) അന്തരിച്ചു.

**കോഴിക്കോട്:** ഈശോസഭാംഗമായ ഫാ. ജോർജ് വരങ്ങൽക്കുടി (80) അന്തരിച്ചു.

**തടിയൂർ:** അമ്പാനിക്കാട്ട് മ്ളാമ്പറമ്പിൽ ഏലിയാമ്മ തോമസ് (പെണ്ണമ്മ-91) അന്തരിച്ചു.

**മല്ലപ്പള്ളി:** ചിറ്റേട്ട് (കുളങ്ങോട്ട്) മറിയാമ്മ വർഗീസ് (കുഞ്ഞുമോൾ-74) അന്തരിച്ചു.

**മാരിക:** സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്സ് ഓഫ് ശാമ്പേരി ഭോപ്പാൽ ആശാനികേതൻ മഠാംഗം സിസ്റ്റർ മേരി ലൂർദ്സ് പെരിഞ്ചേരിൽ (സിസിലി-90) അന്തരിച്ചു.

**പുതുപ്പള്ളി:** തച്ചുകുന്നേൽ മുണ്ടപ്പുഴ വീട്ടിൽ ശോശാമ്മ ജോൺ (67) അന്തരിച്ചു.

**കുമാരനല്ലൂർ:** നിർമാല്യത്തിൽ തുളസീദേവി (88) അന്തരിച്ചു.

**ആർപ്പൂക്കര:** പിണംചിറക്കുഴി താന്നിക്കുന്നേൽ വീട്ടിൽ അഖിൽ ദാസ് (29) അന്തരിച്ചു.

## ശാന്തമ്മ ജേക്കബ്

**തിരുവനന്തപുരം:** പൊങ്ങുംമൂട് കോട്ടയ്ക്കകത്ത് ഹൗസിൽ കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് റിട്ട. ഉദ്യോഗസ്ഥ ശാന്തമ്മ ജേക്കബ് (88) അന്തരിച്ചു. തലവടി അടങ്ങപുറത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഡോ. ജേക്കബ് സക്കറിയ (ഡെന്റൽ കോളജ് തിരുവനന്തപുരം). മക്കൾ: ഡോ. ബിനു ജേക്കബ്, ലീന ഉമ്മൻ (യുഎസ്), പരേതനായ ബിപിൻ ജേക്കബ്. മരുമക്കൾ: ഡോ. എലിസബത്ത്, ഉമ്മൻ ജോൺ (യുഎസ്), ഡോ. മേഴ്സി സാറാ തോമസ്.

**അമയന്നൂർ:** എംഎം പബ്ലിക്കേഷൻ റിട്ട. ഉദ്യോഗസ്ഥൻ പൂതിരിക്കൽ തോട്ടിക്കുളത്ത് വി. എസ്. ഐപ്പ് (കുഞ്ഞ്-62) അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** ഇളശ്ശേരിൽ അൽഫോൻസാ ഏബ്രഹാം (ആലീസ്-72) അന്തരിച്ചു.

**കൈനടി:** കാട്ടുവള്ളിൽ പ്രോവിഡൻസ് സിബി മാത്യുവിന്റെ ഭാര്യ കൈനടി എജെജെഎം എച്ച്എസ് റിട്ട. ടീച്ചർ മോളി (82) അന്തരിച്ചു.

**അതിരമ്പുഴ:** മാന്നാനം സർവീസ് സഹകരണ ബാങ്ക് റിട്ട. സെക്രട്ടറി കരോട്ടുവേമ്പനിക്കൽ വി.ടി. തോമസ് (90) അന്തരിച്ചു.

**കൊച്ചി:** സിഎംഐ സഭ തിരുഹൃദയ പ്രവിശ്യാംഗവും പൊതി സേവാഗ്രാം മുൻ ഡയറക്ടറുമായ ഫാ. ജിയോ മങ്ങര (81) അന്തരിച്ചു.

## എ.കെ. ശേഖരൻ

**കൊന്നത്തടി:** പഞ്ചായത്ത് യു.പി. സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ മുതിരപ്പുഴ എരപ്പനാൽ എ.കെ. ശേഖരൻ (79) അന്തരിച്ചു. ഭാര്യ പൂഞ്ഞാർ ഈട്ടിക്കൽ രാധാമണി (റിട്ട. അധ്യാപിക ഗവ. ഹൈസ്കൂൾ മുക്കുടം). മക്കൾ: സുമേഷ് (യുഎസ്), സ്മിത (അധ്യാപിക), സൗമ്യ (എൽഐസി). മരുമക്കൾ: ഇരുനൂറേക്കർ വരകിൽ ആതിര (യുഎസ്), ബ്രഹ്മമംഗലം കുറ്റിമാൻ ചോട്ടിൽ മനോജ് കേശവൻ (കെഎസ്ഇബി), കൊല്ലം ചിന്നക്കട കാട്ടുവിള ഷൈജു (എൽഐസി).

**മറിയപ്പള്ളി:** പ്രശാന്ത ഭവനിൽ ഗോപിനാഥിന്റെ മകളും പാമ്പാടി കുറിയന്നൂർ കുന്നേൽ പരേതനായ ബിനുവിന്റെ ഭാര്യയുമായ ലാവണ്യ ബിനു (48) അന്തരിച്ചു.

**പായിപ്പാട്:** കിങ്ങണംചിറ ആന്റണി സെബാസ്റ്റ്യൻ (സണ്ണിച്ചൻ-66) അന്തരിച്ചു.

**വെമ്പള്ളി:** കണ്ടത്തിപ്പറമ്പിൽ ത്രേസ്യാമ്മ ജോൺ (81) അന്തരിച്ചു.

**പാലാ:** പാലാക്കാട് കുമ്പുക്കൽ അമ്മിണി തോമസ് (81) അന്തരിച്ചു.

**പ്രക്കാനം:** ഉഴുവത്ത് അലക്സ് ഉഴുവത്ത് (ഷാജി-64) അന്തരിച്ചു.

## അന്നമ്മ ഫിലിപ്പ്

**വെള്ളൂർ:** തൊട്ടൂർ ആക്കാത്തറയിൽ അന്നമ്മ ഫിലിപ്പ് (83) അന്തരിച്ചു. ചിങ്ങവനം കരോട്ടു കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഫിലിപ്പ്. മക്കൾ: മെറിൻ, ഷെറിൻ, ടെറിൻ, ജെറിൻ. മരുമക്കൾ: രാജീവ് വയല റാന്നി, ലയണൽ തോട്ടം (യുഎസ്), ഡോ. മത്തായി അച്ചിറയ്ക്കൽ ഇരവിമംഗലം, സെബാസ്റ്റ്യൻ മണ്ണുപറമ്പിൽ (യുഎസ്).

## സി.ജെ. മത്തായി

**കിഴക്കേ കൂടല്ലൂർ:** ചക്കാലയിൽ കെഎസ്ഇബി റിട്ട. ഓവർസിയർ സി.ജെ. മത്തായി (79) അന്തരിച്ചു. ഭാര്യ ബൈസൺവാലി കുടുംബക്കുഴിയിൽ അന്നമ്മ. മക്കൾ: നിജിൻ (യുഎസ്), ജോസഫ്, തോമസ് (ഇരുവരും ഓസ്ട്രേലിയ). മരുമക്കൾ: ലിൻസി തോട്ടിക്കാട്ടിൽ (അരീക്കര), മെലീസ കിഴക്കേകാട്ടിൽ (കൈപ്പുഴ).

## ലീല മാത്യു



**ഒളശ്ശ:** കുഴിത്താറ്റിൽ പരേതനായ ജോൺ മാത്യുവിന്റെ ഭാര്യ ലീല മാത്യു (84) അന്തരിച്ചു. മകൾ: ഡോ. മായാ തോമസ് (യുഎസ്). മരുമകൻ: ഡോ. തോമസ് കൊട്ടാരത്തിൽ (യുഎസ്).

**മൂവാറ്റുപുഴ:** മലങ്കര കത്തോലിക്കാസഭ മൂവാറ്റുപുഴ ഭദ്രാസനത്തിലെ സീനിയർ വൈദികൻ ഫാ. കുരുവിള പാറേക്കടവിൽ (99) അന്തരിച്ചു.

**തൃശൂർ:** പ്രമുഖ സുവിശേഷ പ്രഘോഷകനും സാമൂഹിക സേവന സന്നദ്ധ പ്രവർത്തകനുമായ നെല്ലങ്കര ചിറക്കടവിൽ കോട്ടയത്തുകാരൻ രാജൻ (രാജൻ കാൽവരി-64) അന്തരിച്ചു.

**പാലാ:** എസ്എബിഎസ് തക്കല സെന്റ് ഷന്താൾസ് സൈസെപുരം പ്രൊവിൻഷ്യൽ ഹൗസ് അംഗം സിസ്റ്റർ ആലീസ് കട്ടക്കയം (78) അന്തരിച്ചു.

**മഞ്ഞാമറ്റം:** എഫ്എംഎ സഭാംഗം സിസ്റ്റർ ക്ലാര പാമ്പാടിയിൽ (79) അന്തരിച്ചു.

**വെള്ളാവൂർ:** കുന്നേൽ വീട്ടിൽ കെ.വി. ചെറിയാൻ (80) അന്തരിച്ചു.

**ചെങ്ങളം ചപ്പാത്ത്:** മാത്തിക്കാട്ടിൽ ജിൻസി ജോസഫ് (44) അന്തരിച്ചു.

**വെള്ളൂർ:** പോത്താനിക്കലായ തെക്കേക്കുറ്റ് ശോശാമ്മ (98) അന്തരിച്ചു.

**പരുമല:** പുത്തൻപുരയിൽ അന്നമ്മ തോമസ് (സൂസമ്മ-74) അന്തരിച്ചു.

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

# BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

# FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact: 703-907-9132**

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Chicago*

# CAREGIVER NEEDED – OKLAHOMA CITY

## (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

# BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

# PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or**

**email at alexkalarickal@gmail.com**

Visit Our Website: www.keralaexpress.com for Classified Advt.






# സ്കിറ്റ് കളിയിൽ നിന്ന് വെള്ളിത്തിരയിലെത്തിയ അശ്വതി ചന്ദ് വാഴ 2–ലെ അനുഭവങ്ങൾ പങ്കുവെക്കുന്നു

**കോ**മഡി സ്കിറ്റുകളിലൂടെ കുടുംബപ്രേക്ഷകർക്കു പരിചിതയായ അശ്വതിയെ ജെൻ സി ഉൾപ്പെടെയുള്ളവർ ഇന്നു തിരിച്ചറിയുന്നത് വാഴ 2-ലെ ഹാഷിറിന്റെ ഉമ്മ എന്ന ലേബലിലാണ്. വാഴ 2-ലേക്കു വിളിച്ചപ്പോൾ ഇത്രമേൽ അഭിനയസാധ്യത പ്രതീക്ഷിച്ചിരുന്നില്ല. സിനിമയോ നാടകമോ സ്കിറ്റോ എന്തുമാകട്ടെ, എപ്പോഴും അഭിനയിക്കുക എന്നതാണ് അശ്വതിയുടെ ആഗ്രഹം. കളക്ഷനിൽ 250 കോടി പിന്നിട്ടു വാഴ-2 മുന്നേറുമ്പോൾ തന്റെ ഉമ്മകഥാപാത്രം ഹിറ്റായതിന്റെ സംതൃപ്തിയിലാണ് അശ്വതി.

“സിനിമയുടെ തുടക്കത്തിൽ തന്നെ എന്നെ കാണിക്കുമെന്ന് ആദ്യ ഷോട്ട് ചെയ്യുമ്പോൾ അറിയില്ലായിരുന്നു. പിന്നെ, ആദ്യാവസാനമുള്ള ഇത്രയും ആഴത്തിലുള്ള കഥാപാത്രം. വാഴ-2 മൊത്തത്തിൽ സന്തോഷമാണു തന്നത്”- അശ്വതി പറയുന്നു.

സ്കൂൾ കാലഘട്ടത്തിൽ ഡാൻസിലായിരുന്നു ശ്രദ്ധ. ഒന്നിലധികം തവണ കലാതിലകമായിട്ടുണ്ട്. പ്ലസ് ടുവിനുശേഷം ദൂരദർശന്റെ ‘ശ്യാമാംബരം’ സീരിയലിൽ അഭിനയത്തുടക്കം. അവിടെ തുടർച്ചയായി മൂന്നു സീരിയലുകൾ. തുടർന്നു ജയ് ഹിന്ദ് ചാനലിൽ വിവിധ പരിപാടികൾ. എല്ലാവരും ടിവിയിൽ കാണുമല്ലോ എന്നതായിരുന്നു അന്നത്തെ സന്തോഷം. അഭിനയിക്കാൻ അല്പമെങ്കിലും കഴിവുള്ളതായി അക്കാലത്തു ഞാൻ തിരിച്ചറിഞ്ഞിരുന്നില്ല. ആർട്സ് കോളജിൽ ബിഎസ്സി ഫിസിക്സിനു പഠിക്കുമ്പോൾ കേരള സർവകലാശാല നാടകോത്സവത്തിനുള്ള കോളജ് നാടകത്തിൽ സീരിയൽപശ്ചാത്തലം പരിഗണിച്ച് എന്നെയും ഉൾപ്പെടുത്തി. മത്സരഫലം വന്നപ്പോൾ ഞാൻ ബെസ്റ്റ് ആക്ട്രസ്. അതോടെ അഭിനയത്തിന്റെ കൂടുതൽ സാധ്യതകൾ പഠിക്കണമെന്നു തോന്നി, നിരീക്ഷ വിമൻസ് തിയറ്ററിന്റെ ഭാഗമായി. ഒരിടവേളയ്ക്കുശേഷം ഏഷ്യാനെറ്റ് കോമഡി സ്റ്റാർസിലൂടെ ചാനൽ സ്ക്രീനിൽ റീഎൻട്രി. അവിടെ ഒരു എപ്പിസോഡിൽ ഗസ്റ്റായി വന്ന നാദിർഷിക്ക ‘കേശു ഈ വീടിന്റെ നാഥ’നിൽ ചെറിയ വേഷം തന്നു. തുടർന്നു മിനി ഐ.ജി. സംവിധാനം ചെയ്ത ‘ഡിവോഴ്സ്’, ‘വയസെത്രയായി മൂപ്പത്തി’ എന്നീ സിനിമകളിൽ ചെറിയ വേഷങ്ങൾ. ചാനൽ പരിപാടികളും കോമഡി സ്കിറ്റുകളുമായി മുന്നോട്ടുപോകുന്നതിനിടെ ഫ്ളവേഴ്സ് സ്കിറ്റിൽ തിരുവനന്തപുരം സ്ളാംഗിൽ സംസാരിക്കുന്ന സുനി ചന്ദ്രി എന്ന കഥാപാത്രം വൈറലായി. അതോടെ ഞാൻ ശ്രദ്ധിക്കപ്പെട്ടു തുടങ്ങി.

വാഴ 2-ൽ എത്തുംമുന്നേ ‘വ്യസനസമേതം ബന്ധുമിത്രാദികൾ’ എന്ന സിനിമയിൽ അനശ്വര രാജന്റെ അമ്മയായും മല്ലിക സുകുമാരന്റെ മകളായും വേഷമിട്ടിരുന്നു. അധികം സിനിമയിൽ വന്നിട്ടില്ലാത്ത പുതുമുഖത്തെ സംവിധായകൻ എസ്. വിപിൻ അന്വേഷിച്ചപ്പോൾ ‘ഡിവോഴ്സ്’ സിനിമയിൽ എനിക്കൊപ്പം അഭിനയിച്ച റീന ഇന്ദ്രായണി ചേച്ചിയാണ് ആ വേഷത്തിന് എന്നെ നിർദേശിച്ചത്. അങ്ങനെ ഒരിടവേളയ്ക്കുശേഷം രസകരമായ കഥാപാത്രമായി വീണ്ടും സിനിമയിൽ. അതിലെ എന്റെ പ്രകടനം ഇഷ്ടപ്പെട്ടാണ് വ്യസനസമേതത്തിന്റെ നിർമാതാക്കളിൽ ഒരാളും വാഴ 2-ന്റെ എഴുത്തുകാരനായ വിപിൻ ദാസ് സാർ എന്നെ ഹാഷിറിന്റെ ഉമ്മയായി പരിഗണിച്ചത്.

എനിക്ക് ഒരു സീൻ ആയിരുന്നുവെങ്കിൽപോലും വളരെ സന്തോഷത്തോടെ, അതു ഭാഗ്യമെന്നു കാണുമായിരുന്നു. അങ്ങനെയുള്ള എനിക്കു ജാക്പോട്ട് പോലെയായി വാഴ-2. സിനിമ വന്നപ്പോഴാണ് എന്റെ കഥാപാത്രത്തിനു കഥയിലുള്ള പ്രാധാന്യം ഞാനറിഞ്ഞത്. സവിൻ പറഞ്ഞ സീനുകൾ അഭിനയിച്ചു എന്നതിനപ്പുറം എവിടെയൊക്കെ, ഏതുതരം വൈകാരിക സന്ദർഭങ്ങളിലാണ് അതു വരുന്നതെന്ന് അറിയില്ലായിരുന്നു. കുഞ്ഞു ഹാഷിറും അനിയനും വളരെ സന്തോഷത്തിലും സ്നേഹത്തിലും ടാങ്കിലെ മീനുകളെ കണ്ടുനിൽക്കുമ്പോൾ പിന്നിൽ ഞാൻ അവരെ നോക്കി ചിരിക്കുന്ന ഒരു ഷോട്ടുണ്ട്. ആളുകൾ ഏറെ ഇമോഷണലായി നിൽക്കുന്ന ഒരു സന്ദർഭത്തിൽ, സിനിമയുടെ ക്ലൈമാക്സിൽ അതു പ്ലേസ് ചെയ്തുവെന്നത് എനിക്കു മറ്റൊരു ജാക്ക്പോട്ടാണ്.

ഭർത്താവ് മരിച്ചതിന്റെ ചടങ്ങിൽ നിന്നാണ് എന്റെ കഥാപാത്രത്തിന്റെ തുടക്കം. പിന്നീടു പുറത്തിറങ്ങി കാര്യങ്ങൾ ചെയ്യാറില്ല, സഹോദരനാണ് എല്ലാം നോക്കുന്നത്. മക്കളെ വളർത്തിക്കൊണ്ടു വരുമ്പോഴാവട്ടെ അവർ പലവിധ പ്രശ്നങ്ങളിൽപെടുന്നതിന്റെ വിഷമങ്ങൾ. അതെല്ലാം ഉള്ളിൽ കൊണ്ടു നടക്കുന്ന ഒരു സ്ത്രീ. പക്ഷേ, മക്കളെ വിട്ടുകൊടുക്കാനും പറ്റില്ല. എവിടെയും ഒരു വോയ്സും ഇല്ലാത്ത ഒരു സ്ത്രീ. അവസാനം മക്കൾക്കിടയിലെ അകൽച്ച മാറുമ്പോഴാണ് ചെറിയൊരു സന്തോഷമെങ്കിലും വരുന്നത്. ഫിഷ് ടാങ്കിലേക്കു രണ്ടുപേരും ചേർന്ന് മീനുകളെ ഇടുമ്പോൾ ഇനി ഇതു തല്ലുകൂടില്ലല്ലോ എന്ന് അമ്മ ചോദിക്കുന്നതു മീനുകളെയും മക്കളെയും കണക്ട് ചെയ്താണ്. അവിടെ വളരെ ആർദ്രമായ ഒരു ചിരിയും സന്തോഷവും സങ്കടവും കൂടിച്ചേർന്ന ഇമോഷനാണ് സവിൻ ആവശ്യപ്പെട്ടത്.

ഈ സിനിമയിൽ ഡ്രാമ വേണ്ടെന്നും റിയലിസ്റ്റിക്കായി ചെയ്യണമെന്നും ആദ്യമേ സവിൻ പറഞ്ഞിരുന്നു. സ്കിറ്റ് കളിക്കുന്ന മൂഡിലല്ല ഈ പടം. തുന്നൽപ്പണി ചെയ്തു കുടുംബം കൊണ്ടുപോകുന്ന വളരെ റിയലിസ്റ്റിക്കായ ഒരമ്മ. ഭർത്താവില്ലാത്ത ഒരു സ്ത്രീ. എല്ലാ സീനിലും അത്തരമൊരു നിസഹായത നമുക്കുണ്ടാവണം. വളരെ മൈന്യൂട്ടായി മാത്രം കാര്യങ്ങൾ ചെയ്താൽ മതി. സ്കിറ്റ് കളിച്ചുകൊണ്ടിരിക്കുന്ന ഒരാൾ സിനിമയിൽ അഭിനയിക്കുമ്പോൾ ഓവറായിപ്പോകുമോ നാടകീയമാകുമോ എന്നൊക്കെയുള്ള ടെൻഷനും പേടിയും നല്ല രീതിയിൽ ഉണ്ടായിരുന്നു. ഡയലോഗ് പറയുമ്പോൾ ചിലപ്പോഴൊക്കെ ഇത്തിരി ട്രിവാൻഡ്രം സ്ളാംഗ് കയറിവരും എന്നതായിരുന്നു മറ്റൊരു പ്രശ്നം. ഞാൻ ആ കഥാപാത്രം മനോഹരമായി ചെയ്തിട്ടുണ്ടെങ്കിൽ, അത് ആളുകൾക്ക് അത്രയും കണക്റ്റായിട്ടുണ്ടെങ്കിൽ അതിന്റെ ക്രെഡിറ്റ് മൊത്തം സംവിധായകനു തന്നെയാണ്.

ഹാഷിറിന്റെ റീൽസ് കണ്ടുള്ള പരിചയമേ ഉണ്ടായിരുന്നുള്ളൂ. പൂജയ്ക്കാണ് നേരിട്ടു കണ്ടത്. ഹാഷിർ, അലൻ, അജിൻ, വിനയക്... നാലുപേരും നല്ല പിള്ളേരാണ്. ഹാഷിറുമായി മാത്രമേ കോംബിനേഷനുള്ളൂ. അലനുമായി ഒരു ഷോട്ടിൽ മാത്രം. ഹാഷിറിന്റെ അനിയനായി വേഷമിട്ട ശബരി ‘വ്യസനസമേത’ത്തിലുണ്ടായിരുന്നു.

ചിത്രാഞ്ജലിയിൽനിന്നു റിട്ടയറായ അച്ഛൻ ചന്ദ്രനും അദ്ധ്യാപികയായിരുന്ന അമ്മ അനിതയും ചെറുപ്പകാലത്തു പഠനത്തിനൊപ്പംതന്നെ കലാരംഗത്തും പിന്തുണ നല്കി കൊണ്ടുവന്നതിനാലാണ് ഞാൻ ഇവിടംവരെ എത്തിനിൽക്കുന്നത്. നർത്തകിയായ ചേച്ചി അശ്വിനിയുടെ പിന്തുണ എപ്പോഴുമുണ്ട്. വിവാഹശേഷമാണു ഞാൻ സിനിമയിലേക്കു വന്നത്. ലോ അക്കാദമിയിൽ നിയമപഠനകാലത്ത് ഫൈനൽ പരീക്ഷയെഴുതാതെ ഓഡീഷനും ഷൂട്ടിനുമൊക്കെ പോയിട്ടുണ്ട്. എന്റെ വഴി അഭിനയമാണെന്നു തിരിച്ചറിഞ്ഞപ്പോൾ അതിനു പൂർണ പിന്തുണയുമായി അദ്ദേഹം കൂടെനിന്നു. പിന്നീടു തിയറ്റർ ആർട്സിൽ പിജി നേടിയതും അദ്ദേഹത്തിന്റെ പ്രേരണയിലാണ്.

ടൊവിനോയും ബേസിലും നായകന്മാരായ ‘അതിരടി’യാണ് അടുത്ത റിലീസാകുന്ന സിനിമ. വാഴ-2 ഷൂട്ട് കഴിഞ്ഞാണ് അതിൽ അഭിനയിച്ചത്. ടൊവിനോയുടെ കഥാപാത്രത്തിന്റെ ഭാര്യയുടെ ബന്ധുവായി ഒരു ചെറിയ വേഷം. ഒറ്റ സീൻ ആണെങ്കിൽപോലും സിനിമയിൽ വളരെ പ്രധാനപ്പെട്ട ഒരു സമയത്താണ് എന്റെ എൻട്രി. എനിക്കിഷ്ടമുള്ള നടനാണു ടൊവിനോ. ഇഷ്ടമുള്ള സംവിധായകനാണു ബേസിൽ. ബേസിലിന്റെ പ്രൊഡക്ഷനുമാണ്. ഇതിന്റെ സംവിധായകൻ അരുൺ അനിരുദ്ധനും ടൊവിനോയ്ക്കൊപ്പം അഭിനയിച്ചവരും കോളജ് നാടക കാലത്തു കൂടെയുണ്ടായിരുന്നവരാണ്.



സ്കിറ്റ് കളിക്കുക, സ്റ്റേജ് ഷോസ് ചെയ്യുക, സ്റ്റേജിൽ പരിപാടി അവതരിപ്പിക്കുക... എല്ലാം ഒരേപോലെ ഇഷ്ടമാണ്. ഇപ്പോഴും അമൃത ടിവിയിൽ കോമഡി മാസ്റ്റേഴ്സ് ചെയ്യുന്നുണ്ട്. സിനിമയിൽ അമ്മവേഷമുൾപ്പെടെ എന്തും ചെയ്യും. എന്റെ ശരീരപ്രകൃതി വെച്ച് അത്തരം മേക്കോവർ സാധ്യമായതുകൊണ്ടാവാം അവർ വിളിക്കുന്നത്.

പക്ഷേ, ടൈപ്പ് കാസ്റ്റ് ആകാൻ താത്പര്യമില്ല. 90 വയസുള്ള അമ്മച്ചിയാകാനും ഞാനൊരുക്കമാണ്. അഭിനയിക്കാൻ, ചലഞ്ചിംഗായി വ്യത്യസ്തതയുള്ള എന്തെങ്കിലുമുണ്ടാകണം. എഴുത്തുകാരും സംവിധായകരും പുതിയ സിനിമകളിലേക്കു വിളിക്കുമെന്നാണു പ്രതീക്ഷ.




# 'അതിരടി' 14–നു തിയറ്ററുകളിലെത്തും

ബേസിൽ ജോസഫ്, ടൊവിനോ തോമസ്, വിനീത് ശ്രീനിവാസൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന മൾട്ടി സ്റ്റാർ ചിത്രമാണ് അതിരടി. 14-നു റിലീസിന് ഒരുങ്ങുന്ന ചിത്രം സംവിധാനം ചെയ്യുന്നത് നവാഗതനായ അരുൺ അനിരുദ്ധനാണ്. സർവം മായ ഫെയിം റിയാ ഷിബുവാണ് നായികയായി എത്തുന്നത്.




ഇപ്പോഴിതാ സിനിമയിലെ രണ്ടാമത്തെ ഗാനം പുറത്തുവന്നിരിക്കുകയാണ്. 'പട്ടി ഷോ' എന്ന് തുടങ്ങുന്ന ഗാനം ഒരു അടിച്ചുപൊളി മൂഡിൽ ആണ് ഒരുക്കിയിരിക്കുന്നത്. ഡാബ്സി, അറിവ്, സുഹൈൽ കോയ എന്നിവർ ആലപിച്ച ഗാനത്തിനായി വരികൾ എഴുതിയിരിക്കുന്നത് സുഹൈൽ കോയ, അറിവ് എന്നിവർ ചേർന്നാണ്. വിഷ്ണു വിജയ് ആണ് സംഗീതം. നേരത്തെ സിനിമയിലെ ആദ്യത്തെ ഗാനം പുറത്തുവന്നിരുന്നു. ബേസിൽ ജോസഫും റിയ ഷിബുവും തമ്മിലുള്ള റൊമാന്റിക് ഗാനമായിട്ടാണ് ഒരുക്കിയിരിക്കുന്നത്. വിഷ്ണു വിജയ് ആണ് ഗാനത്തിനായി സംഗീതം ഒരുക്കിയത്. ഫെജോ, പൂർണിമ കണ്ണൻ എന്നിവർ ആലപിച്ച ഗാനത്തിന്റെ വരികൾ എഴുതിയിരിക്കുന്നത് സുഹൈൽ കോയ ആണ്.

സംവിധായകനും ഛായാഗ്രാഹകനുമായ സമീർ താഹിറും ടൊവിനോ തോമസും ആണ് ചിത്രത്തിന്റെ കോ-പ്രൊഡ്യൂസർമാർ. സാം ബോയ് എന്ന് വിളിപ്പേരുള്ള ഒരു കോളജ് വിദ്യാർത്ഥിയായാണ് ബേസിൽ ഈ ചിത്രത്തിലഭിനയിക്കുന്നത്. മിന്നൽ മുരളിക്കു ശേഷം ബേസിൽ ജോസഫും ടൊവിനോ തോമസും വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന നിലയിലും പ്രേക്ഷക ശ്രദ്ധയാകർഷിക്കുന്നുണ്ട്. ബേസിൽ ജോസഫ് ഒരുക്കിയ മിന്നൽ മുരളിയുടെ രചയിതാക്കളിൽ ഒരാളായ അരുൺ അനിരുദ്ധന്റെ സംവിധായകനായുള്ള അരങ്ങേറ്റ ചിത്രമാണ് അതിരടി. മിന്നൽ മുരളിക്കുശേഷം ടൊവിനോ തോമസ്, ബേസിൽ ജോസഫ്, സമീർ താഹിർ, അരുൺ അനിരുദ്ധൻ എന്നിവർ വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന പ്രത്യേകതയും ഇതിനുണ്ട്. പോൾസൺ സ്കറിയ, അരുൺ അനിരുദ്ധൻ എന്നിവർ ചേർന്നാണ് ചിത്രം രചിച്ചത്. മലയാളം കൂടാതെ തമിഴ്, തെലുങ്ക്, കന്നഡ ഭാഷകളിലും ചിത്രം പ്രദർശനത്തിനെത്തും.


ഛായാഗ്രഹണം-സാമുവൽ ഹെൻറി, സംഗീതം-വിഷ്ണു വിജയ്, എഡിറ്റർ-ചമൻ ചാക്കോ, പ്രൊഡക്ഷൻ ഡിസൈനർ-മാനവ് സുരേഷ്, കോസ്റ്റ്യൂം-മഷർ ഹംസ, മേക്കപ്പ്-റൊണക്സ് സേവ്യർ, സൗണ്ട് ഡിസൈനർ-നിക്സൺ ജോർജ്, വരികൾ-സുഹൈൽ കോയ, പ്രൊഡക്ഷൻ കൺട്രോളർ-ആന്റണി തോമസ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-നിഖിൽ രാമനാഥ്, അമൽ സേവ്യർ മനക്കത്തറയിൽ, ഫിനാൻസ് കൺട്രോളർ-ഐഡൻ ചാർട്ട്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-സുകു ദാമോദർ, സോഹിൽ, ടൈറ്റിൽ ഡിസൈൻ-സർക്കാസനം, പബ്ലിസിറ്റി ഡിസൈൻ-യെല്ലോ ടൂത്ത്.

# 'മോളിവുഡ് ടൈംസ്' ജൂൺ അഞ്ചിന്

യുവനടൻ നസ്ലിനെ നായകനാക്കി അഭിനവ് സുന്ദർ നായക് സംവിധാനം ചെയ്യുന്ന 'മോളിവുഡ് ടൈംസ്' ജൂൺ അഞ്ചിന് പ്രദർശനത്തിനെത്തും. ആഷിഖ് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമിക്കുന്ന ഈ ചിത്രത്തിൽ സംഗീത് പ്രതാപ്, ഷറഫുദ്ദീൻ എന്നിവരും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. സിനിമാ സംവിധായകനാകണമെന്ന മോഹവുമായി നടക്കുന്ന വിനീത് മാധവൻ എന്ന കൗമാരക്കാരനായാണ് നസ്ലിൻ എത്തുന്നത്. ഒട്ടേറെ താരങ്ങൾ കാമിയോ റോളുകളിൽ വരുന്നുണ്ട്.




കഥ, തിരക്കഥ, സംഭാഷണം ഒരുക്കുന്നത് രാമു സുനിൽ. വിശ്വജിത് ഒടുക്കത്തിൽ ഛായാഗ്രഹണം നിർവഹിക്കുന്നു. ജേക്ക്സ് ബിജോയ്-സംഗീതം, നിധിൻ രാജ് അരോൾ, അഭിനവ് സുന്ദർ നായക്-എഡിറ്റിംഗ്, ആഷിക് എസ്-ആർട്ട് ഡയറക്ടർ, മാഷർ ഹംസ-കോസ്റ്റ്യൂം ഡിസൈൻ, റോണക്സ് സേവ്യർ-മേക്കപ്പ് തുടങ്ങിയവരാണ് അണിയറയിൽ.




# 'ലൗ ആൻഡ് യു' ചിത്രീകരണം പൂർത്തിയായി

പുതുമുഖങ്ങളായ ജോൺ ജോയ്, അനന്യ നായർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി പ്രശസ്ത സംഗീത സംവിധായകൻ അലക്സ് പോളിന്റെ മകൾ അശ്വതി അലക്സ് ആദ്യമായ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ലൗ ആൻഡ് യു'. ചിത്രീകരണം പൂർത്തിയായ ദിവസം എറണാകുളം അസീസിയ കൺവൻഷൻ സെന്ററിൽ നടന്ന പാക്കപ്പ് പാർട്ടി ചടങ്ങിൽ ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ, ഫസ്റ്റ് ലുക്ക് പോസ്റ്റർ, ഓഡിയോ ലോഞ്ച് പ്രകാശന കർമവും നടന്നു.

അസീസിയ കൺവൻഷൻ സെന്റർ ചെയർമാൻ പി.എൻ. അബ്ദുൾ അസീസ് ടൈറ്റിൽ പോസ്റ്റർ പ്രകാശനവും പിആർഒ എ.എസ്. ദിനേശ് ഫസ്റ്റ്ലുക്ക് പോസ്റ്റർ പ്രകാശനവും നടൻ ബാലു വർഗീസ് ഓഡിയോ ലോഞ്ച് കർമവും നിർവഹിച്ചു. ആർച്ച, അയന ആന്റണി, ജിജോ ജോർജ്, ശിവാഞ്ജന, സുമേഷ് ഭാസ്കർ, അഭിരാമി അശോക് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. അലക്സ് പോൾ ക്രിയേഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഉല്ലാസ് റെഡ്ബി നിർവഹിക്കുന്നു. ഏഴ് മനോഹര ഗാനങ്ങളുള്ള ഈ ചിത്രത്തിലെ സംഗീത സംവിധാനം അലക്സ് പോൾ നിർവഹിക്കുന്നു.

ഒരു യാത്രയും അതിൽ ഒപ്പമുള്ളവരുടെ പ്രണയവും സൗഹൃദവും സമന്വയിപ്പിക്കുന്ന ഒരു ഫീൽ ഗുഡ് മ്യൂസിക്കൽ ഫാമിലി ചിത്രമാണ് 'ലൗ ആൻഡ് യു'. സംവിധായിക അശ്വതി അലക്സ് പറഞ്ഞു. മേഘാലയ, തഞ്ചാവൂർ, തെങ്കാശി, കൊച്ചി, മാള, ഗുഹാട്ടി, ഉടുപ്പി, കോട്ടയം, സുന്ദരപാണ്ഡ്യപുരം എന്നിവിടങ്ങളിലായി 'ലൗ ആൻഡ് യു' ചിത്രീകരണം പൂർത്തിയാക്കി.

# 'ദിശാന്തരം' ചിത്രീകരണം തുടങ്ങുന്നു

കഥ, തിരക്കഥ, സംവിധാനം, ഗാനരചന, അഭിനയം, നിർമാണം തുടങ്ങി സിനിമയുടെ വിവിധ മേഖലകൾ ഒറ്റയ്ക്കു കൈകാര്യം ചെയ്ത് സോഫിയ തരകൻ കെപിഎസി ഒരുക്കുന്ന പുതിയ മലയാള ചിത്രം 'ദിശാന്തരം' കൊൽക്കത്തയിലും കേരളത്തിലുമായി ചിത്രീകരണം തുടങ്ങുന്നു. കെപിഎസിയിലെ കലാകാരന്മാരും, ചലച്ചിത്ര, സീരിയൽ രംഗത്തെ പ്രമുഖ താരങ്ങളും ചിത്രത്തിൽ അണിനിരക്കും.

തോപ്പിൽ ഭാസിയുടെ മുടിയനായ പുത്രൻ എന്ന വിഖ്യാത നാടകത്തിൽ ശാരദ എന്ന കഥാപാത്രമായും, കെപിഎസിയുടെ അറുപത്തേഴാമത് നാടകമായ ഉമ്മാച്ചുവിൽ ചിന്നമ്മുവായും കായംകുളം പീപ്പിൾസ് തിയറ്റേഴ്സിന്റെ അങ്ങാടിക്കുരുവിയിൽ വൈഗ ആയും വേഷമിട്ട് ശ്രദ്ധേയയാണ് സോഫിയ തരകൻ. റിയൽ ആർട്ടിസ്റ്റ് മൂവി അസോസിയേഷൻ, അഹാന ഫിലിംസ് എന്നീ ബാനറുകളിലാണ് ചിത്രത്തിന്റെ നിർമാണം. കാമറ-അനിൽ ഗോപിനാഥ്, ഗാനരചന-സുജാത ഫ്രാൻസിസ് കട്ടപ്പന, സോഫിയ തരകൻ തുടങ്ങിയവർ അണിയറയിൽ പ്രവർത്തിക്കുന്നു.



# തീരദേശ കപ്പൽ ഗതാഗതം കേരളത്തിന് ഏറെ പ്രയോജനകരമെന്ന് ശ്യാം ജഗന്നാഥൻ

കോഴിക്കോട്: തീരദേശ കപ്പൽ ഗതാഗതം കേരളത്തിനു വളരെയധികം പ്രയോജനം ചെയ്യുന്ന പദ്ധതിയാണെന്ന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ് ശ്യാം ജഗന്നാഥൻ. തീരദേശം വഴി ചരക്കു കടത്തുന്നതിനുള്ള പ്രത്യേക പദ്ധതിക്കു ബജറ്റിൽ നിർദേശമുണ്ടാകുമെന്നാണു കരുതുന്നത്. കേരളത്തിലെ പല ചെറിയ തുറമുഖങ്ങൾക്കും ആഴക്കുറവ് പ്രശ്നമാണ്.

മദർഷിപ്പിൽ വിഴിഞ്ഞത്തെത്തിക്കുന്ന കണ്ടെയ്നറുകളിൽ ചെറിയ തുറമുഖങ്ങളിലേക്കു മാറ്റുന്ന പദ്ധതി പരിഗണിക്കാവുന്നതാണ്. വ്യത്യസ്ത ചരക്കുകൾക്കനുസരിച്ചു ചെറിയ തുറമുഖങ്ങൾ വികസിപ്പിക്കുന്നതും പരിഗണിക്കാം. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിൽ ഏർപ്പെടുത്തേണ്ടവ നയപരമായ കാര്യങ്ങളാണ്. ട്രാൻസ്ഷിപ്മെന്റിനു പുറമേ ഇവിടെ, കയറ്റിറക്കുമതിക്കും നല്ല സാധ്യതയുണ്ട്.

കൊച്ചി തീരത്തു മുങ്ങിയ എംഎസ്സി എൽസ 3 ചരക്കു കപ്പൽ അവിടെ നിന്നു നീക്കം ചെയ്യുന്നതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ലെന്നു ശ്യാം ജഗന്നാഥൻ പറഞ്ഞു. 'ഇക്കാര്യം വിശദമായി പഠിച്ചിരുന്നു. കപ്പലും കണ്ടെയ്നറുകളും നീക്കം ചെയ്യണമെന്നുതന്നെയാണ് കപ്പൽ കമ്പനിയോടും രക്ഷാ ദൗത്യമേറ്റെടുത്ത ഏജൻസിയോടും നിർദേശിച്ചിരിക്കുന്നത്. രാജ്യാന്തര കപ്പൽ ചാലിൽനിന്നു മാറിയാണു കപ്പൽ കിടക്കുന്നതെന്നതിനാൽ മറ്റു കപ്പലുകൾക്കു ഭീഷണിയില്ല. കപ്പലിലുണ്ടായിരുന്ന 363 ടൺ എണ്ണ പൂർണമായും നീക്കം ചെയ്തിട്ടുണ്ട്. കാൽസ്യം കാർബൈഡാണു ബാക്കി 13 കണ്ടെയ്നറുകളിലുള്ളത്. പരിസ്ഥിതിക്കു ഭീഷണിയുയർത്തുന്ന അടിയന്തര സാഹചര്യമില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ട്. മാത്രമല്ല, കപ്പൽ അവിടെത്തന്നെയുണ്ടാകുന്നതു കേസിലെ തെളിവാണു താനും' ശ്യാം ജഗന്നാഥൻ പറഞ്ഞു.

കപ്പൽ എങ്ങനെയാണ് അപകടത്തിൽപെട്ടതെന്നതിനെപ്പറ്റി അന്വേഷണം നടക്കുന്നുണ്ട്. മുങ്ങുന്നതിനു മുൻപ് കപ്പൽ ചെരിഞ്ഞിരുന്നു. കണ്ടെയ്നറുകൾ അടുക്കിവെക്കുന്നതിലെ പിഴവാണോ വാൽവിലെ തകരാറാണോ കാരണമെന്നു വ്യക്തമായിട്ടില്ല. ഈ കപ്പലിൽനിന്നു കടലിൽ വീണ പ്ലാസ്റ്റിക് തരികൾ വീണ്ടെടുക്കാൻ കേരളം മികച്ച പ്രവർത്തനമാണു നടത്തിയത്.

പ്ലാസ്റ്റിക് തരികളുൾപ്പെടെ പരിസ്ഥിതിക്ക് അപകടമുണ്ടാക്കുന്ന ഏതു ചരക്കും രാസവസ്തുക്കളുടെ അതേ സുരക്ഷാ നിലവാരത്തിൽ കടത്താനുള്ള മാനദണ്ഡങ്ങൾ നിയമംമൂലം നടപ്പാക്കുമെന്നും ശ്യാം ജഗന്നാഥൻ പറഞ്ഞു.

## നീറ്റ് ചോദ്യപേപ്പർ ചോർച്ച: കേരളത്തിലേക്കും അന്വേഷണം

തിരുവനന്തപുരം: നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ അന്വേഷണം കേരളത്തിലേക്കും. കേരളത്തിലുള്ള ചില വാട്സാപ്പ് ഗ്രൂപ്പുകളിൽ ചോദ്യപേപ്പർ പ്രചരിച്ചിരുന്നുവെന്ന ആരോപണങ്ങളിലാണ് അന്വേഷണം നടക്കുന്നത്.രാജസ്ഥാൻ പോലീസിന്റെ പ്രത്യേക സംഘം കേരള പോലീസിന്റെ സഹായത്തോടെയാണ് അന്വേഷിക്കുന്നത്.

2026 മെയ് മൂന്നിനാണ് നീറ്റ് പരീക്ഷ നടന്നത്. എന്നാൽ, പരീക്ഷ നടക്കുന്നതിന് മുൻപ്തന്നെ ചോദ്യപേപ്പർ ചോർന്നിട്ടുണ്ടെന്നാണ് ആരോപണം. രാജസ്ഥാനിലെ സിക്കറിലെ ഒരു കോച്ചിങ് സെന്റർ കേന്ദ്രീകരിച്ചാണ് തട്ടിപ്പ് നടന്നതെന്നും ആരോപണം ഉയർന്നിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് അന്വേഷണം നടക്കുന്നത്. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻടിഎ) പറയുന്നത്.

അന്വേഷണത്തിനായി രാജസ്ഥാനിൽ സ്പെഷൽ ഓപ്പറേഷൻ ഗ്രൂപ്പിന് രൂപം നല്കിയിരുന്നു. 700 മാർക്കിന്റെ ചോദ്യപേപ്പറിൽ 100 മാർക്കിന്റെ ചോദ്യങ്ങൾ അടങ്ങിയ അവസാന പേജാണ് ചോർന്നിട്ടുള്ളതെന്നാണ് വിവരം. ഒരു കോച്ചിങ് സ്ഥാപനം 400 ചോദ്യോത്തരങ്ങൾ തയ്യാറാക്കിയിരുന്നു. ഈ 400 ചോദ്യങ്ങളിൽ 100 എണ്ണം അതുപോലെ കൃത്യമായി വന്നുവെന്നും ആരോപണങ്ങളുയർന്നിട്ടുണ്ട്.

കേരളത്തിൽ കോച്ചിങ്ങുമായി ബന്ധപ്പെട്ടുള്ള ചില വാട്സാപ്പ് ഗ്രൂപ്പുകളിൽ ചോദ്യപേപ്പർ പ്രചരിച്ചിട്ടുണ്ടെന്നും പരാതിക്കാർ പറയുന്നു. അതിന്റെ ഭാഗമായാണ് കേരളത്തിലും അന്വേഷണം നടക്കുന്നത്. കേരളാ പോലീസുമായി സഹകരിച്ചാണ് അന്വേഷണമെന്ന് രാജസ്ഥാൻ പോലീസ് അറിയിച്ചിട്ടുണ്ട്. രാജസ്ഥാനും കേരളത്തിനും പുറമെ മുംബൈയിലും ചോദ്യങ്ങൾ ചോർന്നതായി ആരോപണങ്ങളുണ്ട്.

## ഡേറ്റ വിൽക്കാനും വാങ്ങാനും പുതിയ പ്ലാറ്റ്ഫോമിന് സർക്കാർ അനുമതി നൽകി

തിരുവനന്തപുരം: പൊതുപണം ഉപയോഗിച്ചു സൃഷ്ടിക്കുന്ന സർക്കാർ ഡേറ്റ പങ്കുവെക്കാനും കൈകാര്യം ചെയ്യാനും വിൽപനയിലൂടെ വരുമാനം കണ്ടെത്താനും ലക്ഷ്യമിടുന്ന സംസ്ഥാന ഡേറ്റ നയത്തിന്റെ കരട് സർക്കാർ പുറത്തിറക്കി. മെച്ചപ്പെട്ട ഭരണം, ദുരന്ത നിവാരണം, നയരൂപീകരണം, ഗവേഷണം, സ്റ്റാർട്ടപ് രംഗത്തെ മുന്നേറ്റം എന്നിവയ്ക്കു സഹായകമാകുന്ന വിധം ഏകീകൃത സംവിധാനത്തിലൂടെ സർക്കാർ ഡേറ്റ കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതിയിൽ, ഡേറ്റ വിൽപന സംബന്ധിച്ച നീക്കം സ്വകാര്യ വിവരങ്ങളുടെ ചോർച്ചയ്ക്കു കാരണമാകുമെന്ന ആശങ്കയും ഉയരുന്നുണ്ട്.

എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ഡേറ്റ ശേഖരിക്കാനും തരംതിരിക്കാനും സുരക്ഷിതമായി പങ്കുവെക്കാനും 'സ്റ്റേറ്റ് ഡേറ്റ എക്സ്ചേഞ്ച് പ്ലാറ്റ്ഫോം' രൂപീകരണം കരടുനയം നിർദേശിക്കുന്നു. വിവിധ വകുപ്പുകളിലായി ചിതറിക്കിടക്കുന്ന ഡേറ്റ കേന്ദ്രീകൃത പ്ലാറ്റ്ഫോമിലൂടെ ലഭിക്കുന്നതു പല സാഹചര്യങ്ങളിലും സൗകര്യമാകും. ഉദാഹരണത്തിന് അടിയന്തര സാഹചര്യങ്ങളിൽ ദുരന്തനിവാരണ അതോറിറ്റിക്ക് ഭൂമി സംബന്ധമായ രേഖകളും കാലാവസ്ഥാ മുന്നറിയിപ്പുകളും ജനസംഖ്യാ വിവരങ്ങളും വേഗത്തിൽ ലഭ്യമാകും. വ്യക്തി വിവരങ്ങൾ നീക്കം ചെയ്ത ചില ഇന്റേണൽ ഡേറ്റാസെറ്റുകൾ വ്യവസായങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കു ഫീസ് ഈടാക്കി വിൽക്കാമെന്നും കരടുനയം നിർദേശിക്കുന്നു. സർക്കാർ വകുപ്പുകളിൽനിന്ന് ഫീസ് ഈടാക്കാൻ പാടില്ല. ലാഭമല്ല, ഡേറ്റ ശേഖരണത്തിനും മാനേജ്മെന്റിനും ചെലവാകുന്ന തുക തിരിച്ചുപിടിക്കാനാണ് ഇതെന്നാണു വിശദീകരണം.

## ഖാദർ അത്തിയ കൊച്ചി മുസിരിസ് ബിനാലെ ക്യൂറേറ്റർ

കൊച്ചി: പ്രശസ്ത കലാകാരനും അന്താരാഷ്ട്ര ക്യൂറേറ്ററുമായ ഖാദർ അത്തിയയെ കൊച്ചി-മുസിരിസ് ബിനാലെ ഏഴാം പതിപ്പിന്റെ ക്യൂറേറ്ററായി പ്രഖ്യാപിച്ചു. വെനീസിൽ നടന്ന ചടങ്ങിൽ കൊച്ചി-മുസിരിസ് ബിനാലെ പ്രസിഡണ്ട് ജിതീഷ് കല്ലാട്ടാണ് പ്രഖ്യാപനം നടത്തിയത്. ജിതീഷ് കല്ലാട്ട് അദ്ധ്യക്ഷനായ സമിതിയാണ് അത്തിയയെ തെരഞ്ഞെടുത്തത്. ശിൽപ ഗുപ്ത, അമൃത ഝാവേരി, പൂജ സൂദ്, തസ്നീം സക്കറിയ മേത്ത, മറിയം റാം റിർക്രിത് തിരവനിജ എന്നിവരായിരുന്നു സമിതിയിലെ മറ്റ് അംഗങ്ങൾ. ബിനാലെയുടെ ഏഴാംപതിപ്പ് 2027 ഡിസംബർ 12-ന് ആരംഭിക്കും. 1970-ൽ ഫ്രാൻസിലെ ഡഗ്നിയിൽ ജനിച്ച ഖാദർ അത്തിയ ഹാംബർഗ് യൂണിവേഴ്സിറ്റി ഓഫ് ഫൈൻ ആർട്സിലെ പ്രഫസറാണ്. ചരിത്രം, ഓർമ തുടങ്ങിയ വിഷയങ്ങളിലെ അദ്ദേഹത്തിന്റെ കലാപ്രവർത്തനങ്ങൾ ആഗോളതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്.

## വിജയ് അധികാരമേറ്റു

(3-ാം പേജിൽനിന്നും)

ഇതുസംബന്ധിച്ച് ജനങ്ങൾക്കു മുന്നിൽ ധവളപത്രം പുറപ്പെടുവിക്കുന്നതിനാണ് തന്റെ ആദ്യപരിഗണന. ഭരണപരിഷ്കാരത്തിനും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനും ജനങ്ങൾ തനിക്കു സാവകാശം അനുവദിക്കണം. സ്ത്രീസുരക്ഷ കർശനമായി നടപ്പാക്കും. മയക്കുമരുന്ന് ഭീഷണിക്കെതിരായ നടപടികൾ ആരംഭിച്ചു. ന്യൂനപക്ഷ സഹോദരങ്ങൾക്കൊപ്പമാണ് ടി.വി.കെ സർക്കാർ. വിജയ്യുടെ ഈ മുഖം ഹിന്ദുവിന്റെയും മുസ്ലിമിന്റെയും ക്രിസ്ത്യാനിയുടെയും മുഖമാണ് - മുഖ്യമന്ത്രി പറഞ്ഞു.

കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധിയുടെ സാന്നിധ്യം ചടങ്ങിൽ ശ്രദ്ധേയമായി. സഖ്യകക്ഷികളായ കോൺഗ്രസ്, സിപിഎം, സിപിഐ ഉൾപ്പെടെയുള്ള പാർട്ടികളിലെ നേതാക്കളും വിജയിന്റെ മാതാപിതാക്കളായ എസ്. ചന്ദ്രശേഖർ, ശോഭ, നടി തൃഷ, ബന്ധുക്കൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. വിജയ് അധികാരമേറ്റതിനു പിന്നാലെ, പ്രതിപക്ഷ നേതാവായി ഡിഎംകെ നേതാവ് ഉദയനിധി സ്റ്റാലിൻ തെരഞ്ഞെടുക്കപ്പെട്ടു.

## അനിശ്ചിതത്വം തുടരുന്നു

(3-ാം പേജിൽനിന്നും)

വിഷമവൃത്തത്തിലാണ് കോൺഗ്രസ്. ഹൈക്കമാൻഡും കടുത്ത ആശയക്കുഴപ്പത്തിലാണ്. അതേസമയം മുഖ്യമന്ത്രിയെ പ്രഖ്യാപിക്കുന്ന കാര്യത്തിൽ ഇതേവരെ സോണിയ ഗാന്ധി ഇടപെട്ടിട്ടില്ല. കേരളത്തിലെ മുഖ്യമന്ത്രിയെ തീരുമാനിക്കുന്നത് സോണിയ ഗാന്ധിയുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം മാത്രമായിരിക്കുമെന്ന് രാഹുൽ ഗാന്ധി അറിയിച്ചിരുന്നു. എംഎൽഎമാരുടെ സംഖ്യയെക്കുറിച്ചുള്ള റിപ്പോർട്ടുകളോട് ഇതുവരെയും എഐസിസി പ്രതികരിച്ചിട്ടില്ല. റിപ്പോർട്ടുകൾ പ്രചാരണം മാത്രമാണെന്നും പാർട്ടി വൃത്തങ്ങൾ വി.ഡി. സതീശന് മുൻതൂക്കം എന്ന തരത്തിലുള്ള ചില റിപ്പോർട്ടുകളും വന്നിരുന്നു. കേരളത്തിൽ അന്തരീക്ഷം തണുത്ത ശേഷം മാത്രം പ്രഖ്യാപനം നടത്താമെന്ന തീരുമാനത്തിലാണ് ഹൈക്കമാൻഡ്.

## ദേശീയ ഐക്യത്തിന് മാതൃകയായി മൂന്ന് മലയാളി വനിതകൾ

ന്യൂഡൽഹി: കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ദേശീയ ഫ്ളോറൻസ് നൈറ്റിങ്ഗേൽ പുരസ്കാരത്തിനു മൂന്ന് മലയാളി നേഴ്സുമാർ ഉൾപ്പെടെ 15 പേർ അർഹരായി. മെയ് 12-ന് രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുരസ്കാരം സമ്മാനിക്കും. ഡൽഹി മിലിറ്ററി നേഴ്സിങ് സർവീസിൽ അഡീഷണൽ ഡയറക്ടർ ജനറലായ ചങ്ങനാശേരി സ്വദേശി മേജർ ജനറൽ പി.വി. ലിസമ്മ, ഭാദ്രനഗർ ഹവേലി ദാമൻ ദിയുവിലെ നമോ ഹോസ്പിറ്റലിൽ അസിസ്റ്റന്റ് നേഴ്സിങ് സുപ്രണ്ടായ കോതമംഗലം പുയംകുട്ടി സ്വദേശി ദീപ ബിജു, തിരുവനന്തപുരം പാങ്ങാപ്പാറ ഐഎസ്എച്ച്സിയിലെ സീനിയർ നേഴ്സിങ് ഓഫീസർ വി.എസ്. മഞ്ജുമോൾ എന്നിവരാണു പുരസ്കാരത്തിന് അർഹരായത്. ഒരു ലക്ഷം രൂപയാണ് അവാർഡ് തുക.

## ലെഫ്. ജനറൽ രാജ സുബ്രമണി സിഡിഎസ്; കൃഷ്ണ സ്വാമിനാഥൻ നാവിക സേനാ മേധാവി

ന്യൂഡൽഹി: കരസേനാ മുൻ ഉപമേധാവിയും നിലവിൽ ദേശീയ സുരക്ഷാ കൗൺസിൽ മിലിറ്ററി ഉപദേഷ്ടാവുമായ ലെഫ്. ജനറൽ എൻ.എസ്. രാജ സുബ്രമണിയെ പുതിയ സംയുക്ത സേനാമേധാവിയായി കേന്ദ്ര സർക്കാർ നിയമിച്ചു. സൈനിക കാര്യ മന്ത്രാലയ സെക്രട്ടറിയുടെ ചുമതലയും അദ്ദേഹത്തിനുണ്ടാകും.

നിലവിലെ സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ ഈ മാസം 30-ന് വിരമിക്കുന്ന ഒഴിവിലേക്കാണ് രാജ സുബ്രമണിയുടെ നിയമനം.

2024 ജൂലായ് ഒന്നിന് കരസേനാ ഉപമേധാവിയാകുന്നതിന് തൊട്ടുമുൻപുവരെ സെൻട്രൽ കമാൻഡിന്റെ ജനറൽ ഓഫീസർ കമാൻഡിങ് ഇൻ ചീഫ് ആയിരുന്നു.

നാവികസേനാ മേധാവിയായി വൈസ് അഡ്മിറൽ കൃഷ്ണ സ്വാമിനാഥനെയും നിയമിച്ചു. നിലവിലെ സേനാമേധാവി അഡ്മിറൽ ദിനേശ് കുമാർ ത്രിപാഠി ഈ മാസം 31-ന് വിരമിക്കുന്ന ഒഴിവിലേക്കാണ് നിയമനം. കഴിഞ്ഞവർഷം ജൂലായ് 31 മുതൽ പശ്ചിമ നേവൽ കമാൻഡിന്റെ 34-ാമത് ഫ്ളാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫാണ് കൃഷ്ണ സ്വാമിനാഥൻ.

ലെഫ്. ജനറൽ എൻ.എസ്. രാജ സുബ്രമണിയും വൈസ് അഡ്മിറൽ കൃഷ്ണ സ്വാമിനാഥനും തമിഴ്നാട് സ്വദേശികളാണ്.

## കെപിസിസി

(3-ാം പേജിൽനിന്നും)

നിലവിലെ അദ്ധ്യക്ഷൻ മന്ത്രിസഭയിലേക്ക് മാറുകയാണെങ്കിൽ പദവി ഒഴിവ് വരുമെന്ന കണക്കുകൂട്ടലിലാണ് നേതാക്കളുടെ നീക്കം.

മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിനും മന്ത്രിസഭാ രൂപീകരണത്തിനും ശേഷമായിരിക്കും കെപിസിസി അദ്ധ്യക്ഷന്റെ കാര്യത്തിൽ തീരുമാനമെടുക്കുക എന്ന നിലപാടിലാണ് എഐസിസി നേതൃത്വം. അതിനാൽത്തന്നെ ഈ വിഷയത്തിൽ ഇപ്പോൾ പ്രതികരിക്കാൻ ഹൈക്കമാൻഡ് തയ്യാറായിട്ടില്ല.

സംസ്ഥാനത്ത് ഭരണകൂടം നിലവിൽ വരുന്നതിനു മുൻപേതന്നെ പാർട്ടി അദ്ധ്യക്ഷസ്ഥാനത്തിനായി ഗ്രൂപ്പുകൾക്കും നേതാക്കൾക്കുമിടയിൽ വടംവലി ആരംഭിച്ചിരിക്കുകയാണ്.

## പശ്ചിമേഷ്യയിലെ സംഘർഷം

(3-ാം പേജിൽനിന്നും)

കോവിഡ് കാലത്ത് നാം ഇവയൊക്കെ പരിചയിച്ചതാണ്. പെട്രോൾ-ഡീസൽ വില വലിയരീതിയിൽ ഉയരുകയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ വിദേശനാണ്യം സംരക്ഷിക്കുകയെന്നത് എല്ലാവരുടെയും ഉത്തരവാദിത്വമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ജനങ്ങൾ സാധിക്കുമെങ്കിൽ ഇന്ധന ഉപയോഗം കുറയ്ക്കാനും നഗരങ്ങളിലെ ജനങ്ങൾ മെട്രോ ട്രെയിനുകൾ പോലുള്ള പൊതുഗതാഗത മാർഗങ്ങൾ ഉപയോഗിക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

വിവാഹങ്ങൾക്കും അവധിക്കാല യാത്രകൾക്കുമായി വിദേശത്തേക്കു പോകുന്ന സംസ്കാരം വളർന്നുവരുന്നതായി പ്രധാനമന്ത്രി പറഞ്ഞു. നിലവിലെ പ്രതിസന്ധി ഘട്ടത്തിൽ യാത്രകൾ മാറ്റിവെക്കണമെന്നും മോദി പറഞ്ഞു.

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# B&M
AUTO COLLISION CTR

**Fast & Efficient**
**Quality Repair**
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# വേർപാടിന്റെ
# 35 വർഷം...

**മെയ് 15, 2026**



# ബാബു ചാഴികാടൻ

**1991–ൽ കേരള നിയമസഭയിലേക്ക് നടന്ന
തെരഞ്ഞെടുപ്പിൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിൽ നിന്നും
മത്സരിച്ച ബാബു ചാഴികാടൻ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിൽ
ആകസ്മികമായി നമ്മളിൽ നിന്നും വേർപിരിഞ്ഞിട്ട്
മെയ് 15–ന് 35 വർഷം പൂർത്തിയാകുന്നു.
ബാബു ചാഴികാടന്റെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.**

**ദുഃഖസ്മരണകളോടെ
കുടുംബാംഗങ്ങളും, സുഹൃത്തുക്കളും**

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**